# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ ധനു ൯-ാംനു- തിങ്കളാഴ്ച. | ലക്കം ൧൩.



അഞ്ചു മാസത്തെ യൂറോപ്പു സഞ്ചാരം കഴിഞ്ഞു മടങ്ങിയെത്തിയ മിസ്സ് മേരിയൺഡേവിസിനെ ഹോളിവുഡ്ഡ് സ്വാഗതം ചെയ്യുന്നു. വിവിധവർണ്ണവസ്ത്രങ്ങളാൽ സമലംകൃതരായ വ.ഓം-ൽപരം സ്നേഹിതജനങ്ങളാണു ഈ സന്തോഷാവസരത്തെ കൊണ്ടാടിയതു്. ഇതിൽകവിഞ്ഞ വർണ്ണവൈചിത്ര്യം ഇതിനുമുമ്പെങ്ങും ഹോളിവുഡ്ഡിലെ അംഗങ്ങൾ തങ്ങളുടെ അലങ്കാരങ്ങളിൽ വരുത്തിയിരുന്നില്ലത്രേ. അതിഥികളെല്ലാം 'ടൈറോലിയൻ' സമ്പ്രദായത്തിലാണ് വസ്ത്രധാരണം ചെയ്തിരുന്നതു. ചിത്രത്തിൽ കാണപ്പെടുന്നതു മിസ്സ് മേരിയൺ ഡേവിസ്, നേർമാ ഷെയറർ എന്നിവരാണ്. സാൻറാമോണിക്കാ സമുദ്രതീരത്തുള്ള മിസ്സ് ഡേവിസ്സിൻെറ ഭവനത്തിലാണ് അതിഥികൾ സമ്മേളിച്ചതു്.

U. P S.

THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
MANNARCHAT
R-86

# ഇന്ത്യൻ റിസേർവ് ബാങ്ക്.

കെ. സി. ഫിലിപ്പ് എം. എ, ന്യൂഡെൽഹി.

ഇന്ത്യാഗവമ്മെന്റു വളരെ അടുത്തു തന്നെ സ്ഥാപിക്കുവാൻനിശ്ചയിച്ചിരിക്കുന്ന ഇന്ത്യൻറിസേർവ് ബാങ്ക് നൂതനമായ ആലോചനയുടെ ഫലമായി കരുതാൻ ഒട്ടും തന്നെ സാധിക്കുന്നതല്ല. അതിന്റെ ഉത്ഭവം ഏകദേശം 100 സംവത്സരങ്ങൾക്കു മുമ്പുതന്നെ തുടങ്ങിയിരുന്നു. 1836-ാമാണ്ടു ഇപ്രകാരം ഒരു ബാങ്ക് സ്ഥാപിക്കുന്നതിനെപ്പററി ഗവമ്മെന്റ് ആദ്യമായി ചിന്ത തുടങ്ങി. 1859-ാമാണ്ടു ഇന്ത്യാഗവമ്മെന്റിന്റെ ധനകാര്യമന്ത്രി ആയിരുന്ന ജയിംസ് വിൽസൺ ഒരു സെൻട്രൽബാങ്ക് സ്ഥാപിക്കുന്നതിനെപ്പററി ശുപാർശചെയ്തിരുന്നു. പിന്നെയും പലപല അവസരങ്ങളിലും ഇപ്രകാരം ഒരു ബാങ്ക് നടപ്പിൽ വരുത്തുന്ന സംഗതിയിൽ ഗവമ്മെന്റിന്റെ ശ്രദ്ധ ഗാഢമായി പതിഞ്ഞിരുന്നു എങ്കിലും അതുസംബന്ധിച്ചു വിശേഷാൽ യാതൊന്നും ചെയ്തിരുന്നില്ല. റിസേർവ്ബാങ്ക് സ്ഥാപിക്കുന്നതിലേക്കു സാക്ഷാൽ പ്രധാനമായ ഒരു പടി മുഖ്യസംസ്ഥാനങ്ങളിലെ ഗവമ്മെന്റുബാങ്കുകൾ മൂന്നുംകൂടിച്ചേർത്തു ഇപ്പോൾ ഇമ്പീരിയൽബാങ്ക് എന്നറിയപ്പെടുന്ന ബാങ്കിന്റെ സ്ഥാപനമായിരുന്നു. ഇതു 1921-ാമാണ്ടാണു നിർവ്വഹിക്കപ്പെട്ടതു്. എന്നാൽ ഒരു വലിയ ഇന്ത്യൻഗവമ്മെന്റ് ബാങ്കിന്റെ ഏററവും പ്രധാനസംഗതി ആയി ഗണിക്കാവുന്നതായ അന്യരാജ്യങ്ങളിലെ മററു നാണയങ്ങളോടു രൂപായിക്കുള്ള സമനില നിർണ്ണയിക്കുക എന്നുള്ള കാര്യം അപ്പോൾ സാധിക്കുന്നതിന് നിവൃത്തിയുണ്ടായില്ല. ഈ പ്രധാനസംഗതിയെപ്പററി ആലോചിച്ചു ഗവമ്മെന്റിലേക്കു റിപ്പോർട്ടു സമർപ്പിക്കുന്നതിനു 1925-ൽ ഹിൽട്ടൺ കമ്മീഷൻ നിയമിക്കപ്പെട്ടു. ഈ കമ്മീഷന്റെ മുഖ്യശുപാർശകൾ രണ്ടായിരുന്നു. (൧) രൂപായിക്കു 18 പെൻസ് വിലനിശ്ചയിക്കുക. (൨) ഒരു ഇന്ത്യൻറിസേർവ ബാങ്കു സ്ഥാപിക്കുക. ബാങ്ക് സ്ഥാപിക്കുന്നതിന്റെ പ്രധാനഉദ്ദേശ്യം അന്യരാജ്യങ്ങളുമായിട്ടുള്ള പണമിടപാടുകളിൽ രൂപായുടെ വില അപ്രതീക്ഷിതമായിട്ടുള്ളവിധത്തിൽ വ്യത്യാസപ്പെടാതിരിക്കുന്നതിനു കരുതൽ നടപടികൾ നടത്തുക എന്നതായിരുന്നു. ഇതുവരെ ഇപ്രകാരമുള്ള കറൻസി, എക്സ്ചെയിഞ്ച് ഇത്യാദിസംഗതികൾ നിർവ്വഹിച്ചിരുന്നതു ഇമ്പീരിയൽബാങ്കും ഗവമ്മെന്റുംകൂടി ആയിരുന്നു. എന്നാൽ ഇപ്രകാരമുള്ള ദ്വിഭരണസ്ഥിതിഗതികൾ രാജ്യത്തിന്റെ അഭിവൃദ്ധിക്കു് ഏററവും ഹാനികരമായിത്തീരുമെന്നു കമ്മീഷൻ അഭിപ്രായപ്പെട്ടു. ഇങ്ങനെ നൂതനമായ ഒരു സ്ഥാപനം ഇന്ത്യൻറിസേർവ് ബാങ്ക് എന്നുള്ള നാമധേയത്തോടുകൂടി 1926-ാമാണ്ടു ഹിൽട്ടൺകമ്മീഷൻ കാര്യമായി ശുപാർശചെയ്തു.

ഹിൽട്ടൺകമ്മീഷന്റെ അഭിപ്രായം ഗവണ്മെന്റു സ്വീകരിച്ചു പ്രാരംഭമായി 1927-ൽ കറൻസിആക്ട് പാസ്സാക്കി രൂപായുടെ കൈമാററവില (Exchange) 18 പെൻസായി (18 d. Gold) നിശ്ചയിച്ചു; അതിനെത്തുടർന്നു അപ്പോഴത്തെ ഫൈനാൻസ്മെമ്പറായിരുന്ന സർ ബേസ്സിൽ ബ്ലാക്കററു കമ്മീഷന്റെ ശുപാർശകളെ അടിസ്ഥാനപ്പെടുത്തി ഒരു റിസേർവ്ബാങ്ക് ബിൽ സാമ്രാജ്യനിയമസഭയിൽ അവതരിപ്പിച്ചു എന്നാൽ ഈ ബിൽ സെലക്ട്കമ്മററിയിൽ സാരമായ ഭേദഗതികൾക്കു പാത്രീഭവിച്ചു ബാങ്ക് ഓഹരിക്കാരുടെവകയല്ലാതെ ഒരു സ്റ്റേറ്റ്ബാങ്കായ സ്ഥാപിക്കണമെന്നും നിയമസഭാസാമാജികന്മാരെ അതിൽ നായകന്മാരായിരിക്കാൻ അനുവദിക്കണമെന്നും മററുമുള്ള സെലക്ടുകമ്മററിയുടെ നിർദ്ദേശങ്ങൾ ഗവർമ്മെന്റിനു സമ്മതിക്കുവാൻ നിർവ്വാഹമില്ലാതിരുന്നതിനാൽ ബിൽ പിൻവലിക്കപ്പെട്ടു. 1928-ലും ബിൽ പാസ്സാക്കിക്കിട്ടാൻ സർ ബേസ്സിൽ ബ്ലാക്കററിന്റെശ്രമം വിഫലമായി കലാശിച്ചു. സാമ്രാജ്യനിയമസഭയിൽ പിന്നെയും പല അവസരങ്ങളിൽ ടി ബില്ലിനെപ്പററി ചോദിച്ചതിൽ ബാങ്ക് തുടങ്ങുന്നതിനു ആവശ്യമുള്ള സ്വർണ്ണകരുതൽധനത്തിന്റെ അഭാവംമൂലം തല്ക്കാലം നിവൃത്തിയില്ല എന്നു സർ ജോർജ്ജ് ഷൂസ്റ്റർ മറുപടി പറഞ്ഞുപോന്നു. ഇങ്ങനെ റിസേർവ്ബാങ്കിനെപ്പററി മിക്കവാറും മറന്നു എന്നുള്ള നിലയിലെത്തി. എന്നാൽ സമതാസമ്മേളനങ്ങൾ ഇതിനെ പുനരുദ്ധരിച്ചു

വൈററ്പേപ്പറിൽ നിഷ്കർഷിച്ചിരുന്ന പുതിയ ഇന്ത്യാഭരണഘടനപ്രകാരം ഫെഡറൽ മന്ത്രിസഭ രാജഭാരംകൈയ്യേല്ക്കുന്ന അവസരത്തിൽ റിസേർവ്ബാങ്ക് നടപ്പിലായി ഉദ്ദേശിച്ചിരിക്കുന്ന ജോലികൾ ക്രിയായും സമർത്ഥമായും നിർവ്വഹിക്കുന്ന ഒരു നിലയിലെത്തിയിരിക്കണമെന്നാകുന്നു. ആയതിനാൽ ബാങ്ക് സ്ഥാപിക്കുന്നതിനെപ്പററി ഗവർമെന്റ് ഒന്നുകൂടി കാര്യമായി ആലോചന തുടങ്ങി. 1933-സെപ്റ്റംബറിൽ സാമ്രാജ്യനിയമസഭയിലും കൌൺസിൽ ഓഫ് സ്റ്റേററിലും റിസേർവ്ബാങ്ക് ബിൽ ഗവർമെന്റ് അവതരിപ്പിച്ചു. ബിൽ ഒരു ജോയിന്റു സെലക്ട് കമ്മററിക്കു സമർപ്പിച്ചു പിന്നീടു് പാസ്സാക്കികിട്ടുകയും 1934 മാർച്ച് 6-ാംതീയതി വൈസ്രോയിയുടെ അനുമതി ലഭിക്കുകയുംചെയ്തു. ഈ ആക്ടുപ്രകാരം മൂന്നു സംഗതികളാണു് പ്രധാനമായി നടപ്പിലാക്കാൻ നിശ്ചയിച്ചതു് (i) ഇന്ത്യൻറിസേർവ്ബാങ്ക സ്ഥാപിക്കപ്പെടുക. (ii) 1927-ലെ കറൻസിആക്ട് പ്രകാരം രൂപാക്കു് 18 പെൻസ പൊന്നിനോടു വില സങ്കല്പിച്ചിരുന്നതിനെ (18 d. Gold) റദ്ദു ചെയ്യുക. (iii) രൂപാക്കു് 18 പെൻസ് പവൻനോട് (18 d. Sterling) വില കല്പിക്കുക.

ഗവർമെന്റ് കമ്യൂണിക്കിൻപ്രകാരം ബാങ്ക് സ്ഥാപിച്ചു ഡയറക്ടേർസിനെ നിശ്ചയിക്കുക, ഓഹരിവില്പന മുതലായ പ്രവൃത്തികൾ 1935 ആരംഭത്തിൽ തുടങ്ങണമെന്നും 1935 ഏപ്രിൽ 1-ാംതീയതിക്കകം ഗവർമെന്റ് കണക്കുകൾ, ഇഷ്യൂഡിപ്പാർട്ടുമെന്റ് മതലായ ചടങ്ങുകൾ ബാങ്ക് കൈയ്യേററു ജോലി നിർവ്വഹിക്കുന്നതിന് സാധിച്ചിരിക്കണമെന്നുമാണു് വ്യവസ്ഥ. 1935 ജൂൺ -ാംനു-ക്കുശേഷം ഈ ബാങ്ക് മററുള്ള ഷെഡ്യൂൾഡ്ബാങ്കുകളുമായുള്ള ഇടപാടുകൾ ആരംഭിക്കുന്നതാണു് ബാങ്കിന്റെ ആദ്യത്തെ മാനേജിംഗ്ഗവർണ്ണറായിട്ടു് ഇമ്പീരിയൽ ബാങ്കിന്റെ മാനേജിംഗ്ഗവർണ്ണരായിരുന്ന സർ ഓസ്ബോൺസ്മിത്തിനെ നിയമിച്ചിരിക്കുന്നു. രണ്ടു ഡെപ്യൂട്ടി ഗവർണ്ണർ ഉദ്യോഗങ്ങൾക്കു് മിസ്റ്റർ ജെ. ബി. ററെയിലറിനേയും, സേർ സിക്കണ്ടർ ഹായററ്ഖാനേയും നിയമിച്ചിട്ടുണ്ടു്.

ബാങ്ക് ഓഹരിക്കാരുടെവക 5 കോടിരൂപാ മൂലധനമുള്ള ഒന്നാകുന്നു. ഓഹരി ഒന്നിന് 100 രൂപാ വിലയാണു്. ബാങ്കിനെസംബന്ധിച്ച മൂന്നു വിശേഷസംഗതികൾ പ്രസ്താവിപ്പാനുണ്ടു്.

(i) പ്രാദേശിക ഓഹരിവില്പന (Regional distribution of shares). ബാങ്കിന്റെ ഓഹരികൾ ബോംബേ, കൽകത്താ, മദ്രാസ്, ഡെൽഹി, റംഗൂൻ എന്നീ അഞ്ചുപ്രദേശങ്ങളിൽ വില്ക്കപ്പെടും. ഈ അഞ്ചുസ്ഥലങ്ങളിലും അതാതു പ്രദേശത്തിലെ ഓഹരി ഉടമസ്ഥന്മാരുടെ രജിസ്റ്ററുകൾ മാത്രം സൂക്ഷിക്കപ്പെടും അഞ്ചുപ്രദേശങ്ങളിലും താഴെ വിവരിച്ചിരിക്കുന്നപ്രകാരമുള്ള വിലക്കുള്ള ഓഹരികൾമാത്രമേ വില്ക്കപ്പെടുകയുള്ളൂ

| | | |
|---|---|---|
| ബോംബേ | ക | 140,00,000 |
| കൽക്കത്താ | | 145,00,0 0 |
| ഡെൽഹി | | 115,00,000 |
| മദ്രാസ് | | 10,00,000 |
| റംഗൂൺ | | 30,00,000 |
| ആകെ | ക. | 5,00,00,000 |

ഒരു ഓഹരിക്കാരന് ഷെയർ ഒരു രജിസ്റ്ററിൽനിന്നും മറെറാന്നിലേക്കു് മാററാൻ സാധിക്കുമെങ്കിലും, ഒരാൾക്കു ഒന്നിൽ കൂടുതൽ രജിസ്റ്ററിൽ ഓഹരിഉടമസ്ഥനായി ചേരുവാൻ നിവൃത്തിയില്ലാത്തതാകുന്നു.

(ii) ഓഹരനിർദ്ദേശം (Special way of allotment of shares). ഓഹരികൾ അനുപാതമായി ആദ്യം വില്ക്കപ്പെടും എന്നാൽ ഓഹരിഅപേക്ഷകർ ഓരോ രജിസ്റററിനു നിശ്ചയിച്ചിട്ടുള്ള ഓഹരികളിൽ അഞ്ചിലൊന്നിൽ കൂടുതലാണെങ്കിൽ കുറിയിട്ടു് ഓഹരിക്കാരെ തിരഞ്ഞെടുക്കുന്നതാകുന്നു. അപേക്ഷകർ അഞ്ചിലൊന്നിൽ കുറവാണെങ്കിൽ ബാക്കിവരുന്ന ഓഹരികളുടെ പകുതി അഞ്ചിൽ താഴെ ഓഹരികൾക്കു് അപേക്ഷിച്ചിട്ടുള്ളവർക്കു വിതരണംചെയ്യുകയും മററേ പകുതി അഞ്ചിൽ കൂടുതൽ ഓഹരികൾക്കു് അപേക്ഷിച്ചിട്ടുള്ളവർക്കു് ന്യായമായ വിധത്തിൽ വില്ക്കുന്നതുമാകുന്നു.

(iii) ഓഹരിക്കാരുടെ വോട്ടധികാരങ്ങൾ. ഓരോ ഓഹരി ഉടമസ്ഥന്മാക്കും വോട്ടുചെയ്യുന്നതിനുള്ള അർഹത ഏതെങ്കിലും ഒരു റജിസ്റ്ററിൽ മീററിംഗ്ഗ് തുടങ്ങുന്ന ദിവസത്തിനു ആറുമാസത്തിൽ കുറയാതെയുള്ള സമയത്തിനു മുമ്പു തുടങ്ങി തന്റെ പേർ ഉണ്ടായിരിക്കണം എന്നതാണ്. കൂടാതെ അഞ്ചോ അതിലധികമോ ഓഹരികൾ ഉണ്ടായിരിക്കയുംവേണം. ഓരോ അഞ്ചു ഓഹരികൾക്കും ഓരോ വോട്ടുവീതം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ഒരാൾക്കു 10 വോട്ടിൽകൂടുതലിനു അർഹതയില്ല. വോട്ടു പ്രോക്സിമൂലവും ചെയ്യാവുന്നതാകുന്നു.

ബാങ്കിന്റെ പ്രധാന ആപ്പീസുകൾ ബോംബേ, കൽകത്താ, ഡെൽഹി, മദ്രാസ്, റംഗൂൺ, ലണ്ടൻ, ഈ പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ടു. ഇതരസ്ഥലങ്ങളിൽ ഇമ്പീരിയൽ ബാങ്ക് റിസേർവ്ബാങ്കിന്റെ ഏജൻറായിട്ട് ജോലിചെയ്യുന്നതാണ്. എന്നാൽ റിസേവ്ബാങ്കിന്റെ ഇഷ്ടംപോലെ ഇന്ത്യയിലോ പുറത്തോ ശാഖകൾ സ്ഥാപിക്കുന്നതിന് പൂണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ബാങ്കിന്റെ മാനേജുമെൻറ് ഒരു സെൻട്രൽ ബോർഡിൽ സ്ഥിതിചെയ്യുന്നു. അതിലെ സാമാജികന്മാരായി ഒരു ഗവണ്ണർ, രണ്ടു ഡെപ്യൂട്ടി ഗവണ്ണർമാർ, വൈസ്രോയിയാൽ നിയമിക്കപ്പെടുന്ന നാലു ഡയറക്ടർമാർ, ഓഹരിക്കാരാൽ തിരഞ്ഞെടുക്കപ്പെടുന്ന എട്ടു ഡയറക്ടർമാർ, വൈസ്രോയിയാൽ നിയമിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥൻ ഇവരായിരിക്കുന്നതാണ്. ഈ ബോർഡുകൂടാതെ 5 പ്രാദേശികബാങ്കിലും 8 അംഗങ്ങൾവീതമുള്ള ഓരോ പ്രാദേശികബോർഡു ഉണ്ടായിരിക്കുന്നതും ഇവരിൽ 5 അംഗങ്ങളെ ഓഹരിക്കാർ തിരഞ്ഞെടുക്കുന്നതും മൂന്നുപേരെ ഓഹരിഉടമസ്ഥന്മാരിൽനിന്നു സെൻട്രൽ ബോർഡ് നിയമിക്കുന്നതുമാകുന്നു.

ബാങ്ക് ഓഫ് ഇംഗ്ലണ്ടുപോലെ റിസേവ്ബാങ്കിന്റെ ജോലികളും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു (1) സാധാരണ എല്ലാവിധത്തിലുമുള്ള സകല ബാങ്കിടപാടുകളും നടത്തുക; അതായതു് മുഖ്യമായി ഇന്ത്യാസെക്രട്ടറിയുടെയും, ഇന്ത്യാഗവമ്മെൻറിന്റെയും, പ്രാദേശിക ഗവർമ്മെൻറുകളുടെയും ഇന്ത്യാനാട്ടുരാജ്യങ്ങളുടെയുംമററും സകല പണമിടപാടുകളും കൈകാര്യംചെയ്യുക; പ്രോമിസ്സറിനോട്ടുകൾ, ബിൽസു ഓഫ് എക്സ്ചേഞ്ച് (Bills of Exchange) മുതലായവകളിലും ബാങ്ക് ഇടപാടുകൾ നടത്തുന്നതാണ്.

2. കറൻസിനോട്ടുകൾ അച്ചടിക്കുക, (Issue Department) മേൽകാലങ്ങളിൽ ഇന്ത്യയിൽ ആവശ്യമുള്ള കറൻസിനോട്ടുകൾ മുഴുവനും അടിക്കുന്ന ജോലി റിസേർവുബാങ്കു നിർവ്വഹിക്കുന്നതാണ്. ഈ നോട്ടുകൾ പ്രചാരത്തിൽ വരുന്നതിനോടുകൂടി ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന നോട്ടുകൾ പിൻവലിക്കപ്പെടുന്നതാണ്. എന്നാൽ അടിച്ചിറക്കുന്ന നോട്ടുകൾക്കു മുതലായി ഒരു വലിയ കരുതൽധനം ഇഷ്യൂഡിപ്പാർട്ടുമെൻറിൽ സൂക്ഷിച്ചിരിക്കേണ്ടതാകുന്നു. ഈ തുക പൊന്നും നാണയങ്ങളും

ഇതര പണ്ടങ്ങളും ആയിട്ടു ഒരിക്കലും 40 കോടി ക.യിൽ കുറവാകാൻപാടില്ലാത്തതാകുന്നു പൊന്നിന്റെ വില തോലായിക്കു 21 ക. 4 അണ ആയി നിശ്ചയിച്ചിരിക്കുന്നു വെള്ളിക്കുരൂപയുടെ വിലതന്നെ ആയിരിക്കും.

# ബ്രിട്ടന്റെ ഇന്നത്തെ നില.

പി. ദാമോദരൻപിള്ള ബി. എ.

ബ്രിട്ടൻ യുദ്ധത്തിനിറങ്ങിയിട്ടുള്ളപ്പോഴൊക്കെ ഏതുവഴിക്കെങ്കിലും, എന്തുവച്ചാൽ, സത്യമായിട്ടോ, കള്ളമായിട്ടോ, വിജയം കൈവന്നിട്ടുമുണ്ടു്. മിക്കവാറും എല്ലായുദ്ധങ്ങളിലും ബ്രിട്ടൻ വളരെ ഭൂമി കൈവശപ്പെടുത്തുകയാണ് ചെയ്തതു്. ലോകത്തിൽ പല മഹാസാമ്രാജ്യങ്ങളുണ്ടായിട്ടുണ്ടെങ്കിലും ബ്രിട്ടീഷ്സാമ്രാജ്യംപോലൊന്നു ഇതിനുമുൻപു കേട്ടിട്ടില്ല. ഇനിമേലാൽ കേൾക്കുമെന്നു തോന്നുന്നുമില്ല. ബ്രിട്ടീഷ്സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിക്കുന്നില്ലെന്നു പറയുന്നതു വെറും പരമാർത്ഥം മാത്രമാണ്. ആ ചെറിയ ദ്വീപിലെ നിവാസികൾ സമരാങ്കണത്തിലിറങ്ങിയതു ഒരു ശുഭമുഹൂർത്തത്തിലായിരുന്നു ഇന്നുവരെ അവരുടെ നിലയ്ക്കു യാതൊരു കോട്ടവും തട്ടിയിട്ടുമില്ല ഓരോ ദുർഘടസന്ധിയിലും ബ്രിട്ടന്റെ നാശം അത്യാസന്നമെന്നു തോന്നുക പതിവാണ്. പക്ഷെ അവ ഓരോന്നിനേയും പൂർവ്വാധികം ശക്തിയോടെ അവർ എതിരിടുകയും, പിന്നത്തെ നില കൂടുതൽ സുരക്ഷിതമാക്കുകയുമാണു ചെയ്തിട്ടുള്ളതു്. മനുഷ്യൻ ക്ലേശത്തിന്റെ അടിത്തട്ടിലെത്തുന്ന ഘട്ടമൊന്നുമില്ലെന്ന് ഷേക്സ്പിയർ മഹാകവി പറഞ്ഞിട്ടുള്ളതു് പരമാർത്ഥമെങ്കിൽ, അവൻ ഐശ്വര്യത്തിന്റെ മുകൾത്തട്ടിലെത്തുന്ന ഘട്ടവും ഇല്ലെന്നുപറയുന്നതു പരമാർത്ഥമല്ലാതെ മറെറാന്നുമല്ല. ഇംഗ്ലണ്ടിന്റെ ഐശ്വര്യം ഓരോഘട്ടത്തിലെത്തുമ്പോഴും അതിന്റെ പരമാവധിയായെന്ന് മററുള്ളവർ കരുതുന്നു. അപ്പോൾ അതാ വേറൊരു യുദ്ധം വരുന്നു. അതിനുമുൻപു പരമാവധിയെന്നു വിധിക്കപ്പെട്ടിരുന്ന അവരുടെ ഐശ്വര്യം വീണ്ടും ഒരുപടികൂടി ഉയരുന്നു. ഇന്നും, യുദ്ധം അത്യാസന്നമാണു ആ സ്ഥിതിക്കു ഇംഗ്ലണ്ടിന്റെ ഇന്നത്തെ ഐശ്വര്യം ഇനിയും വർദ്ധിക്കാൻ വഴിയുണ്ടോ എന്നു ഒന്നു പരിശോധിക്കുന്നതു അസംഗതമാകയില്ല. അതിനു അവരുടെ ഇന്നത്തെ സാർവ്വരാഷ്ട്രീയനിലയാണു ആദ്യമായി നാം അറിയേണ്ടതു്.

ബ്രിട്ടനു് ലോകംമുഴുവൻ സാമ്രാജ്യമുണ്ടല്ലോ. ലോകത്തിൽ ഇതിനുമുമ്പുണ്ടായിട്ടുള്ള സാമ്രാജ്യങ്ങളൊക്കെ കുറേകാലംകൊണ്ടു നശിക്കുകയാണു ചെയ്തിട്ടുള്ളതു്. ആ സ്ഥിതിക്കു ബ്രിട്ടീഷ്സാമ്രാജ്യവും നശിക്കാൻ കാലമായെന്നാണ് വിചാരിക്കേണ്ടതു്. പക്ഷെ അതു രാഷ്ട്രീയമായി നശിക്കുന്ന ലക്ഷണം കാണുന്നില്ല. മുൻപുള്ള സാമ്രാജ്യങ്ങൾ സ്ഥാപിച്ചിട്ടുള്ളതു് അലക്സാൻഡർ, സീസർ, നെപ്പോളിയൻ, ജെംഘിസ്ഖാൻ, ബേബർ, അക്ബർ എന്നിങ്ങനെയുള്ള യുദ്ധവീരന്മാരാണ്. അവരുടെ കാലശേഷം യുദ്ധവീരന്മാരായ ഭരണാധികാരികൾ ഇല്ലാതെവന്ന സമയത്തു് ആ സാമ്രാജ്യങ്ങൾ നശിച്ചു ബ്രിട്ടന്റെ സാമ്രാജ്യം സ്ഥാപിച്ചതു ഒന്നോ രണ്ടോ യുദ്ധവീരന്മാരല്ല. ആ യുദ്ധവീരന്മാരെ നിയന്ത്രിച്ചിരുന്ന ഇംഗ്ലീഷ് ഭരണരീതിയാണ് അതിനു കാരണം. തന്നിമിത്തം ഇംഗ്ലീഷ്സാമ്രാജ്യം അതിന്റെ നിലനില്പിനു ഒരുവനെയല്ലാ ഒരു ഭരണസമ്പ്രദായത്തെയാണാശ്രയിച്ചിരിക്കുന്നതെന്നു വ്യക്തമാകുന്നു പ്രസ്തുത ഭരണസമ്പ്രദായം നിലനിൽക്കുന്നിടത്തോളം കാലം അവരുടെ സാമ്രാജ്യവും നിലനിൽക്കുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. യുദ്ധവീരന്മാർ സമ്പാദിച്ച സാമ്രാജ്യങ്ങൾ പിൽക്കാലത്തു കേന്ദ്രത്തിൽനിന്നു് നിയന്ത്രിക്കാൻ സാധിക്കാത്തവിധം അത്രവളരെ വിസ്തൃതങ്ങളായിരുന്നു. അതുകൊണ്ടു അവ നശിച്ചു. ഇക്കണക്കിനു ഭൂഗോളവിസ്തൃതമായ ബ്രിട്ടീഷ്സാമ്രാജ്യം എളുപ്പം നശിക്കേണ്ടതല്ലേ, എന്നു ഒരു ചോദ്യമുണ്ടാകാം. ക്യാനഡാ, ആസ്ട്രേലിയാ, തെക്കെ ആഫ്രിക്കാ, ഇന്ത്യാ എന്നിങ്ങനെയുള്ള വിദൂരവും, വിപുലവും ആയ പ്രദേശങ്ങൾ ബ്രിട്ടന്റെ പിടിയിൽനിന്നു വിടാൻ എന്താണു വൈഷമ്യം? ഒന്നുമില്ല പക്ഷെ ഇതിനുമുൻപുള്ള സാമ്രാജ്യസ്ഥാപകന്മാർ ഒരുത്തരും അറിഞ്ഞിട്ടില്ലാത്ത ഒരു സൂത്രമാണ് ഇംഗ്ലീഷുകാർ പ്രയോഗിച്ചിട്ടുള്ളതു്. ബ്രിട്ടീഷ് സാമ്രാജ്യപൊതുസംഘടന എന്നു പറയപ്പെടുന്ന ഒരു വ്യവസ്ഥ ബ്രിട്ടന്റെ രാജ്യതന്ത്രജ്ഞന്മാർ നടപ്പിൽ വരുത്തിയിരിക്കുന്നു. ക്യാനഡാ, ആസ്ട്രേലിയ, തെക്കെ ആഫ്രിക്ക എന്നിവയ്ക്കെല്ലാം ബ്രിട്ടൻ സ്വയംഭരണം നൽകി. ആ സ്ഥലങ്ങളിൽ ഉള്ളവർ അധികവും ബ്രിട്ടീഷുകാരാണുതാനും. ആ സ്ഥിതിക്കു അവക്കു സ്വയംഭരണംകൊടുത്തതുകൊണ്ടു ബ്രിട്ടനു് ഗുണമല്ലാതെ ദോഷമൊന്നും വരാനില്ല കാര്യം വരുമ്പോൾ അവയെല്ലാം ബ്രിട്ടന്റെകൂടെ തോളോടുതോൾ ചേർന്നുനിന്നു പ്രവർത്തിക്കുകയും ചെയ്തുകൊള്ളും. എന്നാൽ ഇവയ്ക്കൊന്നിനും നാവികസൈന്യം ഇല്ലെന്നുകൂടി ഓർക്കേണ്ടതുണ്ടു്. സ്വന്തം നാവികസൈന്യം ഇല്ലാത്തേടത്തോളംകാലം അവ ബ്രിട്ടന്റെ ചൊല്പടിയിൽ നിൽക്കുമെന്നുള്ളതിനെപ്പററി സംശയിക്കേണ്ട ആവശ്യവുമില്ല.

ഒരു യുദ്ധത്തിൽ ഇന്ത്യയെ തോല്പിക്കാൻ ബ്രിട്ടനു ഒരു പ്രയാസവുമില്ലെന്നു പറയേണ്ടതുണ്ടോ? ഇന്ത്യയിൽ ഭയപ്പെടാനുള്ള

ു കാൺഗ്രസ്സിൻെറ ശക്തിമാത്രമാണ്. മിതവാദികൾ എന്നൊരു വർഗ്ഗത്തിനു ഗവൺമെൺടിനെ നേരിടണമെന്നു മോഹമില്ല. കാൺഗ്രസ്സിൻെറനേരേ ഗവൺമെൺടു്, മി. ഗ്രഡില്ലായുടെ ഭാഷയിൽ പറയുകയാണെങ്കിൽ, ഒരു "Rain of Law" (നിയമമാരി) തുടങ്ങി. (ഇംഗ്ലീഷിലെ Reign of Law ഇവിടെ സ്മരണീയമാണ്) ഇതിനിടയിൽ ചില ആംഗലേന്ത്യൻപത്രങ്ങളും ഒട്ടും കുറയുന്നില്ല. ആകപ്പാടെ ഇന്ത്യയിൽ ഗവൺമെൺടിനു ഒരുതരത്തിലും ഒന്നിനെയും ഭയപ്പെടേണ്ടതില്ല.

ശാന്തസമുദ്രത്തിൽ സ്ഥിതി ഇത്രതന്നെ സന്തോഷാവഹമല്ല. അവിടെ അമേരിക്കയും, ജപ്പാനും, അധികാരസ്ഥാപനത്തിനു മുതിരുന്നു. ചൈനയിൽ പാശ്ചാത്യർക്കെല്ലാം എന്തും ചെയ്യാനുള്ള അവകാശം ഉണ്ടെന്നു ജപ്പാനറിയാം. ജപ്പാൻെറ വർദ്ധിച്ചുവരുന്ന ശക്തി അവർക്കു അസഹ്യമാണ്. ബ്രിട്ടൻ ഈ അവസരത്തിൽ സിംഗപ്പോർ നാവികസങ്കേതം നന്നാക്കുകയും, അവിടെ സൈന്യസജ്ജീകരണം ചെയ്കയുംചെയ്യുന്നതു അമേരിക്കയെ ഭയന്നിട്ടല്ല. അഞ്ചുചതുരശ്രമൈൽ വിസ്താരമുള്ള ഒരു ഡാക്ക് ഇരുമ്പുകൊണ്ടു് ഉണ്ടാക്കി ലണ്ടനിൽനിന്നു 6-മാസംകൊണ്ടു് സിംഗപ്പൂരിലെത്തിച്ചിരിക്കുന്നു. ഡച്ചുകാരുടെ ആറേഴ് കപ്പലുകളാണു കൺട്രാക്ടനുസരിച്ചു ഈ ഡാക്ക് സിംഗപ്പൂരിൽ കൊണ്ടുവന്നിട്ടുള്ളതു്. ഈയിടെ സിംഗപ്പൂരിലെ വിമാനസൈന്യങ്ങളും നാവികസൈന്യങ്ങളും മററും രഹസ്യമായി യുദ്ധമുറകൾ അഭ്യസിച്ചുനോക്കിയെന്നും, ആ പ്രദേശത്തു് ചാരവൃത്തി അനുഷ്ഠിച്ചുവന്ന ജപ്പാൻകാരിൽ ഒരുവൻ പോലീസുകാരുടെ മുമ്പിൽ മരിച്ചുവീണെന്നും മററും വായനക്കാർ കേട്ടിരിക്കുമല്ലോ. സിംഗപ്പൂർ നാവികസങ്കേതം ജപ്പാൻെറ നേരെ ഓങ്ങിയിരിക്കുന്ന ഒരു ആയുധമാണ്. അവിടെനിന്നു് ഇംഗ്ലീഷുകാർക്കു് ഇന്ത്യയേയും, ആസ്ത്രേലിയായേയും കാത്തുരക്ഷിക്കാൻ വൈഷമ്യമില്ല. ലണ്ടനിൽ മേരിനാരാജകുമാരിയും, ജാർജ്ജ്‌രാജകുമാരനും തമ്മിൽ നടന്ന വിവാഹത്തിൽ, ഡച്ചുരാജകുടുംബാംഗങ്ങൾക്കു പ്രത്യേകവിരുന്നുംമററും നൽകിയെന്നുള്ളതും, സിംഗപ്പൂർനാവികസങ്കേതത്തിനടുത്തു് ഡച്ചുകാരുടെവക പല ദ്വീപങ്ങളാണ് സ്ഥിതിചെയ്യുന്നതെന്നുള്ളതും പരസ്പരബന്ധമില്ലാത്ത സംഗതികളാണോ, എന്തോ. ലോകത്തിൽ ഇന്നുള്ള മഹാശക്തികളിൽ ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, എന്നിവയിൽ ഒന്നിനോടും ഒരു ദ്വന്ദ്വയുദ്ധത്തിൽ നേരിട്ടുനിന്നു ജയിക്കാൻ ജപ്പാനു സാധിക്കയില്ല. അപ്പോൾ ജപ്പാനിൽനിന്നു് ബ്രിട്ടനു പ്രത്യേകമായിട്ടൊന്നും ഭയപ്പെടാനില്ല എന്നു് സ്പഷ്ടമാകുന്നു.

ബർമ്മാ, ടിബററു, എന്നിവയിൽ ബ്രിട്ടനുള്ളസ്ഥാനംകൂടി സാമാന്യമായി ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നു. ബർമ്മയെ ഇന്ത്യയിൽനിന്നു് വേർതിരിക്കണമെന്നു് ഫെഡറേഷനെപ്പററി ചിന്തയുണ്ടായപ്പോൾമുതൽ ഇംഗ്ലീഷുരാജ്യതന്ത്രജ്ഞന്മാർ കരുതുന്നതാണ്. ബർമ്മയിലെ ചില പ്രതിനിധികളും, മി. സി വൈ ചിന്താമണിയെപ്പോലെയുള്ള ഇന്ത്യാക്കാരും ബർമ്മായെ ഇന്ത്യയിൽനിന്നു വേർപെടുത്തുന്നതിൻെറ ദൂഷ്യങ്ങളെപ്പററി ബർമ്മായ്ക്കു മുന്നറിവു നൽകിയിട്ടുണ്ടു്. പക്ഷെ ഇതൊന്നുകൊണ്ടും ബ്രിട്ടൻ അടങ്ങുകയില്ല. അവർ ബർമ്മായെ വേർപെടുത്തുകതന്നെചെയ്യും. അങ്ങനെ വേർപെടുത്തുമ്പോൾ ആ ഭൂവിഭാഗത്തെ സിംഗപ്പൂർനാവികസങ്കേതത്തിൻെറശക്തിസംഭരണസ്ഥാനമാക്കാവുന്നതാണ്. ഇന്ത്യൻനിയമസഭയിൽ അതേപ്പററി ചോദ്യമുണ്ടാകുന്നതേയല്ല. കൂടാതെ ടിബററിലേക്കുള്ള പ്രവേശനത്തിനു ബർമ്മ വളരെ സഹായകമായിരിക്കും. ചൈനയിലേക്കു സൈന്യങ്ങളെ അയക്കുന്നതിനും ബർമ്മാ ഒരു മൂലസ്ഥാനമായിരിക്കും. ടിബററിൻെറയും പ്രയോജനം ഇതുതന്നെയാണ്. അവിടെ ഈയിടെ കുറെ സൈന്യങ്ങളെ നിറുത്തിയിരിക്കുന്നതിനെപ്പററി പാർലമെൻറിൽ ചോദ്യമുണ്ടായപ്പോൾ ആരുടേയോ അംഗരക്ഷയ്ക്കാണു അതുചെയ്തതെന്നു ഉത്തരം നൽകുകയുണ്ടായി. ആരുടേയും അംഗരക്ഷയ്ക്കല്ല ആ സൈന്യത്തെ അവിടെ നിവേശിപ്പിച്ചിരിക്കുന്നതെന്നു കാണാൻ പ്രയാസമില്ല. യുദ്ധമുണ്ടാകുന്നെങ്കിൽ, ചൈനയുടെ ഒരംശംകൂടി ഇംഗ്ലീഷുകാരുടെ കൈവശമിരിക്കുമെന്നാണ് വിചാരിക്കേണ്ടതു്. ഇപ്പോൾതന്നെ ബർമ്മായുടെ വടക്കുകിഴക്കായികിടക്കുന്ന ഒരുസ്ഥലം ബ്രിട്ടീഷുപട്ടാളങ്ങൾ കൈവശപ്പെടുത്തിയെന്നു കേൾക്കുന്നു. അവിടെ നല്ല ലോഹഖനികളുണ്ടത്രെ.

ബ്രിട്ടനു അമേരിക്കയിലെ യുണൈററഡ് സ്റേററ്സുമായുള്ളബന്ധം ഭീതിയാൽ നിയന്ത്രിക്കപ്പെടുന്നില്ല. ആസ്ത്രേലിയ, ജപ്പാനെ അത്യന്തം ഭയപ്പെടുന്നു. സിംഗപ്പൂർ നാവികസങ്കേതം ആ ഭീതിയെ അകററാനുംകൂടിയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഇംഗ്ലണ്ടിൽ അതിനെപ്പററി എതിരഭിപ്രായമുള്ള ഒരുകക്ഷിയുണ്ടു്. ജപ്പാനുമായി സഖ്യത്തിലേർപ്പെടണമെന്നും ബ്രിട്ടൻെറ ശക്തിയെ സിംഗപ്പൂരിൽ ചെലവഴിച്ചാൽ, സ്വന്തംഗൃഹത്തെ രക്ഷിക്കാൻ ഉള്ള കപ്പലുകളുടെഎണ്ണം കുറയുമെന്നും, അങ്ങനെ ശേഷിക്കുന്ന കപ്പലുകളിൽ പകുതിയും പഴയരീതിയിലുള്ളവയാണെന്നും ജപ്പാനുമായി പിണങ്ങുന്നതു ഒന്നുകൊണ്ടും നല്ലതല്ലെന്നുമാണ് അവരുടെ സിദ്ധാന്തം. നേരെമറിച്ചു അഭിപ്രായപ്പെടുന്ന ഒരുകക്ഷിയും ഇല്ലാതില്ല. ഇംഗ്ലീഷുസംസാരിക്കുന്ന രണ്ടു ജനതകളായ അമേരിക്കരേയും ഇംഗ്ലീഷുകാരെയും തമ്മിൽ പിണക്കാമെന്നു ജപ്പാൻ വിചാരിക്കുന്നതു ഒരു വ്യാമോഹമാണെന്നു ജെ. എൽ. ഗാവിൻ എഴുതുന്നു. ബ്രിട്ടനും അമേരിക്കയുംതമ്മിൽ സന്ധിയിലേർപ്പെടണമെന്നാണു അദ്ദേഹത്തിൻെറഅഭിപ്രായം. ഏതായാലും ഒരുകാര്യം തീർച്ചയാണ്. ബ്രിട്ടൻ അമേരിക്കയെ ഭയമില്ല. ഇത്തവണയും ബ്രിട്ടൻ അമേരിക്കയ്ക്കു കൊടുക്കാനുള്ള കടം നിഷേധിച്ചു. എങ്കിലും അമേരിക്ക യുദ്ധത്തിനു തയാറില്ല. അഥവാ യുദ്ധത്തിനു തയാറാകുകയാണെങ്കിൽ തന്നെയും, ക്യാനഡ, ഒരു ബ്രിട്ടീഷു ഉപരാജ്യമായ രിക്കെ, കുറേനാളത്തേക്കു അമേരിക്കയെ തടഞ്ഞുനിറുത്താൻ സാധിക്കും. അപ്പോഴേക്കു ബ്രിട്ടനു വേണ്ട സജ്ജീകരണങ്ങളോടെ അമേരിക്കയെ എതിരിടാൻ കഴിയുന്നതാണ്. ക്യാനഡായ്ക്കു നാവികസൈന്യം വേണമെന്നു ഈയിടെ ഒരുവാദവും ഉണ്ടായിരിക്കുന്നു. പക്ഷെ അതല്ല ഇപ്പോഴത്തെ അവസ്ഥയെന്നു ഓർക്കേണ്ടതാകുന്നു. ഇന്നുനടക്കുന്ന നാവികസംഭാഷണങ്ങളിൽ അമേരിക്കയോടും ബ്രിട്ടനോടും ഒപ്പമായ ഒരു നൗകാനുപാതം അവർ ജപ്പാനു അനുവദിക്കുന്നില്ല. ഒരുകാര്യം ആലോചിച്ചാൽ അമേരിക്കയ്ക്കു ജപ്പാനേക്കാൾ കൂടുതലായി കപ്പലുകൾ വേണമെന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ലെന്നു കാണാവുന്നതാണ്. ബ്രിട്ടനേപ്പോലെ ഒരു ലോകവ്യാപ്തമായ സാമ്രാജ്യത്തെ അമേരിക്ക രക്ഷിക്കേണ്ടതായിട്ടില്ല. പറയത്തക്ക നാവികസങ്കേതങ്ങൾപോലും അമേരിക്കയ്ക്കു ഇല്ലെന്നുസ്പഷ്ടമാണ് ജപ്പാനു എപ്പോഴും എല്ലായിടത്തും, ശത്രുക്കളെ ഭയപ്പെടാനുണ്ടു് ബ്രിട്ടനെപ്പോലെ ജപ്പാനിൽ ഏതുഭാഗത്തുനിന്നുനോക്കിയാലും ഒന്നോ രണ്ടോ പീരങ്കിപ്പാടുദൂരെമാത്രമാണ് കടൽകിടക്കുന്നതു്. അമേരിക്കയെപ്പോലെ സ്വന്തവിഭവങ്ങൾകൊണ്ടുമാത്രം ജീവിക്കാനുള്ള കെൽപ്പു ജപ്പാനില്ലതാനും. ആ സ്ഥിതിക്കു ജപ്പാനു കപ്പലുകൾ കൂടുതൽ വേണമെന്നുപറയുന്നതിൽ അസംഗതമായി യാതൊന്നുമില്ല. പക്ഷെ ബ്രിട്ടനും അമേരിക്കയുംകൂടിചേർന്നു ജപ്പാനെ അപകടത്തിലാക്കാനാണു തുടങ്ങുന്നതു് എന്നുതോന്നുന്നു. ഈ ഭാഗം ഇതിനുപരികൂടുതൽ വിശദമാകുന്നതാണ്.

യൂറോപ്പിലെസ്ഥിതി എന്താണെന്നു നോക്കുകതന്നെ. സകലയുദ്ധങ്ങളുടേയും ഉൽഭവസ്ഥാനം യൂറോപ്പാണ്. അവിടെ ലിഗ് അഫ് നേഷൻസ് എന്നു പറയപ്പെടുന്ന ഒരു അഖിലരാജ്യസംഘടനയുണ്ടല്ലോ. യുദ്ധം തടയാനുണ്ടാക്കപ്പെട്ട ആ സ്ഥാപനം ഇതുവരെയും പുച്ഛിക്കപ്പെട്ടിരുന്നു. ഒരു യുദ്ധത്തെയും തടയാൻ ഇതുവരെ അതിനു കഴിഞ്ഞിട്ടില്ല. അതിനെ സൃഷ്ടിച്ച അമേരിക്കതന്നെയും അതിൽ ഒരംഗമായിട്ടില്ല. ജർമ്മനി, ജപ്പാൻ, എന്നീശക്തികൾ അതിൽനിന്നു പിന്മാറി. എന്നാൽ ഈയിടെ അതിനേപ്പററി കൂടുതൽ മതിപ്പുണ്ടായിട്ടുണ്ടു് റഷ്യാ അഫ്ഗാനിസ്ഥാൻ മുതലായ രാജ്യങ്ങൾ ലീഗിൽ ഉൾപ്പെട്ടതു്, അതിൻെറ ഒരു വിജയമാണ്. മഹാശക്തികളിൽ മുമ്പനായ ബ്രിട്ടനാണ് അതിൻെറയും ചരടുപിടിക്കുന്നതു്. സർ ജാൺ സൈമൺ ബോൾട്ടണിൽവച്ചുചെയ്ത പ്രസംഗത്തിൽ ഈവസ്തുത സുവ്യക്തമാകുന്നു. മാഴ്സെയിൽസിൽ നടന്ന നിഷ്പ്രയോജനവും, എന്നാൽ ആപൽക്കരവുമായ രാജവധം, മന്ത്രിവധം, എന്നിവ യൂറോപ്പിൻെറയെന്നല്ല, ലോകത്തിൻെറതന്നെയും അസ്ഥിവാരത്തെപ്പോലും ഉലച്ചുകളയുമായിരുന്നു. ഹംഗറിയും, യുഗോസ്ലേവിയായുംതമ്മിലുണ്ടായ തർക്കം അത്രമാത്രം ഭയാനകമായിരുന്നു. അതുപോലെതന്നെ സാർപ്രദേശത്തിൽ പരസ്പരവിരോധികളും, പഴയപക മറന്നിട്ടില്ലാത്തവരുമായ രണ്ടു ശക്തികൾ കൂട്ടിമുട്ടാൻ തയാറായിരുന്നു. അവിടെയും സമാധാനമായി കാര്യംതീരുമാനിച്ചിരിക്കുന്നു. ഇതെല്ലാം ബ്രിട്ടൻെറ വൈഭവത്താൽ ലിഗ് അഫ് നേഷൻസ സാധി

ച്ച മഹാകാര്യങ്ങളാണ്. യൂറോപ്പു സ്ഫോടനസന്നദ്ധമായ ഒരു അഗ്നിപർവ്വതത്തിൻെറ വക്കിൽ സ്ഥിതിചെയ്യുന്നു. ലീഗ് ആ അപായത്തെ ഇല്ലാതാക്കുകയോ, അകററുകയെങ്കിലുമോ ചെയ്തിട്ടുണ്ടെന്നു പറയാവുന്നതാണ്. അതേസമയം മററുചില സംഗതികൾ കൂടി ആലോചിക്കേണ്ടതുണ്ട്. ഇന്നു യൂറോപ്പിൽ ഏതെങ്കിലും ഒരു യുദ്ധമുണ്ടായാൽ സകലയൂറോപ്യൻ ശക്തികളും നശിക്കയും, അവരുടെ പരിഷ്കാരം ഭൂമുഖത്തുനിന്നു അന്തർദ്ധാനംചെയ്യുകയും ചെയ്യുമെന്നു യൂറോപ്യൻ രാജ്യതന്ത്രജ്ഞന്മാർ അറിയുകയും പറയുകയും ചെയ്യുന്നുണ്ട്. അങ്ങനെ വരുന്നതായാൽ ഏഷ്യാക്കാരുടെ പരിഷ്കാരവും, വിശിഷ്യ, ജപ്പാൻെറ സാമ്രാജ്യശക്തിയും ലോകത്തെ അവയുടെ നിഴലിലാക്കിക്കളയുമെന്നു സംശയിക്കേണ്ടതില്ല. ഈ ഒരത്യാഹിതത്തെ ഭയന്നാണു യൂറോപ്പിലെ കഴിഞ്ഞ പ്രശ്നങ്ങൾ രാജ്യതന്ത്രജ്ഞന്മാരെല്ലാംകൂടിചേൎന്ന് തീരുമാനിക്കയും തദ്വാരാ ലീഗ് അതിൻെറ നിലനില്പിനെത്തന്നെ സാധൂകരിക്കയും ചെയ്യാനിടയായതു്. നേരെമറിച്ചു, പെറാഗേയും, ബൊളിവിയായുംതമ്മിൽ തെക്കേ അമേരിക്കയിൽകിടന്നു കടിച്ചുകീറിയിട്ടു ആരും തിരിഞ്ഞുനോക്കുന്നില്ല. ഏഷ്യയിൽ ചൈനയെ ജപ്പാൻ കീന്തിക്കുടച്ചിട്ടു ആരും അതു കണ്ടില്ല. ഇങ്ങനെയുള്ള ലീഗിൻെറ ചെയ്തികളിൽ ബ്രിട്ടൻ ഒന്നാംകിടയിലെ ഉപദേഷ്ടാവാണെന്നു വിചാരിച്ചാൽമതി.

യൂറോപ്പുഖണ്ഡത്തിൽ ബ്രിട്ടൻെറ പ്രാഭവം ഇങ്ങനെ വ്യക്തമാകുന്നു. ഇനി നമുക്കു് ബ്രിട്ടൻെറ അവിടത്തെ താല്പര്യങ്ങളെന്തെന്നുനോക്കാം. മേലാലുള്ളയുദ്ധം വിമാനപ്രധാനമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ലോകത്തിലെ വിമാനശക്തികളിൽ ഏററവും വലിയ ഒരു സ്ഥാനമാണ് ഫ്രാൻസിനുള്ളതു്. കടലിൽ സർവ്വസമ്രാട്ടായ ബ്രിട്ടനും, വായുവിൽ അതേനിലയുള്ള ഫ്രാൻസുംതമ്മിൽ മേലിൽ ശത്രുതയുണ്ടാകാൻ ഇടയില്ല. എന്തെന്നാൽ ഇംഗ്ലീഷുചാനൽകടന്നു ലണ്ടനെ ആക്രമിക്കാനോ, എണ്പതും നൂറും മൈൽ പായുന്ന വെടിതീരുന്ന പീരങ്കികളുടെ സഹായത്തോടെ ഇനിയൊരുകാലത്തു ഫ്രാൻസിൽനിന്നുതന്നെ ഇംഗ്ലണ്ടിനെ ഉപദ്രവിക്കാനോ ഫ്രാൻസിനു സാധിക്കും. ഇംഗ്ലീഷുതീരത്തിൽനിന്നു ഫ്രാൻസിൻെറ തലസ്ഥാനത്തെ അതുപോലെ ഫലപ്രദമായി അപകടപ്പെടുത്താൻ ഇംഗ്ലണ്ടിനു സാധിക്കയില്ല. ഫ്രാൻസിൻെറതീരത്തുതന്നെ ഇംഗ്ലീഷുകപ്പലുകൾ വന്നാലും അതു നടപ്പില്ല. എന്തെന്നാൽ പാരിസുനഗരം അത്രമാത്രം ഉള്ളിലോട്ടുകയറിയാണുകിടക്കുന്നതു്. അതുതന്നെയുമല്ല, ഇംഗ്ലണ്ടിനു മററു യൂറോപ്യൻശക്തികളുടെ വിമാനാക്രമണത്തെഭയപ്പെടാതിരിക്കണമെങ്കിൽതന്നെയും ഫ്രാൻസിൻെറ സഹായം അത്യാവശ്യമാണ്. അതുകൊണ്ടാണു ഇംഗ്ലണ്ടിൻെറ അതിത്തി ഇംഗ്ലീഷുചാനലല്ല, റൈൻനദിയാണെന്നു മി. ബാൾഡ്വിൻ നേരെ അങ്ങു പ്രസംഗിച്ചതു്. ഇങ്ങനെ നോക്കുമ്പോൾ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരുംതമ്മിൽ ഇതിനുമുമ്പിലത്തെപ്പോലെ പല രഹസ്യസന്ധികളിലും ഏർപ്പെട്ടതായും, അവർ ഇരുകൂട്ടരും ഒന്നിച്ചുചേൎന്നുകൊണ്ടു അമേരിക്കയുടെ യുദ്ധക്കടം നിഷേധിച്ചതായുംമററും ഇനിമേലും നാം കേൾക്കാനിടയാകുമെന്നാണു പറയേണ്ടതു്. സ്വൎണ്ണവും വെള്ളിയും ധാരാളം ശേഖരിച്ചിട്ടുള്ളതും, വിമാനബലത്തിലും കരസൈന്യത്തിലും മുന്നിട്ടുനിൽക്കുന്നതുമായ ഫ്രാൻസും, കടൽസൈന്യത്തിൽ മികച്ചുനിൽക്കുന്ന ഇംഗ്ലണ്ടും ഒന്നിച്ചുചേൎന്നാൽ യൂറോപ്പിൽ അവരെ എതിൎക്കാനുള്ള ശക്തികൾ ഉണ്ടെന്നു തോന്നുന്നില്ല. ഫ്രാൻസിനു റഷ്യയുടെ സഹായം എക്കാലത്തുമുണ്ട്. ജർമ്മനിയിൽ ഹിററ്ലർഭരണം ഉണ്ടായതോടുകൂടി ഇററാലിയും അനുകൂലമാണ്. ഇതെല്ലാം ജപ്പാനെ ക്ഷീണമാക്കുമെന്നു പറയേണ്ടതില്ല. ആകെക്കൂടി ഫ്രാൻസിൻെറസഖ്യം ബ്രിട്ടൻെറ നിലയെ അത്യന്തം, എന്നുവച്ചാൽ നാം വിചാരിക്കുന്നതിൽകൂടുതലായി, സുരക്ഷിതമാക്കിത്തീൎക്കുന്നു എന്നേ കരുതേണ്ടതുള്ളു.

എന്തിനധികം, ഈയിടെയെങ്ങും ബ്രിട്ടൻെറ ശക്തിക്കു യാതൊരുതകരാറും വരാനില്ല. അവരുടെ ഭരണഘടന മററുള്ളവൎക്കു അത്ഭുതവും നൈരാശ്യവും ഒരേസമയത്തുളവാക്കുന്നു. ഇത്തരം ഒരു ഭരണവ്യവസ്ഥ അനേകകാലംകൊണ്ടു താനേ ഉണ്ടായതാണ്. അതിനെ അനുകരിക്കാൻ ശ്രമിച്ചിട്ടുള്ള മററുരാജ്യക്കാർക്കു അപജയമാണുണ്ടായിട്ടുള്ളതു്. മാൺടെസ്ക്യൂ എന്ന പ്രസിദ്ധ ഫ്രഞ്ച്ഭരണശാസ്ത്രജ്ഞൻ ഈ അവസ്ഥയെപ്പററി വിലപിക്കുന്നു. നിവൃത്തിയില്ലാത്ത അവസരങ്ങളിൽമാത്രമേ ബ്രിട്ടൻ യുദ്ധത്തിനു പുറപ്പെടുകയുള്ളു. ഏതെങ്കിലും ശക്തി തങ്ങളെ അതിക്രമിക്കുമെന്നു കാണുമ്പോൾ അതിനെ അമച്ചുചെയ്യാൻ ബ്രിട്ടൻ ഒട്ടും മടിച്ചിട്ടില്ല. വലിയ നഷ്ടം കൂടാതെ വളരെ ലാഭമുണ്ടാകുമെന്നു കാണുന്ന ഘട്ടത്തിലും ബ്രിട്ടൻ യുദ്ധത്തിനു തയാറാണ്. ചരിത്രപ്രസിദ്ധമായസപ്തവത്സരാഹവം (Seven Years' War)മുതൽ നോക്കയാൽ ബ്രിട്ടൻ എന്നും ഓരോപടി ഉയരുകയാണു ചെയ്തിട്ടുള്ളതു്. അതുകൊണ്ടു ബ്രിട്ടനുണ്ടായിട്ടുള്ള കടത്തിനു അതിരില്ല. നെപ്പോളിയനുമായുള്ള യുദ്ധംകൊണ്ടുതന്നെ വലിയ ഒരു കടം ബ്രിട്ടനുണ്ടായി. കഴിഞ്ഞ ലോകമഹായുദ്ധത്തിലുണ്ടായ കടം എപ്പോഴും കൊടുത്തുതീൎക്കേണ്ടതായിട്ടുമിരിക്കുന്നു. ഈ സ്ഥിതിയിൽ ബ്രിട്ടൻെറ അധഃപതനം രാഷ്ട്രീയമായിട്ടായിരിക്കയില്ല സാമ്പത്തികമായിട്ടായിരിക്കുമെന്നു ഒരു സിദ്ധാന്തമുണ്ട്. പക്ഷെ രാഷ്ട്രീയമായി അധഃപതിക്കാതെ അത്യന്തശക്തയോടെ നിൽക്കുന്ന ഒരു ശക്തി സാമ്പത്തികമായി അധഃപതിക്കുന്നതു് അത്ര എളുപ്പമല്ല. തുല്യദുഃഖരായ പലരേയും കൂട്ടുപിടിച്ചുകൊണ്ടു കടം തിരിച്ചുകൊടുക്കുകയില്ലെന്നു ശഠിച്ചാൽ സാമ്പത്തികാധഃപതനത്തെ ഭയപ്പെടാനില്ല. ബ്രിട്ടൻെറ ഇന്നത്തെ നില ഇതാണ്. ഇന്ത്യയുടെ അടിമത്തം അതിനെ സഹായിക്കുകയും ചെയ്യുന്നു.

---

1935
12 താം കലണ്ടർ
ഇനാം!
PURE SILK.
2½ വീതി 5 മുഴം ഒന്നാന്തരം
ഗാറൻറിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4.
30-1 35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവൎക്കു
ഡസനു് Rs. 25
പട്ടുജവുളിത്തരങ്ങളുടെ
ക്യാററ്ലാഗ് സൗജന്യം:
ടി. ആർ. ലൂംസ്കമ്പനി,
205 ഈസ്ററുവെളിസ്ററ്റീററു മധുര.
T. R. LOOMS Coy.,
205 East Veli St. MADURA.




ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും ചുരുങ്ങിയനിരക്കിൽ ക്ഷിപ്രസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർവുഡ്, റോയൽ, ഒലിവർ, കൊറോണ, ബ്ലാർലോക്ക്, എംപയർ, എൽ. ഡി. സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമ്മേഴ്സ്യൽകമ്പനി,
1·1 ഉഡ്സ് റോഡ്,
മൌണ്ട്റോഡ് മദ്രാസ്.

സൈൻറിഫിക്ക്
സ്വൎണ്ണാഭരണങ്ങൾ
—*—
(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്"




പുതിയ ക്യാററലാഗ് ഇനാം
The Scientific Gold Bangles Co., Ltd,
Head Office:- 43, Byragimatam Street,
Post Box No. 203. MADRAS

# നർമ്മദാതീരത്തിലെ മദനൻ.

(A Dramatic Monologue.)

(ആതിച്ചനല്ലൂർ എൻ. കേശവപിള്ള ബി. എ. എൽ. റ്റി.)

പ്രേമമെന്നൊരുദിവ്യസാധനംജഗദ്രക്ഷാ-
കാമനാംനിയന്താവിൻ വരതല്ലജംപോലും.
ഭീകരംസംസാരാബ്ധി താണ്ടുവാൻനരന്മാൎക്കു
നൗകയായ്ത്തീരുന്നതിദ്ദിവ്യസാധനംപോലും.
അനുരാഗാപേതമാം ജീവിതംനയിച്ചീടും
മനുജൻനിർഗ്ഗന്ധമാം കുസുമാഭാസംപോലും.
എന്തൊരുമഹാഭോഷ്ക്കാണിത്തരംസങ്കല്പങ്ങൾ
ചിന്തയാമശ്വത്തിന്റെ കൺമറപ്പാഴ്ത്തുണ്ടുകൾ!
പരമാൎത്ഥത്തിൻനഗ്നരൂപത്തെപ്പേടിച്ചോടും
നരസഞ്ചയംതേടും ശരണസ്ഥാനംമാത്രം;
നട്ടുച്ചക്കൊട്ടുംചൂടു ചന്ദ്രികാസങ്കല്പത്താൽ
ഒട്ടൊട്ടുകുറയ്ക്കാമെന്നോൎക്കുന്ന മോഹോന്മാദം.
തിക്തകംകഷായത്തെസ്സേവിപ്പോൻ,പൂന്തേനെന്നു
ശക്തിയായ്ധ്യാനിക്കുന്നു, മാധുൎയ്യലാഭാസക്തൻ.
സങ്കല്പക്കണ്ണോടിച്ചില്ലില്ലാതെ തത്വജ്ഞന്നും
തങ്കരസ്ഥമാംനെല്ലിക്കനിയും കാണ്മാൻമേലാ.
പ്രേമഗായകന്മാരാം സാഹിത്യപുരോഹിത-
സ്തോമത്തിൻഗായത്രിയാം ശ്രുഭ്രകാപട്യംമൂലം,
അല്പസത്വരാമെത്ര യുവതീയുവാക്കന്മാർ
ദൎപ്പകാഗ്നിയിൽചാടിശ്ശലഭങ്ങളായില്ലാ?

*       *       *       *

കാന്താരാന്തരത്തിലും ശാന്തമാമായുശ്ശേഷം
ശാന്തമായ്നയിച്ചീടാൻ സമ്മതിക്കില്ലേ,മൂഢേ,
വിനയച്ഛത്മംകൊണ്ടു ജീവദായകരാകും
ജനനീതാതന്മാരെച്ചതിച്ചു, നീയാദ്യമായ്;
സുജനശ്ലാഘ്യം സാധുമംഗല്യസൂത്രം പരി-
സ്സ്വജനങ്ങളെപ്പാടേ വഞ്ചിച്ചു, ശങ്കാഹീനം;
കന്യകാജനമനോനൈർമ്മല്യവിശ്വാസിയാ-
യന്യകാമിനീചിന്താഹീനനായ്, ധന്യാത്മാവായ്,
ത്വൽപ്രേമസായുജ്യൈകചിത്തനായ്വാണോരെന്നെ
ശ്ലിഷ്ടതുല്യംനിഷ്ഠുരത്തെറിഞ്ഞുനിസ്സങ്കോചം,
സന്തതംസഹധർമ്മമാചരിക്കുവാനേററി-
ട്ടന്തകാലയംചേർത്തു നിർമ്മലൻഭൎത്താവിനെ.
നന്ദനീയമായീടും വനിതാധർമ്മത്തിന്റെ
സുന്ദരാകാരംപോലും വ്രണപ്പെട്ടല്ലോ, ദുഷ്ടേ,
ധർമ്മവിഭ്രമംമൂലം പാപമാചരിച്ചേവം
കർമ്മചണ്ഡാലയായിത്തീൎന്നു നീ കാമാവേശാൽ.
ദുർഭഗേ, നിന്നെപ്പെററ ഭൂവിന്നും മഹാപാപ-
ഗർഭയായ്കേഴുന്നുണ്ടാം;കാതുള്ളോർകേൾക്കുന്നുണ്ടാം.
ആസന്ധ്യസൂവാകുംപ്രേമ മന്ത്രമുച്ചരിച്ചെന്നെ
ബന്ധിപ്പാൻതുടങ്ങേണ്ടാ സാഹസംനീയിക്കാലം.
ഞെട്ടററുപങ്കസ്പർശംപൂണ്ടമാലതിപ്പൂവിൻ
മട്ടത്രേപൂർവ്വസ്ഥാന പ്രാപ്തിക്കിനവാരംഭം.
പാംസുലേ, നിനക്കുംനിൻ ഭർത്താവിൻവെപ്പാട്ടിക്കും
ഇന്നഷദന്തരംപോലും കാണ്മീലധർമ്മാചാരം.
കാണിനേരവുംനിന്റെ സാമീപ്യംനിമിത്തമി-
പ്രാണവായുവെക്കൂടി ദൂഷിപ്പിച്ചീടായ്കനീ
നാരകീയമാംനിന്റെ ഘോരപാപങ്ങൾക്കല്പം
ഭാരലാഘവംനേടാൻ കാംക്ഷയുണ്ടെന്നാലിപ്പോൾ
ഏകാന്തമാകുംവിന്ധ്യകന്ദരേ മരിപ്പോളം
ശോകാന്തംവരാനായിത്തപസ്സാചരിച്ചാലും.

*       *       *       *

ശർമ്മദേ, സമുദ്രൈകലക്ഷ്യയായ്ഗമിച്ചീടും
നർമ്മദേ, വരുന്നുഞാനഭയാൎത്ഥിയായമ്മേ.

---


## അഷ്ടാംഗഹൃദയം.

"അരുണോദയം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്

വ്യാഖ്യാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

മൂലശ്ലോകങ്ങളോടും, അന്വയക്രമത്തിനുള്ള അൎത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാൎത്ഥികൾക്കും വൈദ്യന്മാൎക്കും ഒന്നുപോലെ ഉപയോഗപ്രദമായ രീതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുർഗ്രഹ ഗ്രന്ഥത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. | | ക. | ണ. |
|---|---|---|---|---|---|
| സൂത്രസ്ഥാനം ൧-ാംഭാഗം | 1 | 4 | സൂത്രസ്ഥാനം ൨-ാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 4 | നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 1 | 8 | ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു. | | |

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.



കുഷ്ഠം, പാണ്ഡു മുതലായ
ത്വക്‌രോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചയ്ക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണു്. വിജയം ഗാറന്റി ചെയ്യുന്നു. വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.


---


## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിന്റെ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

ജീവചരിത്രം.

# ഡാക്ടർ ജാൺസൺ.

(കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ ബി. ഏ.)

പതിനെട്ടാംനൂററാണ്ടിലെ ആംഗ്ലേയസാഹിത്യാധിപതിയായിരുന്ന ഡാക്ടർ ജാൺസൺഎന്ന മഹാനെ ഇംഗ്ലീഷ്സാഹിത്യചരിത്രം പഠിക്കുന്ന ഒരുവന് ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കയില്ല. ഇദ്ദേഹം 1709-ാമാണ്ടു സെപ്തംബർ 18-ാംതീയതി ലിച്ച്ഫീൽഡ് എന്ന സ്ഥലത്തു ജനിച്ചു. അവിടത്തെ ഒരു മജിസ്ട്രേട്ടും, ബഹുമാന്യനായ ഒരു പുസ്തകവ്യാപാരിയുമായിരുന്ന മൈക്കേൽജാൺസൺഎന്ന ആളായിരുന്നു ഇദ്ദേഹത്തിന്റെ പിതാവ്. ബാലനായ ജാൺസൺ ആരോഗ്യവാനല്ലായിരുന്നെങ്കിലും, നല്ല പണ്ഡിതനായിരുന്ന പിതാവിന്റെ പ്രത്യേകശ്രദ്ധനിമിത്തം അദ്ദേഹത്തിന്റെ പ്രാഥമികവിദ്യാഭ്യാസം ഭംഗിയായി നടന്നു. വളരെച്ചെറുപ്പത്തിൽതന്നെ, പീററ്റാക്ക്. മക്രോബിയസ്സ് മുതലായ സുപ്രസിദ്ധസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനു അദ്ദേഹം ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നു. ബാല്യത്തിൽസമ്പാദിച്ച ഈ പാരായണശീലംഅദ്ദേഹത്തിന്റെ ജീവാവസാനംവരെ നിലനിൽക്കുകയും ചെയ്തു.

ജാൺസൺ യൗവനത്തിലേക്കു കാലൂന്നിയപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ കുടുംബം ദാരിദ്ര്യബാധിതമായിത്തീൎന്നു. എങ്കിലും ഉദാരശീലനായ ഒരു ധനവാന്റെ സഹായത്തോടുകൂടി അദ്ദേഹം പെംബ്രോക്കു സൎവ്വകലാശാലയിൽ ഉപരിവിദ്യാഭ്യാസത്തിനായി ചെന്നുചേൎന്നു. ഏകദേശം മൂന്നുവൎഷക്കാലത്തോളം അദ്ദേഹം ആക്സ്ഫോർഡിൽ താമസിച്ചു ഈ അവസരത്തിൽ അദ്ദേഹത്തിന്റെ അനന്യസാധാരണമായ ബുദ്ധിശക്തിയും ഫലിതരസദ്യോതകങ്ങളായ പെരുമാററങ്ങളും പലൎക്കും സന്തോഷാവഹമായിത്തോന്നിയിരുന്നു. ധനദൌൎല്ലഭ്യംനിമിത്തം വളരെ ക്ലേശകരമായ ഒരു ജീവിതമാണു അദ്ദേഹമന്നു നയിച്ചതു്. ആത്മാഭിമാനത്തിന്റെ കാതലായിരുന്ന അദ്ദേഹം ആ ദുരവസ്ഥയിലും പരസഹായത്തെ പ്രതീക്ഷിച്ചില്ല, കാംക്ഷിച്ചുമില്ല കീറിപ്പറിഞ്ഞ വസ്ത്രങ്ങളുംധരിച്ചുകൊണ്ടു് അന്നു് അദ്ദേഹം നടന്നുപോയ ചില വഴികൾ ഇന്നു് അദ്ദേഹത്തിന്റെ സ്മരണയെ നിലനിൎത്തുന്ന പല ചിഹ്നങ്ങളാലും അലംകൃതങ്ങളാണു്. 1731-ാമാണ്ടു് ദാരിദ്ര്യപീഡിതനായ ഈ യുവാവു് ബി. ഏ. ഡിഗ്രിഎടുക്കുന്നതിനു മുമ്പുതന്നെ ബാഷ്പാകുലങ്ങളായ നയനങ്ങളോടുകൂടി ആ സൎവ്വകലാശാല വിട്ടുപോകുവാൻ നിൎബ്ബന്ധിതനായി. നിരാശാനിബിഡമായ പല രംഗങ്ങളും അന്നു് അദ്ദേഹത്തിന്റെ ചിന്താമുകരത്തിൽ പ്രതിഫലിച്ചിരുന്നു. അടുത്തവൎഷത്തിൽ തന്നെ അദ്ദേഹത്തിന്റെ പിതാവു പരലോകം പ്രാപിച്ചു.

'ആൎത്തിപ്പെണ്ണിനെദ്ദൈവംതക്കത്തോഴിമാ-[രോടു-
ചേൎത്തല്ലാതയപ്പീലമൎത്ത്യരെപ്പീഡിക്കു-[വാൻ'

എന്ന കവിവാക്യത്തിന്റെ സാരം, അസാധ്യങ്ങളായ പല ജീവിതോപായങ്ങളും തേടിയുഴന്നുകൊണ്ടിരുന്ന ഈ അഗതിയായ യുവാവും അന്നു മനസ്സിലാക്കി.

പിതാവിന്റെ വേൎപാടിനുശേഷം ഏകദേശം മുപ്പതുവൎഷത്തോളം ജാൺസന്റെ ജീവിതം ദാരിദ്ര്യവുമായുള്ള ഒരു പോരാട്ടമായിരുന്നു ഇതിനിടയിൽ ജന്മസിദ്ധങ്ങളായിരുന്ന പല രോഗങ്ങളുംകൂടി അദ്ദേഹത്തെ ക്രമത്തിലധികം ഉപദ്രവിക്കുവാൻ തുടങ്ങി ഇക്കാലത്തു് ഏതാണ്ടൊരു ഭ്രാന്തനെപ്പോലെയാണു താൻ കഴിഞ്ഞുകൂടിയതെന്നു പിന്നീടൊരിക്കൽ അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ഈ ക്ലേശങ്ങൾക്കും ഉപരിയായി ഒരു തീരാത്ത മനോദുഃഖംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു 'മരണം'എന്നു കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം കിടുങ്ങുമായിരുന്നു. ജീവിതംമുഴുവൻ ഭയങ്കരമായിട്ടാണു അദ്ദേഹം അന്നു കരുതിയിരുന്നതു്. അങ്ങിനെ മനസ്സിനും ശരീരത്തിനും ഒരുപോലെ തളൎച്ചസംഭവിച്ച ഈ യുവാവ് ഇരുപത്തിരണ്ടുവയസ്സുപ്രായമായപ്പോഴേയ്ക്കും, വിശാലമായ ഈ ലോകത്തിൽ രക്ഷാമാൎഗ്ഗങ്ങൾ ശൂന്യമാണെന്നുകണ്ടു് പലപ്പോഴും കണ്ണീർപൊഴിക്കുകകൂടി ചെയ്തിട്ടുണ്ടു്. ലിച്ച്ഫീൽഡ്, ബർമിങ്ഹാം മുതലായ സ്ഥലങ്ങളിൽ അദ്ദേഹത്തിനു നിത്യജീവിതത്തിനു വേണ്ട ആദായം ലഭിക്കുന്നതിനുപോലും മാൎഗ്ഗങ്ങളില്ലായിരുന്നു. ഈ അവസരത്തിൽ അദ്ദേഹത്തെ മനഃപൂൎവ്വം സഹായിച്ച ഹെൎവിഎന്ന മഹാനെഓൎത്തു് അദ്ദേഹം ഇങ്ങിനെപറയുന്നു. "ഒരുപട്ടിയെ ആരെങ്കിലും 'ഹെർവി' എന്നു വിളിക്കുമെങ്കിൽ ഞാനതിനെ സ്നേഹിക്കും." ആ മഹാന്റെ സ്മരണ അദ്ദേഹത്തെ രോമാഞ്ചംകൊള്ളിക്കുമായിരുന്നു.

സുഖകരമല്ലാത്ത ഒരു ജീവിതം നയിക്കുന്ന ഇക്കാലത്തു് ജാൺസൺ പ്രണയബദ്ധനായി ഈ കഥ പലൎക്കും അത്ഭുതാവഹമായും രസാവഹമായും തോന്നിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രണയപാത്രം വളരെ പ്രായംകൂടിയ ഒരു വിധവയായിരുന്നു. ഒരു സാധാരണദൃഷ്ടിക്കു അവൾ സുന്ദരിയല്ലായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പ്രേമഭാജനമെന്നനിലയിൽ അവൾ മരണംവരെ വൎത്തിച്ചിരുന്നു. ഈ നവജീവിതം അദ്ദേഹത്തെ പല പുതിയജീവിതമാൎഗ്ഗങ്ങളിലും പ്രവേശിപ്പിച്ചെങ്കിലും അവയെല്ലാം അപജയത്തിൽതന്നെ കലാശിച്ചു.

ഒടുവിൽ, ലണ്ടൻനഗരത്തിൽ സ്ഥിരമായിത്താമസിച്ചു് അവിടെ ഒരു സാഹിത്യകാരന്റെനിലയിൽ തന്റെ ഭാഗ്യം പരീക്ഷിക്കാമെന്നു ജാൺസൺ തീരുമാനിച്ചു. അന്നത്തെ സാഹിത്യകാരന്മാരുടെനില വളരെ ശോചനീയമായിരുന്നു. തോംസൺ, ഫീൽഡിംഗ്മുതലായ ഉത്തമസാഹിത്യകാരന്മാൎക്കുപോലും അന്നു് ദാരിദ്ര്യമൊഴിഞ്ഞ അവസരങ്ങളില്ലായിരുന്നെന്നു പറയാം. പുസ്തകവ്യാപാരികളുടെ നിൎദ്ദയത്വവും, പൊതുജനങ്ങൾക്കു സാഹിത്യത്തിലുണ്ടായിരുന്ന പ്രതിപത്തിക്കുറവും അക്കാലത്തെ ഗ്രന്ഥകാരന്മാരെ പരമസങ്കടത്തിൽ വലച്ചുകൊണ്ടിരുന്നു. കാൎയ്യങ്ങൾ ഇങ്ങിനെയായിരുന്നെങ്കിലും ജാൺസൺ ഒട്ടും നിരാശപ്പെടാതെ സാഹിത്യപരിശ്രമംകൊണ്ടുതന്നെ ഉപസന്ധാനാവുകയും ജീവിതം നയിക്കുകയും ചെയ്തു. അധികംനാൾ കഴിയുന്നതിനുമുമ്പു്, ഒരു മഹാകവിയായ അലക്സാണ്ഡർപോപ്പിനെപ്പോലും അതിശയിപ്പിക്കുന്നരീതിയിൽ ജാൺസൺ പ്രശസ്തിസമ്പാദിച്ചു. രാഷ്ട്രീയകാൎയ്യങ്ങളെ പരാമർശിച്ചുള്ള ലേഖനങ്ങൾ, മഹാന്മാരുടെ ജീവചരിത്രങ്ങൾ, നല്ല കവിതകൾ മുതലായവ രചിക്കുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന സാമൎത്ഥ്യവും സന്നദ്ധതയും അന്യാദൃശമായിരുന്നു. വിശ്രമശൂന്യമായ ഈ ജീവിതത്തിൽ അദ്ദേഹത്തെ ആത്മാൎത്ഥമായിസ്നേഹിച്ചു വൎത്തിച്ചവരിൽ, റിച്ചേർഡ്സാവേജിനെപ്പോലുള്ള ഏതാനുംപേർ പ്രത്യേകം സ്മരണീയരാണു്. ഈ ആത്മമിത്രത്തിന്റെ അനുകമ്പാസമൃദ്ധമായ ഒരു ജീവചരിത്രം ജാൺസൺതന്നെ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതിനുശേഷമാണു് അദ്ദേഹം അന്നത്തെ ആംഗ്ലേയഭാഷയ്ക്കു പററിയ ഒരു നിഘണ്ടു നിൎമ്മിക്കുവാൻആരംഭിച്ചതു്. ഈ ഉദ്യമത്തിന്റെ സാഫല്യത്തിനു അദ്ദേഹം ഏൎൾ അഫ് ചെസ്റ്റർഫീൽഡിനെ അഭയംപ്രാപിച്ചു ദയാഹീനനായ ആ പ്രഭുവിന്റെ അനൌദാൎയ്യത്തിൽ കുപിതനായ ജാൺസൺ, ഗ്രന്ഥകാരന്മാരോടു് പ്രഭുക്കന്മാർ പൊതുവെ കാണിച്ചിരുന്ന അലക്ഷ്യഭാവത്തെ ഒരൊററലേഖനംകൊണ്ടുമാത്രം സുവ്യക്തമായിത്തെളിച്ചുകാണിച്ച കഥ ഏതൊരു സാഹിത്യപ്രണയിയേയും ആനന്ദസാഗരത്തിൽ ആറാടിക്കുകതന്നെചെയ്യും ഒരു സമൎപ്പണംകൂടാതെതന്നെ ആംഗ്ലേയഭാഷയിലെ നല്ലയൊരു നിഘണ്ടു പുറത്താകേണ്ടിവന്നു അതിന്റെ മുഖവുരയിൽ ഗ്രന്ഥകാരൻ ഹൃദയംഗമമായി പ്രതിപാദിക്കുന്ന സങ്കടങ്ങൾ കണ്ണീർപൊഴിക്കാതെ വായിക്കുവാൻ അദ്ദേഹത്തിന്റെ പരമശത്രുക്കൾക്കുപോലും സാദ്ധ്യമല്ലായിരുന്നു ജാൺസൺ 18-ാംനൂററാണ്ടിലെ സാഹിത്യനാഥനായിത്തീൎന്നതു് ഈ സാരമായ പരിശ്രമഫലത്തോടുകൂടിയാണു്. ഇക്കാലത്തു അദ്ദേഹം പ്രസിദ്ധനായ ഒരു ദരിദ്രനായിരുന്നു. ഉദരപ്രേരണനിമിത്തം ജാൺസൺ വീണ്ടും പല പ്രസിദ്ധീകരണങ്ങൾതുടങ്ങി. അവയിലെല്ലാം അല്പം ലാഭമുണ്ടാകാതിരുന്നില്ല ഈ ഉദ്യമത്തിലുൽസുകനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ

മാതാവ് ചരമഗതിയെ പ്രാപിച്ചു. ആ പുണ്യവതിയുടെ ശേഷക്രിയയ്ക്കുംമററും വേണ്ടിയിരുന്നധനംപോലും അന്ന് അദ്ദേഹത്തിന്റെ കൈവശമില്ലായിരുന്നു. ആ വിഷമഘട്ടത്തെ തരണംചെയ്യുന്നതിന് ഒരാഴ്ചകൊണ്ട് അദ്ദേഹംനിർമ്മിച്ച 'റാസെലസ്സ്' എന്ന വിഖ്യാതമായ നോവൽ സഹായകമായിത്തീർന്നു. 1762-ാമാണ്ടുവരെ ഈ വിധത്തിലുള്ള പരിശ്രമങ്ങൾകൊണ്ട് ജാൺസൺ ഒരുവിധം സുഖമായിക്കഴിഞ്ഞുകൂടി.

ജാർജ്ജ് മൂന്നാമനായിരുന്നു അന്നു രാജ്യഭാരം കൈയേററിരുന്നത്. രാഷ്ട്രീയകാര്യങ്ങളിൽ കക്ഷിവൈരവും കലഹങ്ങളുംമുററികിവന്നിരുന്ന അക്കാലത്ത് ജാൺസൺ സ്വീകരിച്ചിരുന്ന 'ടോറിസം' Toryism) ഭണ്ഡാരാധിപനായിരുന്ന ലാർഡ് ബ്യൂട്ടിനു സന്തോഷാവഹമായും സഹായകരമായും തോന്നിയിരുന്നു. അദ്ദേഹത്തിന്റെ സ്നേഹാദരങ്ങൾനിമിത്തം ജാൺസനു 1762-ാമാണ്ടുമുതൽ പ്രതിവർഷം മുന്നൂറു പവൻ പെൻഷൻലഭിക്കുവാൻ ഭാഗ്യമുണ്ടായി. എന്നാൽ സന്തോഷപൂർവ്വം അതു കൈക്കൊണ്ട ഈ സാഹിത്യകാരൻ അന്നുമുതൽ 'മടിയുടെമാധുര്യം' അല്പാല്പം അനുഭവിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ തൂലിക കുറെക്കാലത്തേക്കു നിശ്ചേഷ്ടമായിത്തന്നെനിന്നുപോയി. ജീവിതക്ലേശങ്ങളുടെ കുറവാണ് ഇതിനു കാരണമെന്നുള്ളതിനു തക്കമില്ല.

ജാൺസൺ അങ്ങനെ പ്രസിദ്ധനായതിനുശേഷം, അന്നത്തെ പാശ്ചാത്യലോകത്തിൽ ഓരോതരത്തിൽ ഖ്യാതിസമ്പാദിച്ചിരുന്ന ബർക്ക്, ഗോൾഡ്സ്മിത്ത്, ഗിബൺ, റെയിനാൾഡ്സ് ആദിയായ മഹാന്മാർ അദ്ദേഹത്തിന്റെ ആത്മമിത്രങ്ങളായിത്തീർന്നു. അവരുടെ സമ്മേളനാവസരങ്ങളിൽ സംഭാഷണസാമർത്ഥ്യം പ്രകടിപ്പിക്കുന്നതിൽ അദ്വിതീയനായിരുന്ന ബർക്കിനെപ്പോലും അതിശയപ്പെടുത്തത്തക്ക വിധത്തിൽ ജാൺസനു വാക്പാടവവും ഫലിതവുമുണ്ടായിരുന്നു. അദ്ദേഹം ഈ വീരപുരുഷന്മാർക്കുപോലും ആരാധ്യനായിരുന്നു. ഈ സംഭാഷണചാതുര്യത്തിൽ മതിമയങ്ങിയ ജെയിംസ് ബോസ്വെൽ, ഹെൻട്രിത്രെയിൽ, മിസ്സിസ് ത്രെയിൽ മുതലായവരുടെ നാമധേയങ്ങളും ജാൺസന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സ്മരണീയങ്ങളാണ്. ത്രെയിൽസിന്റെകൂടെ ഏകദേശം പതിന്നാലുവർഷത്തോളം ഈ സാഹിത്യകുശലൻ സുഖമായി താമസിച്ചു. ഒരു സ്കാച്ചുകാരനായ ബാസ്വെലിനും ഡാക്ടർ ജാൺസനും തമ്മിലുണ്ടായിരുന്ന മൈത്രീബന്ധം മെക്കാളെയെപ്പോലെ നിർദ്ദയന്മാരായ വിമർശകന്മാരുടേയും കാർലൈലിനെപ്പോലുള്ള ആദർശപ്രിയന്മാരുടേയും വിലയേറിയ വിമർശനങ്ങൾക്കു വിഷയമായിത്തീർന്നിട്ടുണ്ട്. ഏതായാലും ജെയിംസ് ബാസ്വെൽ, ജാൺസന്റെസ്വഭാവശുദ്ധിയും ബുദ്ധിവികാസവും ഒരുപോലെ മനസ്സിലാക്കി ആജീവനാന്തം അദ്ദേഹത്തെ ഒരു ഗുരുവെന്നനിലയിൽ കരുതി വർത്തിച്ചിരുന്നു എന്നുള്ളതിനു പക്ഷാന്തരമുണ്ടാകയില്ല. ഈ പരമാർത്ഥം ബാസ്വെൽ എഴുതിയിട്ടുള്ള ജാൺസന്റെ ജീവിതചരിത്രത്തിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്.



ശ്രീചിത്തിര ഫുട്ബാൾ ടൂർണമെന്റിൽ വിജയം നേടിയ കേരളബ്ളൂഡ് റെഡ്സ്.
Photo, Raman Pillai, Bros.

ജാൺസന്റെ വാർദ്ധക്യകാലം വളരെ ശാന്തവും സുഖകരവുമായിരുന്നു. സമാധാനശൂന്യമായിരുന്ന ചെറുപ്പകാലത്തു ലണ്ടൻനഗരത്തിലെ ദാരിദ്ര്യകേന്ദ്രങ്ങളിൽ അദ്ദേഹം കഷ്ടപ്പെട്ടതിനു കണക്കും കയ്യുമില്ല. എന്നാൽ വാർദ്ധക്യം അദ്ദേഹത്തിന്റെ യൗവനത്തിൽനിന്നും വളരെ വിഭിന്നമായിരുന്നു. സംതൃപ്തിയും സമാശ്വാസവുമുണ്ടായിരുന്ന ഇക്കാലത്തു, 64-ാമത്തെ വയസ്സിൽ ബാസ്വെലിന്റെ സഹായത്തോടുകൂടി, ജാൺസൻ ഹെബ്രിഡിസ് എന്നു പേരുള്ള ഒരു അപരിഷ്കൃതദേശത്തേക്കു സഞ്ചാരംചെയ്കയും അവിടത്തെ സമുദായജീവിതത്തിന്റെ പ്രധാനവശങ്ങളെ പരിപൂർണ്ണമായി പ്രതിപാദിക്കുന്ന ഒരുത്തമഗ്രന്ഥം അതിനുശേഷം നിർമ്മിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അന്തകാലത്തെ സാഹിത്യപരിശ്രമം ഏതാനും മഹാകവികളുടെ സംക്ഷിപ്തമായ ഓരോ ജീവചരിത്രമെഴുതി പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതിനായിരുന്നു. ആ ഉദ്യമവും മിക്കവാറും സഫലമായി. ചരിത്രപ്രധാനങ്ങളായ ചില ഗ്രന്ഥങ്ങളും ഇതിനിടയിൽ അദ്ദേഹം നിർമ്മിക്കുകയുണ്ടായി. ഇത്രമാത്രം സ്തുത്യർഹമായ നിലയിൽ സാഹിത്യപരിശ്രമംചെയ്തതിനുശേഷം തന്റെ 72-ാമത്തെവയസ്സിൽ ജാൺസൺ ഇഹലോകവാസം വെടിഞ്ഞു. പ്രശാന്തമായ ആ മുഹൂർത്തത്തിൽ മരണത്തെപ്പററിയുണ്ടായിരുന്ന ഭയങ്കരവിചാരത്തിനുപകരം പ്രപഞ്ചസ്രഷ്ടാവിന്റെ ദയാവിശേഷമായിരുന്നു അദ്ദേഹത്തിന്റെ സ്മരണയിൽ ഉണ്ടായിരുന്നതു്. അദ്ദേഹത്തിന്റെ ചരമാവസരത്തിൽ, ബർക്ക്, വൻഡ്ഹാം, ഫ്റാൻസിസ് ബർണി മുതലായ മഹാന്മാർ ശുശ്രൂഷയ്ക്കും സമാധാനത്തിനുമായി അദ്ദേഹത്തിന്റെ സമീപത്തു നിന്നിരുന്നു. മഹാന്മാർക്കന്ത്യോപചാരസ്ഥലമായ വെസ്റ്റ്മിനിസ്റ്റർ ആബി'യിൽ തന്നെ അദ്ദേഹത്തിന്റെ ശവസംസ്കാരം നടന്നു. ആംഗ്ലേയസാഹിത്യത്തിനു ഒരു പുതുമയും ഉണർവും ഉണ്ടാക്കിക്കൊടുത്ത ഈ മാതൃകാസാഹിത്യകാരൻ അങ്ങനെ അന്നത്തെ സമകാലികരുടെ ദൃഷ്ടിയിൽനിന്നും എന്നേയ്ക്കുമായി അപ്രത്യക്ഷനായി.

ജാൺസൺ ജീവിച്ചിരുന്നകാലം, സാഹിത്യത്തിലും, സമുദായത്തിലും, രാഷ്ട്രത്തിലും അതിശക്തിമത്തായി വന്നുകൂടിയ ഒരു പരിവർത്തനഘട്ടമായിരുന്നു. പൊതുജനപ്രതിപത്തികൂടാതെ നിത്യജീവിതമാർഗ്ഗങ്ങൾപോലും അലഭ്യങ്ങളാണെന്നുകണ്ട ആ ഒരു ബന്ധം സൃഷ്ടിക്കുവാൻ ജാൺസൺ കുറെ അധികം കഷ്ടപ്പെടേണ്ടിവന്നു. ഇതിനുംപുറമേ സത്യസന്ധന്മാരുടെ ആദർശപരമായ ജീവിതത്തിനു ബഹുമാന്യത കല്പിക്കുവാൻ അന്നു അപൂർവ്വം ചിലർമാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ ജാൺസനെപ്പോലെ മഹത്തായ ചില ആദർശങ്ങൾ മുൻനിർത്തി പ്രവർത്തിച്ചുപോന്ന ഒരു പൂജ്യൻ അന്നത്തെ പാശ്ചാത്യലോകത്തിൽ നിത്യദാരിദ്ര്യമനുഭവിക്കാനിടയായതിൽ അത്ഭുതത്തിനവകാശമില്ല. ഭാവനാപരങ്ങളായ ചിന്തകളും ആദർശങ്ങളും ഒരു യഥാർത്ഥ സാഹിത്യകാരന്റെ കൂടെപ്പിറപ്പുകളാണെങ്കിലും, അവയുടെ സാന്നിദ്ധ്യത്തിലും ഒരു വാസ്തവലോകത്തിൽ അഭിമാനപൂർവ്വം വർത്തിക്കുന്നതിനു അവനു ശക്തനായിരിക്കാൻ കഴിയുമെന്നുള്ളതിനു ജാൺസന്റെ ജീവിതം ഒരു ഉത്തമദൃഷ്ടാന്തമാണ്. അന്ധവിശ്വാസികളും മതാന്ധന്മാരുമായിരുന്ന അന്നത്തെ ആംഗ്ലേയരുടെയിടക്കു്, കക്ഷിവൈരവും പരസ്പരസ്പർദ്ധയും സർവ്വത്ര വ്യാപിച്ചിരുന്ന അക്കാലത്തു് 'ഡേവിഡ്ഹ്യൂ'മിനെപ്പോലെ അതിബുദ്ധിമാന്മാരായ ചിലരുണ്ടായിരുന്നെങ്കിലും, അവർക്കുപോലും ഒരു ഉത്തമമാതൃകയായിപ്പരിലസിക്കുവാൻ ഈ സാഹിത്യചക്രവർത്തിക്കു സാധിച്ചു. സാധുക്കളുടെമേൽ അനുകമ്പാകടാക്ഷങ്ങൾ വർഷിക്കുന്നതിനും ജീവിതാവശ്യത്തിനുമാത്രം ധനാകാംക്ഷവെച്ചു പുലർത്തിപ്പോന്നതിനും ആജീവനാന്തം സന്നദ്ധനായിരുന്ന ഇദ്ദേഹം, കാർലൈലിനോ ബാസ്വെലിനോമാത്രമല്ല ഒരു വീരപുരുഷനായിത്തോന്നുന്നതു്; ഹൃദയവും ബുദ്ധിയുമുള്ള ഏതൊരുവനും സ്നേഹബഹുമാനങ്ങളോടുകൂടിയല്ലാതെ അദ്ദേഹത്തെപ്പററി സ്മരിക്കുവാൻ കഴിയുകയില്ല.

# ഹേമന്തചന്ദ്രികയിൽ.

(ഭാസ്ക്കരൻ)

അന്നത്തെ രാത്രി പുലരിയെ പ്രാപിച്ചുവോ എന്നു ഞാനറിയുന്നില്ല. ആ പൂർണ്ണചന്ദ്രൻ എൻെറ കണ്ണുകളിൽനിന്നു ഇനിയും മറഞ്ഞിട്ടില്ല. ലോകാവസാനംവരെ മറയുകയുമില്ല. അതാ, ആ ശീതളകിരണങ്ങൾ എൻെറ കണ്ണുകളെ ഇപ്പോഴും ചുംബിക്കുന്നു. ലോലമോഹനങ്ങളായ വെള്ളിമേഘങ്ങൾ ആ പൂനിലാവിൽ അലസമായി നീന്തിക്കളിക്കുന്നു. ഏകാകിയായ ആ രാക്കുയിൽ അതാ ഇപ്പോഴും കരയുന്നു.

* * * *

ജീവനിലും ജീവനായ ആ സഹോദരൻെറ തോളിൽ കയ്യിട്ടുകൊണ്ടു ഞാൻ സഞ്ചരിക്കുകയായിരുന്നു. എൻെറ നിർന്നിമേഷങ്ങളായ മനോനേത്രങ്ങൾ ഈ പ്രപഞ്ചത്തേയും സകലസർഗ്ഗങ്ങളേയും ആ സ്നിഗ്ദ്ധവിഗ്രഹത്തിൽ ദർശിച്ചു. എന്നെ പലപ്പോഴും സംഭ്രമിപ്പിച്ചിരുന്ന കാലം, എവിടെയോ പറന്നുമറഞ്ഞു അതിൻെറ ചിറകടി, ചക്രവാളമേഖലയ്ക്കപ്പുറത്തെവിടെയോ അവ്യക്തമായ ഒരു മാറ്റൊലിയുണ്ടാക്കിയിട്ടു മൌനമഹാസമുദ്രത്തിൽ വിലയം പ്രാപിച്ചു. ആകാശത്തിൻെറ ആഴങ്ങളിൽനിന്നു അനന്തകോടി സന്ദേശങ്ങളുംകൊണ്ടു പറന്നെത്തിയ ഒരു മഞ്ഞുതുള്ളി ആ ശരീരത്തിൽ പതിച്ചപ്പോൾ ഉളവായ പുളകപ്രസരം എൻെറ അന്തരാത്മാവിലും വ്യാപിച്ചു.

ആ കൌമുദീതരംഗങ്ങൾ ശിലാതലങ്ങളേപ്പോലും കോൾമയിർ കൊള്ളിച്ചു. വൃക്ഷങ്ങൾ ഏകാഗ്രനിശ്ചലങ്ങളായി നിന്നുപോയി. നിർമ്മലസ്നേഹം നിറഞ്ഞുനിന്ന ആ മൃദുലചിത്തത്തിനു പ്രകൃതിയുടെ അപ്പോഴത്തെ സൌന്ദര്യം അസഹ്യമായിത്തീർന്നു. ചന്ദ്രൻപൊഴിച്ച ഓരോ രശ്മികളും ആ പാവനഹൃദയത്തിൽ അന്തർല്ലീനമായ ശോകസമുദ്രങ്ങളിൽ ഉൽക്കടമായി തിരയടിച്ചു. അരനിമിഷത്തിനുള്ളിൽ എൻെറ സഹോദരൻ പൊട്ടിക്കരയുന്നതാണു ഞാൻകണ്ടതു്.

സ്നേഹശീതളങ്ങളായ കൈകളാൽ ആ കണ്ണുനീർ തുടച്ചുകൊണ്ടു് "പ്രിയപ്പെട്ട രവി, എന്തിനു കരയുന്നു"എന്നു ഞാൻ ചോദിച്ചു. ഇതിനുത്തരമായി കലുഷിതങ്ങളായ രണ്ടു കണ്ണുകൾ എൻെറ നയനങ്ങളിൽ ഉററുനോക്കുകമാത്രമാണു ചെയ്തതു്. ശോകദീപ്രങ്ങളായ ആ 'ജലദ'മണികൾ നിശ്ശബ്ദമായ ഭാഷയിൽ എന്നോടു് എന്തൊക്കെയോ സംസാരിച്ചു. അദൃശ്യങ്ങളായ ഏതോസമുദ്രങ്ങളുടെ കോളിളക്കം എനിക്കും അനുഭവപ്പെട്ടു. അതിൻെറ ഫലമോ?

നിർത്തിയാൽ നിൽക്കാത്ത അശ്രുധാരകൾ......

എന്നിലുണ്ടായ ഈ പ്രതിഫലനം രവിയുടെ കണ്ണുകളെ കല്പാന്തമേഘങ്ങളാക്കി. അവയുടെ ധാരാധോരണിധരമായ ആ ശിരസ്സ് എൻെറ മാറിലേക്കു ചാഞ്ഞു. എൻെറ സ്ലാഘഹസ്തങ്ങൾ ആ ശരീരത്തിൽ ചുററിപ്പിടന്നു. ജന്മജന്മാന്തരങ്ങളിൽപോലും എൻെറ സഹചരനായ ആ സ്നേഹധാമത്തിൻെറ നിറുകയിൽ ഞാൻ സർവ്വവും മറന്നു ചുംബിച്ചു. ഞങ്ങളുടെ അപ്പോഴത്തെബാഷ്പവർഷം തുഷാരപുളകിതമായ ഭൂതലത്തെ ഘോരമായി തപിപ്പിച്ചിരിക്കണം.

* * * *

മിഴിനീരിൽ നനഞ്ഞ ഒരു മൃദുലശിഞ്ജിതം ലോകലോകാന്തരങ്ങളെ ഒരുപോലെ ആവരണം ചെയ്തിരുന്ന നിശാനിശ്ശബ്ദതയെ മന്ദമന്ദം ഭേദിച്ചു

"സോദരാ!"

"രവി!!"

ഭൂമിദേവിയുടെ ഹൃദയസമുദ്രത്തിൽനിന്നു ഉൽക്കണ്ഠോത്താളിതമായി പൊങ്ങിവന്ന വാത്സല്യശുക്തികകളിൽ അനേകായിരം കണ്ണുനീർത്തുള്ളികൾ വീണ്ടും അർപ്പിക്കപ്പെട്ടു് യുഗലക്ഷങ്ങൾക്കുശേഷം അവ ലോകസമ്മോഹകങ്ങളായ മുക്താഫലങ്ങളായിത്തീരുകയില്ലെന്നു് ആരറിഞ്ഞു. അവയുടെ കാന്തിപൂരത്തിൽ മതിമയങ്ങുന്ന അന്നത്തെ ലോകം ഞങ്ങളെ സ്മരിക്കുമോ?

ഒരു നെടുവീർപ്പു് ദിങ്മുഖങ്ങളിൽ ലയിച്ചു അതിനെത്തുടർന്നുകേട്ടതു് യഥാർത്ഥത്തിൽ അതിൻെറ മാറ്റൊലിയായിരുന്നുവോ?

പ്രണവകോമളമായ ആ മൃദുനിസ്വനം വീണ്ടും നാമ്പുനീട്ടി.

"സോദരാ............എന്നിക്കു സഹിച്ചുകൂടാ. എൻെറ ഹൃദയം ഇതാ നിരാശയുടെ അടിത്തട്ടലേക്കു താണുപോകുന്നു. ഒരു രശ്മിപോലുമില്ലാത്ത അന്ധകാരം എന്നെ ആവരണം ചെയ്യുന്നു. അജ്ഞാതങ്ങളായ ഏതോ അഗാധഗർത്തങ്ങളിലേക്കു ഞാൻ അടിഞ്ഞുതാഴുന്നു. നിർദ്ദയമായ ഈ ലോകം എനിക്കുള്ളതല്ല. ഉത്സാഹപൂർണ്ണവും ആശാപുഷ്കലവുമായ ജീവിതം നയിക്കുവാൻ ഞാൻ തീവ്രയത്നം ചെയ്തു. അതെല്ലാം വിഫലമായതേഉള്ളു. എല്ലാം കാനൽജലമാണെന്നു എനിക്കു തോന്നുന്നു. മരണത്തിൻെറ മരവിച്ച ഹസ്തങ്ങളെ അതിക്രമിച്ചുനിൽക്കുന്ന എന്തെങ്കിലും ഈ ലോകത്തിൽ സാധിക്കുവാൻഉണ്ടോ? എന്നോടു മന്ദഹസിക്കുവാൻ ഉപദേശിക്കുന്നവർ ആത്മാർത്ഥമായിട്ടാണോ അങ്ങനെ ചെയ്യുന്നതു്. ദിനരാത്രങ്ങൾ ഏകാന്തസൌഖ്യങ്ങളായിട്ടാണോ അവരുടെ കൺമുൻപിൽക്കൂടി കടന്നുപോകുന്നതു് സോദരാ – ഒരു മനുഷ്യനു് സദാ ചിരിച്ചുകൊണ്ടിരിക്കുവാൻ സാധിക്കുമോ എന്നു ഞാൻ അറിയുന്നില്ല. എനിക്കു് ഇത്രമാത്രമേ അറിഞ്ഞുകൂടു. എൻെറ ഹൃദയം അങ്ങനെയുള്ള സ്വഭാവം കൈക്കൊള്ളുന്നില്ല എൻെറ ഇന്നോളമുള്ള ജീവിതത്തിൽ ഒരു കണ്ടകംപോലും കലർന്നിട്ടില്ല. സാമാന്യമായി പറഞ്ഞാൽ അതു് മൃദുമഞ്ജുളമായിത്തന്നെയാണു കഴിഞ്ഞതു് യഥാർത്ഥജീവിതത്തിലേക്കു ഞാൻ ഇനിയും പ്രവേശിച്ചിട്ടില്ലെന്നും പറയപ്പെടുന്നു. എന്നിട്ടും എൻെറ സഹോദരാ, ഈ കണ്ണുകൾ തോരാത്തതിനു കാരണമെന്തു്. അതു് എൻെറ കുററമാണോ. ഞാൻ എന്തുചെയ്യണം. ഏററവും മോഹനമായ എല്ലാസന്ദർഭങ്ങളിലും ഞാൻവേദനസഹിക്കാതെ കരഞ്ഞുപോകുന്നു. ഞാൻ അറിയാതെതന്നെ കദനത്തിൻെറ കല്ലോലമാലകൾ എൻെറ ഹൃദയഭിത്തികളിൽ ആഞ്ഞടിക്കുന്നു. ഇത്ര നിർഭാഗ്യനായ ഞാൻ എന്തിനു ജീവിക്കണം?"

ദുഃഖാവനമ്രമായ ആ ശിരസ്സ് കരതലങ്ങൾകൊണ്ടു പിടിച്ചുയർത്തി ഞാൻ പറഞ്ഞു.

"രവീ!, എൻെറ പ്രിയപ്പെട്ടസഹോദരൻ കരയരുതെന്നു ഞാൻ എങ്ങിനെ അപേക്ഷിക്കും. ഞാൻ അതിനു മുതിരുമ്പോഴേക്കു് എൻെറ കണ്ണുകൾ നിറഞ്ഞുപോകുന്നതു് രവി കാണുന്നില്ലേ. ഈ പരിദേവനങ്ങൾക്കു ഞാൻതരുന്ന സമാധാനങ്ങൾ മുറിഞ്ഞുവീഴുന്ന ഈ മുത്തുമാലയിൽനിന്നു ശേഖരിച്ചുകൊള്ളൂ. യാതനാസങ്കുലമായ ഈ പ്രപഞ്ചത്തിൽ കണ്ണുനീരിൽ മുങ്ങിമുങ്ങി, നെടുവീർപ്പിൽ അലഞ്ഞുലഞ്ഞു് മനുഷ്യൻെറ ജീവിതപോതം അജ്ഞാതമായ ഏതോ ലക്ഷ്യത്തിലേക്കു ഒഴുകപ്പെടുകന്നു. എന്തിനെന്നും എങ്ങോട്ടെന്നുംഉള്ള പ്രശ്നങ്ങൾക്കു് ശതകസഹസ്രങ്ങൾ കഴിഞ്ഞിട്ടും ഉത്തരം ലഭിച്ചിട്ടില്ല നമ്മെ വിഗണിച്ചുകൊണ്ടു കാലചക്രം അത്യന്തകർക്കശമായി കറങ്ങിക്കൊണ്ടിരിക്കുന്നു. ഇക്കാണുന്ന ലോകത്തിനും നമ്മുടെ സ്വപ്നങ്ങൾക്കുംതമ്മിൽ എന്താണുഭേദമെന്നു് എനിക്കറിഞ്ഞുകൂടാ. സ്വപ്നങ്ങളും കണ്ടുകൊണ്ടിരിമ്പോൾ വാസ്തവങ്ങളാണല്ലോ! ലോകം നമ്മുടെ ഇന്ദ്രിയങ്ങളിൽനിന്നു മറയുമ്പോൾ സ്വപ്നങ്ങളെപ്പോലെ കേവലം സ്മരണകൾമാത്രമായിത്തീരുകയില്ലേ?

രവീ! ലോകം മായയാണെന്നു ചരിത്രാതീതമായ കാലംമുതൽക്കുതന്നെ വിലപിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മാതൃഭൂമിയുടെ ചിന്താസരിത്തുകൾക്കു് നമസ്കരിക്കൂ. പരമപാവനങ്ങളായ ആ ആർഷസംഗീതം ഇതാ ഈ നിമിഷത്തിൽ എൻെറ രവിയുടെ നെടുവീർപ്പുകളിൽ അനുരണനം ചെയ്യുന്നു. ഇപ്പോഴത്തെപ്പോലെ മററൊരിക്കലും അതിൻെറ പരമാർത്ഥം എനിക്കു മനസ്സിലായിട്ടില്ല.

എങ്കിലും, സോദരാ ഈ ധൂമികായവനികയ്ക്കപ്പുറത്തു് അത്യന്തഭാസുരമായ ഒരു നിർവ്വാണമണ്ഡലം കാണുവാൻ എനിക്കു കഴിയുന്നു. നമ്മുടെ ഈ കണ്ണുനീർത്തുള്ളികൾ ആ സ്നേഹസാമ്രാജ്യത്തിൻെറ നിദർശനങ്ങളാണു്. അവിടുത്തെ സൂര്യനു അസ്തമനമില്ല.

ഇതാനോക്കൂ! എനിക്കുവേണ്ടിയെങ്കിലും എൻെറ രവിക്കു് ജീവിക്കരുതെ. ഇന്നു് രവിചെയ്തതുപോലെ എത്രപ്രാവശ്യം എൻെറ ആത്മവേദനകളെ ഞാൻ അങ്ങോട്ടർപ്പിച്ചിട്ടുണ്ടു്. ഇനിയും എത്രയോപ്രാവശ്യം അർപ്പിക്കേണ്ടതായും ഇരിക്കുന്നു. പ

# ബുദ്ധമതതത്വങ്ങൾ.

കെ. പി. ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി.

## അദ്ധ്യായം ൧.

### നിഷ്ഠയിലിരിക്കുന്ന പഞ്ചമുനികൾ.

കർമ്മണ്യകർമ്മയഃപശ്യേ-
ദകർമ്മണിച കർമ്മയഃ
സ ബുദ്ധിമാന്മനുഷ്യേഷു
സയുക്തഃ കൃൽസ്നകർമ്മകൃൽ.

യസ്യസർവേസമാരംഭാഃ
കാമസങ്കല്പവർജ്ജിതാഃ
ജ്ഞാനാഗ്നിദഗ്ദ്ധകർമ്മാണം
തമാഹുഃപണ്ഡിതംബുധാഃ

ഗീത. അദ്ധ്യായം 4. ശ്ലോകം ൧൮-൧൯

ഇതുംപോരെന്നു നിശ്ചയിച്ചു കുറേക്കൂടി ബുദ്ധിമുട്ടുകൾ അനുഭവിച്ചും ത്യാഗം പ്രപുഷ്ടമായുള്ള ഒരു സ്ഥിതിയെ ബുദ്ധൻ ആഗ്രഹിക്കയും, ചുററിനടന്നു "ഉരുവില്വം" എന്നു പേരുള്ള ഒരു വനാന്തരത്തിൽ വന്നു ചേരുകയും ചെയ്തു. ഇവിടെ ഒരു പർണ്ണശാലയിൽ അഞ്ചു ഭിക്ഷുക്കൾ ഉണ്ടായിരുന്നു. സർവ്വേന്ദ്രിയങ്ങളേയും അടക്കി വികാരങ്ങൾ ഒന്നും ഇല്ലാതെ സദാ തപസ്സിലും നിഷ്ഠയിലും ഇരിക്കുന്ന ഈ മഹാന്മാരെ കണ്ടു അവരുമായി ഒന്നിച്ചു കഴിക്കയും അവരെ അനുകരിക്കയും ചെയ്യണമെന്നുള്ള ആഗ്രഹം ബുദ്ധനിൽ അങ്കുരിച്ചു.

പരിശുദ്ധമായ താല്പര്യത്തോടും നിശ്ചിത മനസ്സോടുംകൂടി ശാക്യമുനിയും, ഇവരെപ്പോലെ ഒന്നിലും ഇളകാതെ കല്ലുപോലെ സ്തംഭിച്ചു നിത്യതത്വത്തെപ്പററിമാത്രംഉള്ള ഏക വിചാരത്തോടുകൂടി ആ കാട്ടിൽ തപസ്സുചെയ്യാൻതുടങ്ങി. അവിടെയുള്ള പഞ്ചമഹാമുനികൾ കണ്ടു ഈ യോഗി തങ്ങളെക്കാൾ തപസ്സിലും നിഷ്ഠയിലും വിശിഷ്ടനായിരിക്കുന്നു എന്നു മനസ്സിലാക്കി അദ്ദേഹത്തെ അവരുടെ ഗുരുവായി സ്വീകരിച്ചു

ആറുകൊല്ലത്തോളം ഈ വൈരാഗ്യത്തോടുകൂടി ഒന്നും ഭക്ഷിക്കാതെയും ഇഹലോകവ്യാപാരങ്ങളെ കേവലം മറന്നും, കഠിനമായ ഈ നിഷ്ഠയിലും തപസ്സിലും ബുദ്ധൻ കഴിച്ചു. ആത്മസംസ്കാരത്തിനും മനോനിയന്ത്രണത്തിനും ഇക്കാലം അദ്ദേഹത്തിനു ഉപയോഗപ്പെട്ടു

ഇങ്ങിനെ ആറുകൊല്ലം കഴിഞ്ഞശേഷം സംസാരസാഗരത്തെ നീന്തിക്കടന്നു നിർവ്വാണതീരത്തിൽ വന്നുചേരുന്നതിനു തന്നെ സഹായിക്കുവാനായി, ദിവസവും ഒരു ചെറിയ മൂലികമാത്രം വനത്തിൽനിന്നും എടുത്തു അദ്ദേഹം ഭക്ഷിച്ചുവന്നു. ദേഹം വളരെ ക്ഷീണിച്ചും ആകൃതി മാറിയും വന്നുതുടങ്ങി. പക്ഷെ ഈ മഹാന്റെ കീർത്തി അനേക ദിക്കുകളിൽ പരന്നു് ജനങ്ങൾ കൂട്ടം കൂട്ടമായി വരുകയും ഈ യോഗിവര്യന്റെ അനുഗ്രഹത്തിനും ആശീർവാദത്തിനും കാത്തിരിക്കയും ചെയ്തുതുടങ്ങി.

ഇദ്ദേഹത്തിനോ ഇതുകൊണ്ടും തൃപ്തിയായില്ല. നിത്യമായ സത്യത്തെ മാത്രം ആരാഞ്ഞു തപസ്സുചെയ്ത തനിക്കു്, ഇതുകൊണ്ടുമാത്രം അതു സാധിക്കയില്ലെന്നും തപസ്സിനാൽ ആഗ്രഹങ്ങൾ നശിക്കയില്ലെന്നും മനസ്സിലായി.

ഒരുദിവസം ഒരു ജംബൂവൃക്ഷനിഴലിൽ ഇരുന്നു താൻ ചെയ്ത തപസ്സിനാൽ ശരീരത്തിനുണ്ടായ വ്യത്യാസം, ബലക്കുറവു്, മനസ്സിനുണ്ടായ മാററം ഇവയെപ്പററി ഇദ്ദേഹം ആലോചിക്കുവാൻതുടങ്ങി "അഹോ കഷ്ടം." എന്റെ ദേഹം വളരെ ക്ഷീണിച്ചു എനിക്കു നേരെ ഇരിക്കുവാൻകൂടി വയ്യാത്തവിധം ആയി. എന്റെ ഉപവാസങ്ങൾ എനിക്കു മോക്ഷത്തെ പ്രദാനംചെയ്തിട്ടില്ല. ഞാൻ തേടിയ സാധനത്തെ കാണിച്ചുതന്നിട്ടുമില്ല. നിശ്ചയമായും ശരിയായ മാർഗ്ഗം ഇതല്ല ഞാൻ ശരിയായി ഭക്ഷിച്ചു ദേഹത്തിനെ പോഷിപ്പിക്കുകയും തൻമൂലം എന്റെ മനസ്സിനു സമാധാനവും ശക്തിയും ഉണ്ടാക്കുകയും ചെയ്യണം.

ഈ വിചാരത്തോടുകൂടി ബുദ്ധൻ അടുത്തുള്ള അരുവിയിൽ കുളിക്കുവാനായി പോയി ഒന്നു മുങ്ങി, ദേഹത്തിനു ഒട്ടുംതന്നെ ശക്തിയില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടിപൊങ്ങി എങ്കിലും കരയേറുവാൻ സാധിച്ചില്ല. കരയ്ക്കുനിൾക്കുന്ന ഒരു വൃക്ഷശാഖ നീണ്ടുനിൾക്കുന്നതിനെ പിടിച്ചു് ഒരു വിധം കരയ്ക്കുകേറി.

താമസസ്ഥലത്തേക്കു് നടന്നുപോകുന്ന വഴിക്കു തലചുററി ഇദ്ദേഹം താഴെ വീണു. ഇതുകണ്ടു് ആ അഞ്ചു ഭിക്ഷുക്കളും ഇദ്ദേഹം മരിച്ചുപോയി എന്നു വിചാരിച്ചു.

ഈ വനത്തിന്റെ അടുത്തു ഒരു യാദവകുലപ്രമാണി താമസിച്ചുവന്നു. അയാൾക്കു "നന്ദ' എന്നു പേരുള്ള ഒരു പുത്രി ഉണ്ടായിരുന്നു. ക്ഷീണിച്ചു് മോഹാലസ്യപ്പെട്ടു് ഈ മഹാൻ കിടക്കുന്നവഴിയിൽക്കൂടി "നന്ദ" നടന്നുവരികയായിരുന്നു. ഇദ്ദേഹത്തിന്റെ സ്ഥിതികണ്ടു് ദുഃഖപരവശയായി അവൾ കനിഞ്ഞുനോക്കുകയും തന്റെ കയ്യിൽ ഒരു കുടത്തിൽ ഇരുന്ന കഞ്ഞിവെള്ളം കുറെ അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു ബുദ്ധനോ, സസന്തോഷം അതു സ്വീകരിച്ചു കുടിച്ചു.

ഈ 'അന്നാഹാരം' കഴിച്ച ഉടനേതന്നെ അവയവങ്ങൾക്കും മനസ്സിനും ഒരു ശക്തി ഉണ്ടാകയും പിന്നിടും താൻ ആരാഞ്ഞുകൊണ്ടിരുന്ന മാർഗ്ഗത്തെപ്പററിതന്നെ ചിന്തിച്ചുതുടങ്ങുകയുംചെയ്തു

ഈ സംഭവത്തിനുശേഷം ഇദ്ദേഹം കാലാകാലങ്ങളിൽ ഭക്ഷണം മുറയ്ക്കു കഴിച്ചുവരുന്നതും, ഈ മാററം നന്ദ കൊടുത്ത കഞ്ഞിവെള്ളത്തിൽനിന്നും ഉണ്ടായതുംകണ്ടു ബുദ്ധന്റെ ശിഷ്യന്മാരായ ഭിക്ഷുക്കൾക്കുകൂടി സംശയങ്ങൾ ഉണ്ടായി. സിദ്ധാർത്ഥന്റെ മോക്ഷാന്വേഷണത്തിനുള്ള താല്പര്യവും, ലൌകികവസ്തുക്കളിലുള്ള വൈമുഖ്യവും കേവലം ഒരു തരുണിയാൽ മാറി എന്നും, ഇനിമേൽ ഇദ്ദേഹത്തിന്റെ ശിഷ്യരായിരിക്കുന്നതിൽ പ്രയോജനമില്ലെന്നും അവർ തീർച്ചയാക്കി, അദ്ദേഹത്തെ വിട്ടുപിരിഞ്ഞു.

തന്നിൽ ഇവൎക്കുള്ള വിശ്വാസമില്ലായ്മയും, താൻ ഏകാകിയായിത്തീർന്നസ്ഥിതിയും മനസ്സിലാക്കി ബുദ്ധൻ കുറേത്തോന്നു ഖേദിച്ചു. പക്ഷെ ആ ക്ലേശത്തെ പുറത്തുകാണിക്കാതെ മനസ്സിൽ അടക്കുകയും, അവിടം വിട്ടു പുറപ്പെടുകയും ചെയ്യുന്നതുകണ്ടു്, "ഇവിടം വാസം സുഖമില്ലാത്തതിനാൽ സിദ്ധാർത്ഥൻ വേറെ സ്ഥലം അന്വേഷിച്ചു പോകുന്നു" എന്നു് ശിഷ്യന്മാരായിത്തീർന്ന ഈ അഞ്ചു സന്ന്യാസികളും പറയുകയും ചെയ്തു.

---

ഗാത്ഥത്തിൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽമാത്രമല്ലെ, ആ ദിവ്യസാമ്രാജ്യത്തിന്റെ ദർശനം അല്പമെങ്കിലും നമുക്കുകിട്ടുന്നതു്. വരൂ! നമുക്കു സൌരയൂഥസാകല്യങ്ങളേയും പിന്നിട്ടു തമസ്സഃപരമായ ആ ലോകാന്തരത്തിലേക്കു ഒരുമിച്ചു ഒന്നുപറക്കാം. നമുക്കു് പരസ്പരം കണ്ണുനീർ തുടയ്ക്കാം. സാന്ത്വനങ്ങൾ അരുളാം. ഈ ജീവിതബുദ്ബുദങ്ങൾ കാലത്തിന്റെ മലരീനികരങ്ങളിൽ തകന്നു് അവയിൽ അമന്നിരിക്കുന്ന ആത്മനിശ്വാസങ്ങൾക്കു മോക്ഷംലഭിക്കുവോളം നമുക്കു് ഇങ്ങനെ പറന്നുകൊണ്ടിരിക്കാം. ദുരിതപൂർണ്ണമായ ഈ ലോകത്തെ അങ്ങനെ അല്പനേരത്തേക്കെങ്കിലും മറക്കുവാൻ സാധിച്ചാൽ അതിൽ പരമായ ഒരു സൌഭാഗ്യം നമുക്കു ഈ ജീവിതത്തിൽ ലഭിക്കുവാനില്ല. രവീ! കണ്ണുനീരിൽ തഴുതല്ലുന്ന ഈ സ്നേഹം നമ്മുടെ ജീവിതത്തെ ധന്യധന്യമാക്കിത്തീർക്കട്ടെ എന്നെ വിശ്വസിക്കൂ! എന്റെ പ്രിയപ്പെട്ടസോദരൻ ഒരുകാലത്തും ഏകാകിയല്ല"

യാമിനിയുടെ വെൺമുകിൽതുണ്ടുകൾ പനിമതിപൊഴിച്ച തുഹിനോദബാഷ്പങ്ങൾ തുടച്ചു.

---


## പ്രകാശം പൊന്നാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള
ഒരു യഥാർത്ഥ സാധനം.
സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.
വളകൾ ജോടി ഒന്നിനു രൂപാ 3.
കാററ്ലാഗ് ഇനാം.
ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്സ്, 187 ചൈനാബസ്സാർറോഡ്,
ജി. ടി. മദ്രാസ്.



ജപ്പാൻചക്രവത്തിയുടെ സന്നിധാനത്തിൽവച്ചു, വാഷിംഗ്ടൺ നാവികസന്ധിയെ ഉപേക്ഷിക്കാനുള്ള നിശ്ചയം പ്രിവികൗൺസിൽ ചെയ്തിരിക്കുന്നു. ക്രിസ്തുമസ്സിനുശേഷം ഇതു ഔപചാരികമായി പരസ്യപ്പെടുത്തുന്നതാണെന്നും കാണുന്നു.

* * *

16000-പവൻ വിലയുള്ള സ്വാവരസ്വത്തുക്കൾ രണ്ടുമാസങ്ങൾക്കുമുൻപു് ലണ്ടനിൽവച്ചു മരിച്ച ലേഡി പൗവർ തന്റെ വിശ്വസ്തഭൃത്യരായ ജെസ്സിലൂയിസിനു മരണപത്രപ്രകാരം ദാനംചെയ്തിരിക്കുന്നതായി അറിയുന്നു.

* * *

വീട്ടിൽ മോഷ്ടിക്കുവാൻകയറിയ ഒരാളെ പാരീസിലെ ഒരുസ്ത്രീ ഈയിടെവിവാഹംകഴിച്ചിരിക്കുന്നു. മോഷണം അവിടെ ഈ പ്രയോഗംകൊണ്ടും നിന്നില്ലെങ്കിൽ മററു യാതൊന്നുകൊണ്ടും നിൽക്കയില്ലെന്നാണു അവിടെയുള്ളവരുടെ അഭിപ്രായം.

* * *

ഡാക്ടർ താരകനാഥദാസിനെ വാഷിങ്ടൺ സർവകലാശാലയിൽ ഒരുയർന്നുദ്യോഗത്തിൽ ആക്കിയതിനെപ്പററി അവിടത്തെ പത്രങ്ങൾ സർവകലാശാലാധികാരികളെ അനുമോദിക്കുന്നു "ഈ തിരഞ്ഞെടുപ്പു ഏററവും ഉത്തമമാണു്." എന്നാണു് "വാഷിങ്ടൺ ഹെറാൾഡ്" അഭിപ്രായപ്പെടുന്നതു്.

* * *

പ്രായോഗികമായ യാതൊരുജോലിയും ചെയ്യുവാൻ ശക്തിയില്ലാത്ത പത്തൊൻപതുവയസ്സുപ്രായമുള്ള ഒരു യുവാവു് ലണ്ടനിലെ ഒരു സ്ഥാപനത്തിലുണ്ടു്. എന്നാൽ മണം അറിയുവാൻ ഇയാൾക്കുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണു്. ഒരലക്കുകമ്പനിയിൽവരുന്ന തുണികൾ തിരിയുന്ന ജോലിയാണിയാൾക്കിപ്പോൾ ഉള്ളതു്. മണം അറിഞ്ഞാണു് ഈപ്രവൃത്തി ഇയാൾ ചെയ്തുപോരുന്നതു്.

* * *

ഇന്ത്യൻഭരണപരിഷ്കാരത്തിനെ പ്രഭുസഭയിൽ ഒരാൾക്കു നാലുപേർവീതം അനുകൂലിച്ചിരിക്കുന്നു. ഭരണപരിഷ്കാരബില്ലിൽഎന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്നു അറിയുന്നതുവരെ കാത്തിരിക്കണമെന്നുള്ള സാലിസ്ബറിപ്രഭുവിന്റെ ഭേദഗതി 62-അനുകൂലവോട്ടിനു 239-പ്രതികൂലവോട്ടോടെതള്ളപ്പെട്ടു.

* * *

വരുന്ന ജനുവരിമാസത്തിൽ ഉദ്യോഗത്തിൽനിന്നുപിരിയുന്ന കുമാരമഹാരാജസിങ്ങിനുപകരം തെക്കേആഫ്റിക്കൻഏജൻറായി സ്റ്റേററുകൗൺസിൽമെംബറായ സെയ്യിദ്റാസാആലിയെ നിയമിച്ചിരിക്കുന്നു എന്നു ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നു. ജനുവരി ആദ്യവാരത്തിൽ പുതിയ ഉദ്യോഗസ്ഥനു ബാംബെയിൽനിന്നു കപ്പൽകയറുന്നതാണു്.

* * *

റഷ്യയും ജപ്പാനുംതമ്മിൽ യുദ്ധമുണ്ടാകുന്നെങ്കിൽ 4 0-കോടിഫ്രാങ്കിന്റെ യുദ്ധസാമഗ്രികൾ ഫ്റാൻസു റഷ്യയ്ക്കുകൊടുക്കണമെന്നും, നേരേമറിച്ചു ഫ്റാൻസും ജർമ്മനിയുംതമ്മിൽ യുദ്ധമുണ്ടായാൽ അതേവിലയ്ക്കുള്ള ധാന്യം റഷ്യ ഫ്റാൻസിനു കൊടുക്കണമെന്നും സൈനികമായും, വാണിജ്യപരമായും ഫ്റാൻസും റഷ്യയുംതമ്മിൽഒരു സഖ്യം ചെയ്തിരിക്കുന്നതായി ...ാർ എന്ന പത്രം പറയുന്നു ലണ്ടനിലെ സോവിയററു്സ്ഥാനപതി ഈ റിപ്പോർട്ടിനെ നിഷേധിക്കുന്നു. പാരീസിൽനിന്നറിയുന്നതും യാതൊരു പ്രത്യേകസഖ്യവും ഉണ്ടായിട്ടില്ലെന്നാണു്. ...തിൽ സത്യമായ ഒരുവാക്കുപോലുമില്ലെന്നു ലണ്ടനിലെ ഫറഞ്ചുസ്ഥാനപതിപറയുന്നു.

* * *

ഡാക്ടർ എമാർ അക്കോസ്റ്റാ.



അർജെൻറയിനിലെ നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആദ്യവനിതാമെമ്പർ. ആ നാട്ടിലെ ഏററവുംചില 'വനിതാവക്കീല'ന്മാരിൽ ഒരാളാണു് ഡാക്ടർ എമാർ അക്കോസ്ററാ.

* * *

മോട്ടാർ ടയറുകളുടെ മുകളിൽ സർക്കസ്സ്.




ആസ്ത്രേലിയയിൽ നിന്നുള്ള ഒരു ചിത്രമാണിതു്.

N. I. A

* * *

നെപ്പോളിയന്റെ ആദ്യത്തെ ഭാര്യയായിരുന്ന ജോസഫയിൻചക്രവത്തിനി ധരിച്ചിരുന്ന കമ്മലുകളും സിൻഡിനെ ജയിച്ചുകീഴടക്കിയ സർ ചാറത്സ് ജെയിംസ് നേപ്പിയറിനു ആ ദേശവാസികൾ സമ്മാനിച്ച സ്വർണ്ണപ്പിടിയോടുകൂടിയ ഒരുവാളും ഈയിടെ ലണ്ടനിൽവച്ചു ലേലത്തിൽ വിൽക്കാൻ തീർച്ചയാക്കിയിരിക്കുന്നു.

* * * *

പോണ്ടയിൻചതുപ്പുനിലങ്ങൾ നന്നാക്കിയെടുത്തുണ്ടാക്കിയിട്ടുള്ള ലിറോറിയോപ്രാവിൻസു് ഉൽഘാടനംചെയ്തുകൊണ്ടു മുസ്സോളിനി ഒരു പ്രസംഗം വിക്ഷേപണംചെയ്തിരിക്കുന്നു. ഒരു പത്തുകൊല്ലംകൂടികഴിഞ്ഞെങ്കിൽമാത്രമേ ആ സ്ഥലം നന്നാക്കിയെടുക്കുന്നജോലി പൂർത്തിയാകയുള്ളു എന്നും, അതിനിടയിൽ മററാരും ഉപദ്രവിക്കാതിരിക്കണമെങ്കിൽ ഇററലിക്കു വലിയ ആയുധശക്തി ഉണ്ടായിരിക്കണമെന്നുമാണു് അദ്ദേഹം പറഞ്ഞതു്.

* * *

സാറിലെ പോലീസുസൈന്യത്തിന്റെ ബ്രിട്ടീഷുതലവനായ മേജർ ഹെംസ്ലി രാജിവച്ചിരിക്കുന്നു. രാജിവയ്ക്കണമെന്നു അദ്ദേഹത്തോടു ആരും ആവശ്യപ്പെട്ടില്ല. മേജർ ഹെന്നിസിയാണു് അടുത്ത തലവൻ. പോലീസുകോടതിയിൽ ക്യാപ്ററൻ ജസ്റ്റിസിനെ വിസ്തരിക്കുമെന്നറിയുന്നു. ക്യാപ്ററൻ ജസ്റ്റിസിനു് പോലീസുകോടതിയിൽനിന്നു സാറിലെ ഗവേണിംഗ് കമ്മീഷൻ നിയമിക്കുന്ന നിഷ്പക്ഷകോടതിയിൽ അപ്പീൽകൊടുക്കാവുന്നതാണു്.

സെൻട്രൽവോൾഗാപ്രാവിൻസിൽ സോവിയററ് ഉദ്യോഗസ്ഥന്മാരുടെനേരെ ഭീകരപ്രവൃത്തനങ്ങൾ നടത്തിയതിനു നാലുപേരെക്കൂടി വെടിവച്ചുകൊല്ലുന്നതിനു വിധിച്ചിരിക്കുന്നു. ഇതിൽ ഒരു പുരോഹിതൻെറ പുത്രനെയും മററാരുവനെയും രണ്ടു പയണിയർയുവതികളെ വധിച്ചുവെന്ന കുററത്തിനാണു ചാർജ്ജുചെയ്തിട്ടുള്ളതു്.

* * * *

ചുഴലിക്കാററിൻെറ കാഠിന്യംമൂലം കഷ്ടനഷ്ടങ്ങൾ അനുഭവിച്ച ജപ്പാൻകാരെ സഹായിക്കുന്നതിനായി 44-ലക്ഷം യെൻ ജപ്പാൻചക്രവർത്തി സംഭാവനചെയ്തിട്ടു കാലം വളരെ കുറച്ചേ ആയിട്ടുള്ളു. എന്നാൽ ഇപ്പോൾ ഇതാ അദ്ദേഹം ക്ഷാമനിവാരണാർത്ഥം 5-ലക്ഷം യെൻ വീണ്ടും സംഭാവനചെയ്തിരിക്കുന്നു. ഗവർമ്മെണ്ടിൽനിന്നും ധനസഹായം ധാരാളം ക്ഷാമബാധിതക്കുലഭിച്ചിട്ടുണ്ടു്.

* * *

"ക്രിസ്തുവിൻെറ പർവ്വതപ്രസംഗം ജർമ്മൻകാക്കുതകിയതല്ല. എപ്പോഴും സൌമ്യരായി കഴിച്ചുകൂട്ടുവാൻ ആവശ്യപ്പെടുന്ന പുതിയ നിയമതത്വങ്ങൾ ജർമ്മനിയുടെ പുരുഷത്വത്തിനു യോജിച്ചതുമല്ല" എന്നാണു ജർമ്മൻവിശ്വാസപ്രസ്ഥാനത്തിൻെറ നേതാവായ പ്രൊഫസ്സർ വിൻഹെംഹൌവർ ബെർലിനിൽവച്ചു പ്രസ്താവിച്ചതു്. "സ്നേഹത്തെപ്പററിയും, വിവാഹത്തെപ്പററിയുമുള്ള ക്രിസ്തുമതതത്വങ്ങളും പരാജയപ്പെടുകയാണുണ്ടായിട്ടുള്ളതു്. യുദ്ധത്തെപ്പററിയുള്ള ക്രിസ്തുവിൻെറ ആദർശങ്ങൾക്കും തോൽവിപററുകയാണു ചെയ്തിട്ടുള്ളതു. യുദ്ധംമൂലം ലഭ്യമാകുന്ന സൌകര്യങ്ങളെ അന്വേഷിക്കുക പതിവുണ്ടെങ്കിലും, യുദ്ധത്തിനായി കാത്തിരിക്കുകയെന്നപതിവു് ജർമ്മൻകാരായ നമുക്കില്ല" എന്നും ഇദ്ദേഹം തുടർന്നുപറയുകയുണ്ടായി.

* * *

ലോകത്തിൽഉള്ളതിൽ അസുഖകരമായ ഉദ്യോഗം വഹിക്കുന്നതു് കെമൽപാഷായുടെ ഭക്ഷണം രുചിച്ചുനോക്കുന്ന ആളാണെന്നു് "സൺഡേ എക്സ്പ്രസ്സ്"എന്നപത്രം പറയുന്നു. ഈയാളുടെ ജോലി പ്രയാസമുള്ളതല്ല ദിവസം അരമണിക്കൂർനേരംവീതം ജോലിചെയ്യുന്നതിനു ഇയാൾക്കുള്ളപ്രതിഫലം പ്രതിവർഷം 3000-പവനാണു് എന്നാൽ ഈ ജോലി എത്ര ആപൽക്കരമാണെന്നു ഊഹിക്കുവാൻ പ്രയാസം. കെമാലിനുവേണ്ടി പാകംചെയ്യുന്ന സകലഭക്ഷണങ്ങളും ഇയാൾ രുചിച്ചുനോക്കണം. ഇയാൾ രുചിനോക്കി ഒരുമണിക്കൂർകഴിഞ്ഞശേഷമേ കെമാൽപാഷാ ഭക്ഷണം കഴിക്കയുള്ളു- ഭക്ഷണത്തിൽ വിഷം കലർത്തിയിട്ടുണ്ടെങ്കിൽ പരലോകംപ്രാപിക്കുന്നതു രുചിനോട്ടക്കാരനായിരിക്കുമല്ലൊ.

* * * *

തുർക്കിയിൽ അനറോൾ യഡിസ്ത്രിക്കടിൽ ഉണ്ടായ ഗുരുതരമായ ഭൂകമ്പംനിമിത്തം, ഇരുപതുപേർ മരിക്കയും, നൂറിൽപരം ആളുകൾക്കു പരുക്കുപററുകയും, ഇരുപതുഗ്രാമങ്ങളോളം നശിക്കുകയും, അനേകായിരംപേർക്കു വീടില്ലാതാകുകയുംചെയ്തിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഭൂമികുലുക്കങ്ങൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. ഗവർമ്മെണ്ടു ഭൂകമ്പദുരിതനിവാരണത്തിനുവേണ്ട പ്രവൃത്തി ചെയ്തുവരുന്നു ഭൂകമ്പപീഡിതമായ സ്ഥലത്തേക്കു ആഹാരസാധനങ്ങൾ അയയ്ക്കുന്നു. ടർക്കിയിലെ ഭൂകമ്പം ഇനിയും നിന്നിട്ടില്ല. അനേകം ഗ്രാമങ്ങൾ പാടേ നശിച്ചിരിക്കുന്നു. രാത്രിയിലത്തെ ശീതം സഹിച്ചുകൊണ്ടു് ഗ്രാമവാസികൾ തുറസ്സിൽ കഴിച്ചുകൂട്ടുന്നു. സങ്കടകരമായ ഈ അവസ്ഥയിൽ വേണ്ടസഹായങ്ങൾ ടർക്കി ചെങ്കുരിശുസംഘക്കാർചെയ്തുവരുന്നു.

* * *

ജപ്പാനിലെ ഇപ്പോഴത്തെ ജനസംഖ്യ 66194900-ആണു്. ഇതിൽ 3427 300 പുരുഷന്മാരും, 33915600-സ്ത്രീകളുമാണുള്ളതു്. കഴിഞ്ഞസംഖ്യയെ അപേക്ഷിച്ചു് മൊത്തമുള്ള കൂടുതൽ 956300-ആണു്. ആകെ ജപ്പാനിൽ 34 നഗരങ്ങൾ ഉണ്ടു്; ഇവയോരോന്നിൽ 100000-ആളുകളിൽകൂടുതൽ താമസക്കുന്നുണ്ടു് ഇതു് ആകെയുള്ള ജനസംഖ്യയുടെ 24.5 ശതമാനമാണു്.

* * *

അരക്കാൽഇഞ്ചു് വീതിയും, അരഇഞ്ചുനീളവുംഉള്ള ലോകത്തിലെ ഏററവും ചെറിയ വാച്ചു് സ്മാഷ്, ഗ്രാബ്, എന്നീ തസ്കരന്മാർകൂടി മോഷ്ടിച്ചിരിക്കുന്നു. ഇതോടുകൂടി വേറെ അൻപതു ഘടികാരങ്ങളും ടൈംലിമിററഡ് എന്ന കമ്പനിക്കു ഈ മോഷണംമൂലം നഷ്ടപ്പെട്ടിട്ടുണ്ടു്. പ്ലാററിനംകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്ന ഈ "ബേബിവാച്ചിനു്" 95 പവൻ വിലയുണ്ടു്. ഘടികാരവ്യവസായലോകത്തിൽ ഇതിൻെറ നിർമ്മാണം ഒരു പ്രധാനഘട്ടത്തെ സൂചിപ്പിക്കുന്നു ഇത്ര ചെറുതായൊരു വാച്ചു് ഉണ്ടാക്കുവാൻ സാധിക്കുന്നവർ ലോകത്തിൽ പത്തോ പന്ത്രണ്ടോപേർ മാത്രമേയുള്ളു. ഇതേവലിപ്പത്തിൽ വേറൊരുവാച്ചു് അമേരിക്കായിലുമുണ്ടു്.

* * *

രാത്രിയിൽ കാണുന്ന ആകാശത്തിൽ നക്ഷത്രങ്ങളില്ലാത്ത സ്ഥാനങ്ങളിൽ ഒന്നുമില്ലെന്നു വിചാരിക്കുന്നതു വെറും അബദ്ധമാണെന്നും, അവിടെയെല്ലാം കറുത്ത നക്ഷത്രസമൂഹങ്ങൾ ഉണ്ടെന്നും ഡാക്ടർ ആബർട്ടു് എന്നൊരാൾ പറയുന്നു. ഈ നക്ഷത്രങ്ങളുടെ രശ്മികൾ ഭൂമിയിലെത്തിയാൽ ഇവിടെയുള്ള സകലതും നൊടിയിടയിൽ നശിച്ചുപോകുമത്രെ. ഈ രശ്മികൾ വെളിച്ചത്തിൻെറ ഒരു പ്രതീതിയും നമ്മിൽഉളവാക്കുകയില്ല. അന്തരീക്ഷത്തിൽ സ്റ്റ്റാട്ടോസ്ഫിയർ എന്നു പറയപ്പെടുന്ന വലയത്തിൽഉള്ള ഓസോൺകൊണ്ടു മാത്രമാണു കറുത്ത നക്ഷത്രങ്ങളുടെ രശ്മികൾ ഭൂമിയിൽ പതിക്കാത്തതു് ഈ കരിംതാരങ്ങൾ വെളിച്ചം പുറപ്പെടുവിക്കാൻ വയ്യാത്തവിധം അത്രമാത്രം അത്യുഗ്രമായി ജ്വലിച്ചുകൊണ്ടിരിക്കയാണുപോൽ! സൂര്യൻെറഉപരിതലത്തിലെ ചൂടിനെക്കാൾ മൂന്നിരട്ടി ചൂടാണു കരിംതാരങ്ങളുടെ ഉപരിതലത്തിൽ ഉള്ളതു്. അതായതു 36000 ഡിഗ്രി ചൂടു്! ഏററവും ഹ്രസ്വമായ തരംഗായാമത്തോടുകൂടിയ അൾട്രാവയലററ് രശ്മികളാണു അവയുടെ ഉൽഭാസനത്തിൽ കാണപ്പെടുന്നതു്. നാം കാണുന്ന നീലപ്രഭയോടുകൂടിയ നക്ഷത്രങ്ങൾ എല്ലാംതന്നെ ജീവനാശകങ്ങളാണു്.


# നാളികേരമാക്ക

## (കോക്കൊനട്ട്ബ്രാൻറ്.)

"ലോട്ടസ്ഹണി." കഴിഞ്ഞ കറാച്ചി കാൺഗ്രസ്സ്പ്രദർശനത്തിൽ മെഡലുകളും സർട്ടിഫിക്കററുകളും ലഭിച്ചതു്. ഇതു ഒരു പ്രകൃതിലബ്ധമായ ഔഷധമാണു്. സകല നയനരോഗങ്ങളേയും ശമിപ്പിക്കുന്നു. തിമിരം, ഗ്ലാക്കോമാ മുതലായവപോലും ശസ്ത്രക്രിയ കൂടാതെ ഭേദമാകുന്നു. ഡ്രാമിനു 2 രൂ. വിലകൂടാതെ കിട്ടുന്ന പുസ്തകത്തിനു അപേക്ഷിക്കുക.

**New Formula Co Kandi, Bengal.**

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ ആയിരിക്കണം.




ജന്തുബന്ധുസംഘംവക മൃഗപ്രദർശന (തിരുവനന്തപുരം)ത്തിൽ സമ്മാനങ്ങൾ ലഭിച്ചമൃഗങ്ങൾ.

Royal Studio, Trivandrum.

# മലയാളരാജ്യം.

1110 ധനു 9-ാംനു- തിങ്കളാഴ്ച

ജായിൻറ് പാർലമെൻററിക്കമ്മിററി റിപ്പോർട്ടിനെ സാധൂകരിച്ചുകൊണ്ട് ഇതിനകം ബ്രിട്ടീഷുമേധാവികൾ ചെയ്ത പ്രസംഗങ്ങൾക്കെല്ലാം പൊതുവെ ഒരുലക്ഷണം കാണാവുന്നതാണ്. ഇൻഡ്യൻപക്ഷത്തുനിന്നുള്ള ആക്ഷേപങ്ങളൊന്നുംതന്നെ അവർ കേട്ടതായി ഭാവിക്കുന്നില്ല. ഇൻഡ്യാക്കാരുടെ അഭിപ്രായത്തെപ്പററിയുള്ള അവമതിയും ഇന്ത്യാക്കാർക്ക് ബോധ്യംവരത്തക്കവണ്ണം യാതൊരു സമാധാനവും പറയാനില്ലെന്നുള്ള പരമാർത്ഥവും ആയിരിക്കാം ഇതിൻെറകാരണം. പാർലമെൻറ് അനുവദിക്കുന്ന ഭരണപരിഷ്കാരം ഇൻഡ്യ സ്വീകരിച്ചു നടപ്പാക്കാത്തപക്ഷം ഇനി വളരെക്കാലത്തേക്ക് ഇൻഡ്യയ്ക്കു യാതൊരു ഭരണപരിഷ്കാരവും ലഭിക്കുന്നതല്ലെന്നു സർ സാമുവൽഹോർ കാമൺസിൽ പറഞ്ഞതിനെ വൈസ്രായി യൂറോപ്യൻഅസോസ്യേഷൻ ഡിന്നറിലെ തൻെറ പ്രസംഗത്തിൽ ആവർത്തിക്കുന്നു. ഈ പ്രസ്താവനയ്ക്കു ഏതാണ്ടൊരു ഭീഷണിയുടെ മട്ടില്ലാതില്ല. എന്നിരുന്നാലും ജെ. പി. സി. റിപ്പോർട്ടു നിർദ്ദേശിക്കുന്ന ഭരണപരിഷ്കാരം ഇൻഡ്യയ്ക്കു യാതൊരുവിധത്തിലും സ്വീകാര്യമല്ലെന്നും ഇന്നു നിലവിലിരിക്കുന്ന ഭരണക്രമം എത്രതന്നെ അവമാനകരമായിരുന്നാലും അതിൻെറകീഴിൽ കഴിഞ്ഞുകൂട്ടുവാൻതന്നെ ഇഷ്ടപ്പെടുന്നുഎന്നും കാൺഗ്രസ്സുകാരുൾപ്പെടെയുള്ളഇൻഡ്യൻനേതാക്കന്മാർ വിളിച്ചുപറയുന്നുണ്ട്. ഏതായാലും ഭരണപരിഷ്കാരസംരംഭങ്ങളിൽ ബ്രിട്ടീഷുമേധാവികൾ ഇൻഡ്യൻഅഭിപ്രായങ്ങളെ നിരന്തരമായി അവഹേളിക്കയാണു ചെയ്തിട്ടുള്ളതെന്ന ഇൻഡ്യാക്കാരുടെ വിചാരത്തെ വൈസ്രായിജെ പി സി റിപ്പോർട്ടിനെപ്പററി ആദ്യമായി ചെയ്ത പരസ്യമായ അഭിപ്രായപ്രകടനം പ്രബലമാക്കുകമാത്രമേ ചെയ്തിട്ടുള്ളു.

*　　　*　　　*

ജെ പി. സി. റിപ്പോർട്ടു ഇൻഡ്യയുടെ ഉൽക്കർഷേച്ഛയെ സംതൃപ്തമാക്കാൻ പര്യാപ്തമല്ലെന്നുള്ള ഒരു അനൌദ്യോഗസ്ഥപ്രമേയത്തെപ്പററി പഞ്ചാബു നിയമസഭയിൽ ഒരു വാദപ്രതിവാദം നടന്നു. അനൌദ്യോഗസ്ഥപക്ഷത്തുനിന്നുപൊതുവേ ഉണ്ടായ കഠിനമായ നിരൂപണങ്ങൾക്കു മറുപടിയെന്നോണം ഹോംമെമ്പർ പറഞ്ഞതു ഇൻഡ്യയ്ക്കു ഈ ഭരണപരിഷ്കാരം അനുവദിക്കുന്നതു ഇൻഡ്യ നടത്തിയ പ്രക്ഷോഭണങ്ങളുടേയും അവകാശവാദങ്ങളുടേയും ഫലമായിട്ടല്ലെന്നും മഹായുദ്ധത്തിനിടയ്ക്കു ഇൻഡ്യ ചെയ്ത സേവനത്തിനു ഒരു ദാനമെന്നനിലയിലാണെന്നും ആണ്. ഈ അഭിപ്രായത്തിൻെറപിന്നിൽ കാണുന്ന മനോഭാവം ഊഹ്യമാണ്. പ്രസ്തുത ന്യായമനുസരിച്ചു ഇൻഡ്യ സ്വാതന്ത്ര്യയാകണമെങ്കിൽ എത്ര മഹായുദ്ധങ്ങളിൽ സേവനംകഴിഞ്ഞാലാണ് സാധിക്കുക. ഈ ചിന്ത ഇന്ത്യാക്കാരുടെ മനസ്സിൽ ഉദിക്കുന്നുണ്ടായിരിക്കണം. പഞ്ചാബുനിയമസഭയിൽ പ്രസ്തുതപ്രമേയം 5-വോട്ടുകൾക്കെതിരായി 4-വോട്ടുകളോടെ പാസ്സാകുകയാണുണ്ടായതു്. ഗവർമ്മെൻറുമെമ്പർ നിഷ്പക്ഷനിലയാണവലംബിച്ചതു് എന്നും കാണുന്നു.

*　　　*　　　*

ഈയിടെസിലോൺസ്റ്റേററുകൗൺസിലിൽ നടന്ന ഒരു വാദപ്രതിവാദത്തിൽ പൊതുവേ ഇൻഡ്യക്കാരും, വിശേഷിച്ചു മലയാളികളും ആയ വേലക്കാർക്കു സിലോണിൽ സൂചികുത്തുവാൻപോലും സ്ഥലമനുവദിക്കരുതെന്ന അഭിപ്രായമാണു മിക്കമെമ്പറന്മാരും പ്രകടിപ്പിച്ചതു്. സിലോണിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ പരിഗണിച്ചു, സിലോണിലെ സിലോൺകാരല്ലാത്ത വേലക്കാർ നിമിത്തമുണ്ടായിരിക്കുന്ന പ്രശ്നത്തെയും, മററുരാജ്യങ്ങളിൽനിന്നും സിലോണിൽവരുന്ന വേലക്കാരെ നിയന്ത്രിക്കേണ്ടതിനെയുംപററി ആലോചിച്ചു റിപ്പോർട്ടുചെയ്യുവാൻ ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവമ്മെൻറിനോടപേക്ഷിച്ചുകൊണ്ടു സിലോൺ സ്റ്റേററുകൗൺസിൽ ഒരു പ്രമേയം പാസാക്കീട്ടുണ്ടു് ഇതനുസരിച്ചു അവർ പ്രവൃത്തിതുടരുമെന്നും സിലോണിലെ ഇൻഡ്യാക്കാരുടെസ്ഥിതി അടുത്ത കാലത്തുതന്നെ പരുങ്ങലിലാകുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു. അങ്ങനെവന്നാൽ അതു ഈ രാജ്യത്തെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമായിത്തീരുന്നതാണ്. സിലോണിൻെറഐശ്വര്യത്തിനും അഭിവൃദ്ധിക്കുംവേണ്ടി കഠിനമായിവേലചെയ്തിട്ടുള്ള മലയാളികളായ വേലക്കാരെ അവിടെനിന്നും കണ്ണീരും കയ്യുമായി ഇറക്കിവിടുന്നതു് സാമാന്യനീതിക്കുതന്നെ വിരുദ്ധമാകുന്നു. കേരളത്തിലെ കേരവ്യവസായത്തെ അധഃപതിപ്പിച്ച സിലോൺ ഇപ്പോൾ മലയാളികളായ സാധുവേലക്കാരെ തൊഴിലില്ലാത്തവരും നിരാലംബരുംആക്കിത്തീർക്കുവാൻ സന്നദ്ധരാവുന്നു. സിലോണിൻെറ സാമ്പത്തികസമരം കേരളത്തിൻെറനേർക്കാണു മുഖ്യമായി തിരിച്ചുവിട്ടിരിക്കുന്നതു്. സിലോൺകൊപ്ര ഇൻഡ്യയിൽ ചെലവാക്കുന്നതിനുവേണ്ടി ഇൻഡ്യയും സിലോണുമായുള്ള പാരമ്പര്യബന്ധത്തെയും സംസ്കാരൈക്യത്തെയുംപററി സിലോണിലെമന്ത്രിമാർ സുമധുരമായി പ്രസംഗിച്ചിട്ടുണ്ട്. എന്നാൽ ഇൻഡ്യൻവേലക്കാരെ ആട്ടിപ്പായിക്കുന്നകാര്യത്തിൽ അവർ സങ്കുചിതമായ ദേശീയതപത്തിൽ മുറുകെപ്പിടിക്കുന്നു. മലയാളക്കരയുടെ താൽപര്യസംരക്ഷണത്തിനു വേണ്ടനടപടികൾ നടത്തുവാൻ ഇന്ത്യാഗവർമ്മെൻറു കാലതാമസം വരുത്തുന്നതു് കേവലം ദുസ്സഹമാണ്. സിലോൺ സിംഗപ്പോർ മുതലായ സ്ഥലങ്ങളിൽ ഇൻഡ്യക്കാർ പല പ്രവൃത്തികളിലുംഏർപ്പെട്ടിട്ടുണ്ട്. ഇവിടെഎല്ലാംഇന്ത്യാക്കാരെ പൊതുവെയും മലയാളികളെ പ്രത്യേകിച്ചും എതിർത്തു സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ മലയാളക്കരയിലെ ജനങ്ങളുടെ കർത്തവ്യം വ്യക്തമാണ്. ഇപ്പോൾതന്നെ നടമാടുന്ന തൊഴിലില്ലായ്മയുടെ ഭാവി എന്തായിരിക്കുമെന്ന ഭീതിയാണ് ഇതിൽനിന്നെല്ലാമുണ്ടാകുന്നതു്.

*　　　*　　　*

സമസ്തേന്ത്യാ ഗ്രാമീണവ്യവസായസംഘത്തിൻെറ, ഏജൻറന്മാരുടെ കർത്തവ്യങ്ങളെ നിർവചിക്കുന്ന ഒരു സ്റ്റേററുമെൻറു മഹാത്മജി പ്രസിദ്ധം ചെയ്തിരിക്കുന്നു. സഹപ്രവർത്തകന്മാരുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഒരാൾക്കു പ്രവർത്തനം നടത്തുവാൻ സാധിക്കുന്നതിൽകൂടുതൽ ഗ്രാമങ്ങളുടെ ചാർജ്ജു യാതൊരുത്തരും ഏറെറടുക്കരുതെന്നുള്ളതാണു പ്രാധാനമായിഓർത്തിരിക്കേണ്ടസംഗതി. സഹപ്രവർത്തകന്മാരെ വേണമെങ്കിൽ ഏജൻറന്മാർ തന്നെ കണ്ടുപിടിക്കേണ്ടതാണ്. മാനേജുമെൻറുബോർഡ് സാമ്പത്തികമായ യാതൊരു ഉത്തരവാദിത്വവും ഏറെറടുക്കുന്നതല്ല ശമ്പളത്തോടുകൂടിയ ഏജൻറന്മാരെ നിയമിക്കുന്നപക്ഷം ബോർഡിനു ഇൻഡ്യയിലുള്ള ഏഴുലക്ഷംഗ്രാമങ്ങളിലും പ്രവർത്തനം നടത്തുവാൻ സാധിക്കുന്നതല്ല. വളരെനാളായി വിഗണിക്കപ്പെട്ടിരിക്കുന്ന ഗ്രാമങ്ങളെ സേവിക്കേണ്ട ആവശ്യം ബോദ്ധ്യമായിട്ടുള്ളവരും ആത്മത്യാഗം ചെയ്യുവാൻ സന്നദ്ധതയുള്ളവരുംആയ സ്ത്രീകളും പുരുഷന്മാരും വേണ്ടുവോളമുണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണു സംഘംപ്രവർത്തനം തുടങ്ങിയിട്ടുള്ളതെന്നും അനുസ്മരിപ്പിച്ചിരിക്കുന്നു. ഓരോ ഏജൻറും തൻെറ സ്ഥലത്തുള്ള ഗ്രാമങ്ങളിലെ ശുചീകരണപ്രവൃത്തികളിൽ ശ്രദ്ധിക്കണമെന്നുള്ളതു ഒരു മുഖ്യവ്യവസ്ഥയാകുന്നു ഗ്രാമങ്ങളിൽ ആവശ്യമുള്ളതിൽകവിഞ്ഞുള്ള ഉല്പന്നങ്ങൾക്കു കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനും സുരക്ഷിതമായവിധത്തിൽ സ്റ്റോർചെയ്യിക്കുവാനും ഏജൻറിനു ചുമതലയുണ്ട്. ഓരോ ഏജൻറും തൻെറ പ്രദേശത്തു തൻെറ പ്രവർത്തനപരിപാടിക്കു അനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിനുവേണ്ടി നല്ലതുപോലെ പ്രചരണംവേല നടത്തണമെന്നുള്ളതും നിർബന്ധമാണ്. ഓരോ ഏജൻറും തൻെറ പ്രവർത്തനംസംബന്ധിച്ചുള്ള ചെലവുകൾക്കു വരിസംഖ്യകളേയും സംഭാവനകളെയും ആശ്രയിക്കയല്ലാതെ സെൻട്രൽആഫീസിൽനിന്നു യാതൊരു സഹായവും പ്രതീക്ഷിക്കേണ്ടതില്ല. ഈവിധത്തിൽപിരിയുന്നഫണ്ടിൻെറ യാതൊരു അംശവും ഏജൻറു സ്വന്തം ചിലവിനായി വിനിയോഗിക്കുവാൻ പാടുള്ളതുമല്ല. ഫണ്ടു മതിയാകുന്നപക്ഷം പ്രതിഫലം പററുന്ന പ്രവർത്തകന്മാരെ ഏജൻറിനു നിയമിക്കയും ചെയ്യാം. കണക്കുകൾ സൂക്ഷിക്കേണ്ടതിനെപ്പററിയും പ്രസ്തുതചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഏജൻറന്മാരായിരിക്കാൻ സമ്മതമുള്ളവർ വിശദവിവരങ്ങൾസഹിതം വാർദ്ധായിൽ അറിവുകൊടുക്കണമെന്നും പ്രസ്താവനയിൽ കാണിച്ചിരിക്കുന്നു. ഗ്രാമോദ്ധാരണപ്രവർത്തനങ്ങൾ എത്രമാത്രം വിപുലവും സമഗ്രവുമായരീതിയിലാണു മഹാത്മജി വിഭാവനംചെയ്തിരിക്കുന്നതെന്നു ഈ പ്രസ്താവനയിൽനിന്നു് പൂർണ്ണമായി കാണാവുന്നതാണ്.

---

## സർവരാജ്യപ്രശസ്തിയുള്ള രാജവംശസുന്ദരികൾ.



കെൻറ - മരീനാവിവാഹാവസരത്തിൽ വധുവിൻെറ തോഴികളായിരുന്ന (ഇടത്തുനിന്നു വലത്തോട്ട്) ലേഡി ഐറിസ് മൗണ്ട്ബാററൻ, [ബ്രിട്ടീഷ്‌രാജകുടുംബത്തിലെ ഒരംഗം,] ഗ്രീസ്സിലെ ഐറീനി രാജകുമാരി, റഷ്യയിലെ ഗ്രാൻറ് ഡച്ചസ്സ്കിരാ

U. P. S

## വിമാനാപകടം.




ക്യാനഡായിൽനിന്നു ആസ്ത്രേലിയായിലേക്കു പസിഫിക്ക് മഹാസമുദ്രത്തിൻെറമുകളിൽക്കൂടി 8000 മൈൽ പറക്കുന്നതിനുള്ള മഹായത്നത്തിൽ ചരമമടഞ്ഞ മിസ്റ്റർ ചാൽസ് അം എന്ന ആസ്ത്രേലിയൻ വൈമാനികനുവേണ്ടി പ്രത്യേകമായി പോർട്ട്സ്മത്തിൽ നിർമ്മിക്കപ്പെട്ടതും മണിക്കൂറിൽ 150 മൈൽ വേഗമുള്ളതുമായ വിമാനം സത്താം പ്ടററണിൽവച്ചു ആസ്കേനിയാ എന്ന കപ്പലിൽ കയററുന്നു.

U. P. S.

## മെൽബോൺ ആഘോഷത്തിൽ സംബന്ധിക്കുന്നതിനു്.



മെൽബോണിലെ ശതവാർഷികാഘോഷത്തിൽ സംബന്ധിക്കുന്നതിനായി പുറപ്പെട്ട ഒരു അമേരിക്കൻ ഇൻഡ്യൻസംഘം ഇടത്തുനിന്നും വലത്തോട്ടു നില്ക്കുന്നവരുടെപേരുകൾ മലയാളത്തിൽതർജ്ജമചെയ്താൽ ചന്ദ്രിക, നീയായിരുന്നു, ലോഹദൃഷ്ടി, ശ്രീമതി ശാഖാപക്ഷി, ശ്രീമാൻ ശാഖാപക്ഷി, ബക്ക്ഹാർട്ട് (ഇതു സംഘത്തെ നയിച്ച യൂറോപ്യൻെറ പേരാകുന്നു.) മഹാവൃക്ഷം, രാജകുമാരിനക്ഷത്രപ്രഭ, ഏകാന്തസഞ്ചാരി, ഉയന്ന കഴുകൻ എന്നെല്ലാമാകും

U. P. S.



മെൽബോണിലെ ശതവാർഷികോത്സവത്തിൽ സംബന്ധിക്കുവാൻ സന്നിഹിതനായ ഡ്യൂക്ക് ആഫ് ഗ്ലൂസ്റ്ററിനെ ബഹുമാനിച്ചു നടത്തിയ മഹാഘോഷയാത്ര.

N. I. A.

# എൻെറ പ്രണയാൎത്ഥന.

(അങ്കമാലി, പി. കെ ഗൌരിക്കുട്ടിഅമ്മ)

വാകലിൻ പുരാരാമം മുഴുവൻമൂടിപ്പാനാ-
യകമേതിങ്ങിക്കൂടിനിന്ന രാപ്പോത്തിൻകൂട്ടം
കണ്ടപോൽ പറന്നെത്തും കരിരോൻ കരമേററു
കടലാം ചെളിക്കുണ്ടിലഭയം പ്രാപിക്കുന്നു.
വേകുമുള്ളോടിങ്ങിനിയെത്ര ഞാൻ നിന്നീടേണ-
മേകനായടച്ചിട്ടൊരിക്കവാടത്തിൻമുൻപിൽ?
ആവാതായ് വിളിപ്പതി,ന്നുയരുന്നില്ലെൻശബ്ദം,
കേവലം ഹതാശനായ് ഞാൻമടങ്ങണമെന്നോ!
മറഞ്ഞു കഴിഞ്ഞാലും പടിഞ്ഞാറഹസ്കരൻ,
കുറച്ചുനേരംകൂടി തങ്ങുമപ്രഭാപൂരം,
അതിനാൽ വയ്യെന്നാലുമതിമാത്രമാം മോഹ-
മതിയായൊന്നുകൂടി നിന്നെഞാൻ വിളിക്കട്ടെ,
"വരുകെന്നാരോമലേ! വരുകെന്നാരോമലേ!
യരുളാനാശാഫല മെനിക്കെൻസവിധത്തിൽ."

അലസപവമാനനലരിൻപരിമള-
മുലകിൻപൂമേനിയിൽ സുലഭം പൂശീടുന്നു.
അടുത്തു മൂരണ്ടെത്തി,യോരോരോ മലരിലും
കടന്നു മധുപാളി നർമ്മസല്ലാപംചെയ്വൂ,
പ്രേമത്തിൻപൂന്താരകമുച്ചയാ,യതാശിച്ചു
തുമയിലതാ, സ്നിഗ്ദ്ധനീലാഭ്രപ്പുമെത്തയിൽ-
ആയിരം കരങ്ങളും നീട്ടിവെമ്പിവന്നെത്തും
പ്രേയാൻെറ മണിമാർവ്വിൽ വിലയംപ്രാപിക്കുന്നു.
നാടകരംഗംതന്നെയീലോകമവിടത്തെ
മോടിയേറീടും ഗാനമാധുര്യം പ്രണയംതാൻ.
തെല്ലതിൻരസമേററു നിർവൃതിപൂകാവൂഞാ-
നില്ലമേ മറെറാന്നാശ, ദേവീ!നിൻ നിദർശനാൽ
കുഴലൂതവേയുണ,ന്നുയരെപ്പൂങ്കോഴികൾ,
കുളിർവാർമതികല കടലിൽ മറയവേ,
സകലം കീഴ്മേലായി,യുലകമൊരു പുത്തൻ-
സുഖജീവിതത്തിനു തയ്യാറായ് നിലകൊൾവൂ,
ഞാനുമെൻ പുതുക്കാത്ത പ്രണയാൎത്ഥനയുമായ്
ന്നുനമീയാരാമത്തിൻവാതല്ക്കലെന്നും നിൽപൂ!
"വരുകെന്നാരോമലേ! വരുകെന്നാരോമലേ!-
യരുളാനാശാഫലമെനിക്കെൻ സവിധത്തിൽ!"

പകൎപ്പവകാശം

# നിങ്ങളുടെ ഭാവി.

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡ് അയയ്ക്കുക. എന്നാൽ 1 രൂപയും ചില വും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂൎണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ട്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവൎക്കു 100 ക ഇനാം.

Professor G. Shunker,
Post Box No 72, Lahore.


നഷ്ടപ്പെട്ട ലോകം.

സർ. ആർതർ കോണൻഡോയിലിൻെറ

**THE LOST WORLD**

എന്ന നോവലിൻെറ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.


## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ഇന്ത്യൻറിസർവ്ബാങ്ക് | 4 |
| | കെ. സി. ഫിലിപ്പ് എം. എ. | |
| 2 | ബ്രിട്ടൻെറ ഇന്നത്തെനില | 5 |
| | പി. ദാമോദരൻപിള്ള ബി എ. | |
| 3. | നമ്മദാതീരത്തിലെ മദനൻ (കവിത) | 8 |
| | എൻ. കേശവപിള്ള ബി. എ.എൽ. ടി. | |
| 4. | ഡാക്ടർ ജാൺസൺ | 9 |
| | കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ ബി. എ. | |
| 5. | ഹേമന്തചന്ദ്രികയിൽ (ഭാസ്കരൻ) | 11 |
| 6 | ബുദ്ധമതതത്വങ്ങൾ | 12 |
| | കെ. പി. ഗോപാലമേനോൻ | |
| 7. | ലോകചക്രം | 13 |
| 8. | വിമൎശനം | 15 |
| 9. | എൻെറ പ്രണയാൎത്ഥന (കവിത) | 18 |
| | പി. കെ. ഗൌരിക്കുട്ടിഅമ്മ | |
| 10. | ഭാരതം | 19 |
| 11. | ചിത്രവാരികയുടെ ഒരു സൂത്രം (ചെറുകഥ) | 21 |
| | ജി. ആർ. പി. | |
| 12. | രൂപാ | 23 |
| | എ– കെ. കൊച്ചുണ്ണിക്കുത്താ | |
| 13. | കൗതുകരംഗം | 23 |
| | പുളിമാത്തു രാഘവൻനായർ | |
| 14. | ഹൃദയബാഷ്പം (കവിത) | 24 |
| | പുല്ലൂർ അച്യുതമേനോൻ | |
| 15. | സാക്കറിൻ | 25 |
| | പറവൂർ കെ ഗോപാലപിള്ള | |
| 16. | ക്ഷമിക്കനിന്നെഞാൻ വിളിക്കുവോളവും (കവിത) | 26 |
| | ബോധേശ്വരൻ | |
| 17. | വനിതാലോകം | 27 |
| 8. | സങ്കല്പസന്ദേശം (കവിത) | 28 |
| | വി വി. കെ– നമ്പ്യാർ | |
| 19. | പാചകല | 29 |
| | എസ്– ഏ– പിള്ള | |


## ഒരു തിരുത്ത്.

1110 ധനു 2–ാംതിയതിയിലെ 15-ാം ലക്കം ചിത്രവാരികയിൽ 'എൻെറ പ്രേയസി' എന്ന കവിത ചേൎത്തിരിക്കുന്നതിൽ കവിയുടെ പേരു കെ. എൻ. ബാലകൃഷ്ണപിള്ള ബി എ എന്നു പിശകായി അച്ചടിച്ചുപോയിട്ടുള്ളതും കെ എൻ. ബാലകൃഷ്ണൻനായർ ബി ഏ എന്നു തിരുത്തി വായിക്കേണ്ടതും ആകുന്നു. 18-ാംപേജിലെ 'വിഷയവിവര'ത്തിലും ആവൎത്തിച്ചിട്ടുള്ള ഈ പിശകു മുൻപറഞ്ഞപ്രകാരത്തിൽതന്നെ തിരുത്തി വായിപ്പാനുള്ളതാകുന്നു.



## ഭാരതം.

പരേതനായ വിതൽഭായിപട്ടേലിന്റെ ഒരു എണ്ണച്ഛായാപടം സൂററ മുൻസിപ്പൽഹാളിൽ സ്ഥാപിച്ചിരിക്കുന്നു.

* * *

ഗൃഹങ്ങൾ ശുചിയായി സൂക്ഷിക്കുന്നവർക്കു സമ്മാനങ്ങളും, മെഡലുകളും കൊടുക്കുവാൻ ഡൽഹി മുൻസിപ്പൽകമ്മീഷണർ തീരുമാനപ്പെടുത്തിയിരിക്കുന്നു

* * *

പഞ്ചാബ് ലജിസ്ളേററീവ് സഭയിലെ ഒരംഗമായ സർദാർ ബഹദൂർ സർദാർ മോഹൻസിങ്ങിനെ ഇൻഡ്യാ കൗൺസിൽമെമ്പറായി സ്റേററസിക്രട്ടറി തിരഞ്ഞെടുത്തിരിക്കുന്നു.

* * *

റാവൽപിണ്ഡിയിലുള്ള പട്ടാളംവിട്ടു ഒരു പഞ്ചാബി ഡെൽഹി പോലീസ്സിൽചേന്നു. ഡെസെർഷൻകുററംചുമത്തി ഇയാളെ ഈയിടെ പട്ടാളവകുപ്പുകാർ അറസ്ററചെയ്തിരിക്കുന്നു.

* * *

സാമ്രാജ്യനിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട കാൺഗ്രസ്സ് അംഗങ്ങളുടെ ഒരു യോഗം വരുന്ന ജനുവരി 25-ാംതീയതി കൂടണ്ടതാണെന്നു ഡാക്ടർ ആൻസാരിയെ ബലൂബായിദേശായി അറിയിച്ചിരിക്കുന്നു.

* * * * *

പത്രങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അനുവാദം അഭ്യർത്ഥിക്കുന്ന ഇരുപതു അപേക്ഷകർ ഡിസംബർ 4-ാംതിയതി അമൃത്സാർഡിസ്ട്രിക്ട മജിസ്ട്രേട്ടുകോർട്ടിൽ എത്തി. രണ്ടുകൂട്ടരോടു ഡേമണി കോടതിയിൽനിന്നും ആവശ്യപ്പെടുകയുണ്ടായി

* * * *

ആന്ധ്രാസർവ്വകലാശാലാ കോൺവൊക്കേഷൻ യോഗത്തിൽ ആദ്ധ്യക്ഷംവഹിക്കുന്നതിനും, ഇൻഡ്യൻ ഫിലസോഫിക്കൽ സമ്മേളനനടപടികൾ ഉൽഘാടനംചെയ്യുന്നതിനുമായി എർസ്കിൻപ്രഭു ഡിസംബർ 18-ാംതീയതിരാത്രി കൽക്കട്ടാമെയിൽവഴിയായി വാൾട്ടയാറിലേക്കു പോകയുണ്ടായി

* * *

പാചകജോലിക്കായി നിയമിച്ചതിന്റെ അടുത്തദിവസംതന്നെ ഫേയിസ്സുബക്സു എന്ന പതിനഞ്ചുവയസ്സായ ഡെൽഹിബാലൻ യജമാനന്റെ പെട്ടിയിൽനിന്നു 50 രൂപാ മോഷ്ടിച്ചുകൊണ്ടു കടന്നുകളഞ്ഞുഎന്നും അവനെ പോലീസ്സുകാർഉടൻതന്നെ അറസ്ററചെയ്തുഎന്നും കാണുന്നു.

* * *

ദക്ഷിണാഫ്റിക്കായിലെ പൊളിററിക്കൽ ഏജൻറായിരിക്കുന്ന കൺവാർ മഹാരാജസിംഗിന്റെ ഉദ്യോഗകാലാവധി ജനുവരിയിൽ അവസാനിക്കുന്നു. ഈ സ്ഥാനത്തേക്കു സെയിദ്റാസാആലിയെ നിയമിച്ചുഎന്നു ഔദ്യോദിഗപ്രസ്താവന പുറപ്പെട്ടിരിക്കുന്നു. മി. ആലി ജനുവരി ആദ്യവാരത്തിൽ ബോംബെയിൽനിന്നു കപ്പൽകയറുന്നതാണ്.

* * *

ഏതെങ്കിലും കുററംചെയ്തതിനു ജയിൽവാസം അനുഭവിച്ചശേഷം പുറത്തുവരുന്നയാളിനെ അതേ കുററത്തിനുണ്ടായിരുന്ന പിഴ ഈടാക്കുവാൻ വീണ്ടും ജയിലിൽ അടക്കാമോ? ഇങ്ങിനെയുള്ള അറസ്ററ നിയമവിരുദ്ധമാണെന്നു ലാഹോർ ഹൈക്കോർട്ടു തീരുമാനിച്ചിരിക്കുന്നു.

* * *

മിസ്സസ്സ് സ്കാട്ടിനാൽ 1110-വൃശ്ചികം 6-ാം൹ ഉൽഘാടനം ചെയ്യപ്പെട്ട മാമം പാലം.



1108 ഇടവം 15-ാംതീയതിയിലെ ഭയങ്കരജലപ്രളയത്താൽ നിശ്ശേഷം നശിച്ച് ഒന്നരവർഷക്കാലത്തോളം കൊല്ലം-തിരുവനന്തപുരം റോഡിൽ കൂടിയുള്ള ഗതാഗതത്തിനു വിഘാതം നേരിടുവിച്ച 'മാമം' എന്ന സ്ഥലത്തു്, എക്സിക്യൂട്ടീവ് എഞ്ചിനീയർ മി. കെ. ഗോവിന്ദപ്പിള്ളയുടെ നിർദ്ദേശാനുസരണം ബലമേറിയ ഒരു 'മോണിയർ'പാലവും, കലുംകം, വിസ്തൃതമായ റോഡും കണ്ട്റാക്ടർ മി. പി. ഐ. ഗോലൻനായർ ആറുമാസംകൊണ്ടു പൂർത്തിയാക്കിയതിനെ, ഇപ്പഴത്തെ ചീഫ് എഞ്ചിനീയരുടെ പത്നി മിസ്സസ്സ് ട്സ്കാട്ട 1110 വൃശ്ചികം 6-ാംനു- 12 മണിക്കു ഉൽഘാടനം ചെയ്തു ഗതാഗതം പുനഃപ്രതിഷ്ഠിതമാക്കിയിരിക്കുന്നു. ചിത്രത്തിൽ കാണുന്നവർ ഇടത്തുനിന്നും മുറയ്ക്കു്- 1 സ്ഥലനിവാസിയും പൗരപ്രമാണിയുമായ മാമം മ. നീലകണ്ഠപ്പിള്ള, 2, കണ്ട്റാക്ടർ തിരുവല്ലാ മി. പി. ഐ. ഗോപാലൻനായർ, 5, സെക്ഷനാഫീസ്സർ മി. കെ. എം. കൃഷ്ണപിള്ള, 6, അസി: എഞ്ചിനീയർ, മി. കെ. രാജരാജവർമ്മാ ബി. ഇ. എം. ഇ, 7 തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ മി. കെ. ഗോവിന്ദപ്പിള്ള ബി. എസ്സി. എൽ. സി. ഇ., 8 മിസ്സസ്സ് ട്സ്കാട്ട്, 9 ചീഫ് എഞ്ചിനീയർ മി. ജി. ബി. ഇ. ട്സ്കാട്ട്.

Photo, Krishnan Nair Bros.



മാമംപാലം—മുൻഭാഗം.



'മാമംപാലം'—ഒരുവശം.

## ശ്രീമതി എം. അമ്മിണിത്തമ്പാട്ടി ബി. എ.



തിരുവിതാംകൂറിലെ ക്ഷത്രിയസമുദായത്തിൽ നിന്നും ആദ്യമായി ബി. എ. ജയിച്ചു. എക്കണോമിക്സിൽ പ്രസിഡൻസിയിൽനിന്നുള്ള വിദ്യാർത്ഥിനികളിൽ ഒന്നാമതായി ജയിക്കയാൽ "കൊഡ്ഡാടി എതിരാജമ്മ" സ്വർണ്ണമെഡലും, 'ടൊഡണ്ടൂർ' പ്രൈസും സിദ്ധിച്ചു ഈ മഹതി റിട്ടയാർഡ് പ്രിൻസിപ്പാൾ മി. എം. രാമവർമ്മതമ്പാൻ ബി. എ. എൽ. ടി.-യുടെ ഭാഗിനേയീപുത്രിയാണ്.

"ഭർത്താക്കന്മാർ ഉപേക്ഷിച്ചു; കാമുകൻ പരിത്യജിച്ചു; അതോരോരാൾ തട്ടിയെടുത്തു, അപരൻവിക്രയംനടത്തി" ലൂദിയാനാ മജിസ്ട്രേട്ടുകോടതിയിൽവെച്ചു രണ്ടു സഹോദരിമാർ പുറപ്പെടുവിച്ച ആവലാതിയുടെ രത്നച്ചുരുക്കമാണു മേൽ ഉദ്ധരിച്ചിരിക്കുന്നതു്. ഇരുവരും ഏതോകാരണവശാൽ ഭർത്താക്കന്മാരെവിട്ടു പുറപ്പെട്ടു എങ്കിലും ജീവിതം കഴിച്ചുകൂട്ടുവാൻ ആവശ്യമുള്ള ധനം ഇവരുടെ കൈവശമുണ്ടായിരുന്നു എന്നാൽ മേൽകാണിച്ചിരിക്കുന്ന നിർഭാഗ്യങ്ങൾ എല്ലാം അനുഭവിക്കുവാൻ ഇടവന്ന ഇവർ വീണ്ടും നിസ്സഹായരായി തീർന്നിരിക്കുന്നു.

* * *

ജെ. പി. സി. റിപ്പോർട്ടിനെയും, വർഗ്ഗീയ തീരുമാനത്തെയും എതിരുള്ള പ്രക്ഷോഭണം നടത്തുവാനായി പണ്ഡിതമാളവ്യാ അടുത്ത ഏപ്രിൽമാസത്തിൽ ഇംഗ്ലണ്ടിൽപോകുവാൻ ഇടയുള്ളതായി അറിയുന്നു ഇദ്ദേഹം ഒരു ഡെപ്യൂട്ടേഷന്റെ നേതൃത്വം വഹിച്ചായിരിക്കും പോകുന്നതു്. നാട്ടുരാജ്യപ്രശ്നങ്ങളും ഇദ്ദേഹത്തിന്റെ പ്രക്ഷോഭണകാര്യപരിപാടിയിൽ ഉൾപ്പെട്ടിട്ടുണ്ടു്.

* * *

## കേരളം

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഡിസംബർ 17-ാംനു- തിങ്കളാഴ്ച കൽക്കട്ടായിൽ എത്തിച്ചേർന്നിരിക്കുന്നു. ദിവാൻ സർ മുഹമ്മദുഹബീബുള്ളായും, തിരുമനസ്സിലെ ഉപദേഷ്ടാവു് സർ- സി- പി- രാമസ്വാമിഅയ്യരും കൽക്കട്ടായിൽ എത്തിയിട്ടുണ്ടു് തിരുമനസ്സിലെ തിരിച്ചെഴുന്നള്ളത്തുപ്രോഗ്രാം ഇനിയും രൂപവൽക്കരിക്കപ്പെട്ടിട്ടില്ല തിരുമനസ്സുകൊണ്ടു കൽക്കട്ടായിൽവച്ചു വൈസ്രോയിക്കു ഒരു വിരുന്നു നൽകുന്നതാണു്.

* * *

കുടുംബപ്പൊതു വസ്തുക്കളെസംബന്ധിച്ചു സ്പെഷ്യലാപ്സർ മി- കെ എൻ- കേശവപിള്ള സമർപ്പിച്ച റിപ്പോർട്ടു ഗവർമ്മെന്റു അവധാനപൂർവ്വം ചിന്തിച്ചശേഷം ആയതു അംഗീകരിക്കുകയും അതിന്മേലുള്ള ഉത്തരവു പാസാക്കുകയും ചെയ്തിരിക്കുന്നു കുടുംബപ്പൊതുവസ്തുക്കൾ ക്രയവിക്രയംചെയ്യാൻ അവയുടെ ഉടമസ്ഥന്മാർക്കു അധികാരമുണ്ടായിരിക്കും, എന്നാൽ കാരാണ്മ ഉവൃത്തികൾക്കായി വിട്ടുകൊടുത്തിട്ടുള്ള അനുഭവവസ്തുക്കൾ ക്രയവിക്രയംചെയ്തു അന്യാധീനപ്പെടുത്തുവാൻ പാടില്ല. ഇതുസംബന്ധിച്ചു ഉടനെ ഒരു തിരുവെഴുത്തുവിളംബരം ഉണ്ടാകുന്നതാണു്.

* * *

തിരുവിതാംകൂർ ലാക്കാളേജ് അസിസ്റ്റന്റു പ്രൊഫസറായിരുന്ന മി- പി- പി- ജാൺ ബി. എ. ബി എൽ- ഇക്കഴിഞ്ഞ ചൊവ്വാഴ്ച, ഹൃദയസ്പന്ദനംനിലച്ചു പരലോകപ്രാപ്തനായിരിക്കുന്നു.

* * *

തൃപ്പൂണിത്തുറ മഹിളാസമാജത്തിന്റെ ഒന്നാമതു വാർഷികോത്സവം മി- ജി- കെ- ദേവദാറിന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. അദ്ധ്യക്ഷൻ തന്റെ പ്രസംഗത്തിൽ സ്ത്രീകൾക്കു ദേശസേവനത്തിലും, സമുദായസേവനത്തിലും ഏററവുംവലിയ ചുമതലകളുണ്ടെന്നു ശ്രദ്ധേയമാംവിധം അവരെ ഉൽബോധിപ്പിക്കുകയുണ്ടായി.

* * *

മി- ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ അദ്ധ്യക്ഷതയിൽ മാവേലിക്കര തട്ടാരമ്പലത്തിൽ കൂടിയ ഒരു പൗരമഹായോഗത്തിൽനിന്നും, തിരുവിതാംകൂർജനതയുടെ പൊതുതാൽപര്യങ്ങളെ പരിരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനായി അഖിലതിരുവിതാംകൂർ മഹാസഭ എന്ന നാമധേയത്തിൽ ഒരു സംഘം രൂപവൽക്കരിക്കണമെന്നു നിശ്ചയംചെയ്തിരിക്കുന്നു അതിനായി ഒരു കമ്മററി രൂപവൽക്കരിക്കുകയുംചെയ്തിട്ടുണ്ടു്. ഈ സഭയിലേക്കു തിരുവിതാംകൂർ കേരകർഷകസംഘത്തിലെ മുഴുവൻ അംഗങ്ങളെ ചേർക്കുന്നതിനും ഈ സ്ഥാപനങ്ങൾക്കുവേണ്ട പ്രചാരണവേല ചെയ്യുന്നതിനും മി- പരമേശ്വരൻപിള്ള ധനു 25-ാംതീയതിമുതൽ (ആദ്യം കൊല്ലത്തു്) തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സഞ്ചരിക്കുന്നതാണു്.

ചെറുകഥാപംക്തി·

# ചിത്രവാരികയുടെ രഹസ്യം.

(ജി. ആർ. പി.)

ഞാൻ പതിവുപോലെ ചിരിച്ചുംകൊണ്ട് അടുത്തുചെന്നു. അപ്പോഴാണ് കഥയറിയുക. "ഇതൊന്നും ഇങ്ങോട്ടെടുക്കണ്ട. എടുത്തതൊക്കെമതി" എന്നൊരുവെടിയും, സംഹരിക്കാനെന്നപോലെ ഒരു നോട്ടവും ഒന്നിച്ച് ഒരു നിമിഷത്തിൽ കഴിഞ്ഞു. വെടിയേററാ, ഇടിയേററാ, എന്തൊ, കുറെനേരത്തേക്കു ഞാൻ ഒന്നും തന്നെ അറിഞ്ഞതേയില്ല. എൻെറ ശ്രവണേന്ദ്രിയങ്ങൾ പ്രഥമമായിട്ടാണു ഇത്തരം വെടികേട്ടതു. ഞാൻ അന്നുവരെ എൻെറ സരളയോടല്ലാതെ മററുയാതൊരു യുവതികളോടും അകാര്യമായി സംസാരിക്കുകയൊ പരിചയപ്പെടുകയൊ ചെയ്തിട്ടില്ല. ആ സ്ഥിതിയ്ക്ക് അങ്ങിനെ ഒരുത്തരിൽനിന്നും അതുപോലെ ഒരു വാക്യംപോലും കേൾക്കേണ്ടതായി വരികയില്ലല്ലൊ. എൻെറ സരളയാകട്ടെ അന്നുവരെ എനിയ്ക്ക് അപ്രിയമായി ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. അവൾ എൻെറ അമ്മാവൻെറ മകളാണെങ്കിലും ഞങ്ങൾ തമ്മിൽ സ്നേഹമായിട്ട് രണ്ടുമൂന്നുവർഷം ആയിക്കാണും. എൻെറ സ്വഭാവത്തിനു വിപരീതമായി എന്നുമുതൽ അവളോട് എൻെറ മനസ്സിൽ സ്നേഹം ഉദിച്ചോ, അന്നുമുതൽ ഞങ്ങൾ തമ്മിൽ കാണാത്ത ദിനങ്ങൾ ചുരുങ്ങും. സ്ക്കൂൾഫൈനൽക്ലാസ്സിൽ പാസ്സായിട്ട്, കാലത്തിൻെറകോലംകൊണ്ട്, ഞാൻ സ്വസ്ഥമായി വീട്ടിൽ കഴിഞ്ഞുകൂടുന്നകാലമാണ്. അവൾക്കു സംശയമുള്ള പാഠങ്ങൾ പറഞ്ഞുകൊടുക്കുക, എൻെറ ഒരു പതിവായിത്തീൎന്നു. എന്തുകൊണ്ടോ അവളെ വിട്ടുപിരിഞ്ഞിരിക്കുന്നതു എനിയ്ക്കു ദുസ്സഹമായിതോന്നി എൻെറ ഉപദേശങ്ങളെ അവൾ സശ്രദ്ധം കേൾക്കുകയും, എനിയ്ക്കു ഹിതകരമായി എന്തും പ്രവൎത്തിക്കുന്നതിനു സർവ്വദാ ഉത്സുകയായിരിക്കയും ചെയ്തിരുന്നു. ഇങ്ങനെ പരമാനന്ദപൂൎണ്ണരായി ഞങ്ങൾ ദിവസങ്ങൾകഴിച്ചുവന്നു.

ഇപ്രകാരം ശരീരം രണ്ടാണെങ്കിലും ഏകമനോവിലാസത്തോടുകൂടി പ്രവഹിക്കാൻ തുടങ്ങിയ ഞങ്ങളുടെ ജീവിതകല്യയെ, "ലോകമേ നിൻജഠരത്തിൽ, ഇല്ല ഏകാന്തതയൊരിടത്തിൽ" എന്നതോന്നുമാറ്, തടയാൻമുതിന്ന സംഗതിയെന്തായിരിക്കാം. എന്നോടു ഇപ്രകാരം സംസാരിക്കാൻ അവൾക്കെങ്ങിനെതോന്നി അവൾ അങ്ങിനെ പറയാൻ കാരണമെന്തു്. അവൾക്കു ബുദ്ധിയ്ക്കു വല്ലതകരാറും സംഭവിച്ചോ. അതോ എനിയ്ക്ക് അവളോടു ഉണ്ടായിരുന്നതു

[ഇതിൽ വിവരിച്ചിരിക്കുന്ന കഥ ഇതുതന്നെയായിരിക്കുമോ എന്നു ചിത്രവാരികയ്ക്കു സംശയമില്ലാതില്ല. ചി. വാ. പ.]

പോലെയുള്ള സ്നേഹം അവൾക്ക് എന്നോട് ഇല്ലായിരിയ്ക്കുമൊ. അവളുടെ മനസ്സിനെ മററാരെങ്കിലും വശീകരിച്ചുകളഞ്ഞോ. ഞാൻ എന്താണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് ഒരു യുവതി എന്നെ അധിക്ഷേപിക്കുന്നതു—വിശേഷിച്ചും എൻെറ പൂൎണ്ണമനസ്സും അപഹരിച്ചിട്ട് അധിക്ഷേപിക്കുന്നതു—ഞാൻ എങ്ങിനെ സഹിക്കും ഒരു പക്ഷേ പ്രണയത്തിനു മാററുകൂട്ടുന്ന ഒരു പുച്ഛവിദ്യ, അതല്ല ഒരു പ്രണയകലഹംമാത്രമായിരിക്കുമോ ഇതു് സ്ത്രീകളെ വിശ്വസിക്കാൻ പാടില്ലെന്നാണു പലരുടേയും അഭിപ്രായം. അക്കൂട്ടത്തിൽ എൻെറ സരളയേയും കരുതണമൊ. വേണ്ടാ അവൾ അത്ര നീചയല്ല, നിശ്ചയം. പോരെങ്കിൽ ഞാൻ അവൾക്കു നല്ല പുസ്തകങ്ങൾ വായിക്കാൻകൊടുത്തിട്ടുണ്ടു് പലവിധത്തിൽ അവളെ ഞാൻ ഉപദേശിച്ചിട്ടുണ്ടു്. പിന്നെ എന്താണ്. എന്തെങ്കിലും കാൎയ്യം ഇതിൽ അന്തർഭവിച്ചിട്ടുണ്ടു അതു മനസ്സിലാക്കണം. ഇപ്രകാരമുള്ള ചിന്തകളിൽ മഗ്നനായിഞാൻ ദിവസങ്ങൾതള്ളിക്കഴിച്ചു.

എൻെറ സരളയേയും എന്നേയും അകററിനിൎത്തിയ ആ സംഗതി എന്താണ്. ഞാൻ വളരെ ആലോചിച്ചു. വിഷണ്ണനായി എനിയ്ക്കൊന്നുംമനസ്സിലായില്ല ഒടുവിൽ ഒരു സംഗതി ഓൎമ്മവന്നു ഒരു സംശയം. പക്ഷെ എനിയ്ക്കതിൽ അത്ര വിശ്വാസം തോന്നുന്നില്ല എന്നാൽ സംഗതി അതുതന്നെയായിരിക്കാം. അല്ലാതെ മറെറാന്നും ഇല്ലല്ലോ. അവൾ എന്നെ അവിശ്വസിച്ചു. ഞാൻ ഒരു ചപലനാണെന്നു വിചാരിച്ചു. ഈയിടെ ചില മാസികകളിലും പത്രങ്ങളിലും ചിലർ എഴുതുന്ന ചില ചെറുകഥകളിലെ നായകന്മാരെപ്പോലെ, ആവശ്യാനുസരണം വേഷംപോലെ പ്രവൎത്തിക്കുന്ന ഒരുവനാണു ഞാനെന്നു് അവൾ എന്നെയും എണ്ണിയതു് അവളുടെ കുററമൊ എൻെറ നിൎഭാഗ്യമൊ, എന്തൊ. എൻെറ ഹൃദയരഹസ്യം അവളെ ഞാൻ എങ്ങിനെ ധരിപ്പിക്കും. പക്ഷെ അവളും ഒരു സ്ത്രീതന്നെയല്ലെ. സ്ത്രീകൾ ആരെയും വിശ്വസിക്കുകയില്ല അസൂയ അവരുടെ കൂടെപ്പിറപ്പാണു. ഒരാഴ്ചയ്ക്കുമുമ്പു, തിരുവനന്തപുരത്തുനിന്നും മാലതിയു മാതാപിതാക്കന്മാരും ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അവർ ഞങ്ങളുടെ ഒരു ചാൎച്ചക്കാരായിരുന്നതുകൂടാതെ, ഞാൻ ചിലപ്പോൾ ചില പരീക്ഷകൾക്കു പ്രൈവററായി കൂടാറുണ്ടായിരുന്നതിനാൽ, തിരുവനന്തപുരത്തു ചെന്നാൽ താമസിച്ചിരുന്നതു അവരുടെ വീട്ടിലായിരുന്നതുകൊണ്ട്, അങ്ങിനെ അവൎക്കു എന്നോടു പ്രത്യേകസ്നേഹവുമായിരുന്നു കൃതജ്ഞനായ വെക്കേഷനായിരുന്നതുകൊണ്ട്, ഞാൻ കൂടിയുള്ള അവരുടെ ഒരു വീട്ടിൽ പോയപ്പോൾ, ഞങ്ങളോടുള്ള സ്നേഹവും ചാൎച്ചയും ആസ്പദമാക്കിയാണു വീട്ടിലും വന്നിരുന്നതു്. ഞാൻ അവരോടു ബഹുമാനമായി പെരുമാറിയതും, അവർ യാത്രയായപ്പോൾ കുറെദൂരം അവരെ അനുഗമിച്ചതും ഒരുപ്രകാരത്തിലും തെററല്ലെന്നും അതു എൻെറ കടമയാണെന്നും മനസ്സിലാക്കാൻ തക്ക മനസ്ഥിതിയില്ലാത്തവളല്ല സരള എന്ന് എനിക്കു പൂൎണ്ണമായി അറിയാവുന്നതാണ്. അതൊന്നുമല്ലകാൎയ്യം; സംഗതി വേറെ കിടക്കുന്നു. മാലതി, നവയൗവ്വനത്തികവിലെത്തിയിരിക്കുന്ന മാലതിയാണിതിനെല്ലാം കാരണം. അവൾ ഒരു സുകുമാരിയായ യുവതി. പരിഷ്ക്കാരകേന്ദ്രമായ തിരുവനന്തപുരത്തു ജനിച്ചുവളൎന്നവൾ. ഞാൻ പരീക്ഷയ്ക്കുപോകുമ്പോൾഎല്ലാം താമസം അവളുടെ വീട്ടിൽ പോരെങ്കിൽ അവൾ ഇതാ ഇവിടെ വരികയും ചെയ്തിരിക്കുന്നു. പോരെ, സരളയ്ക്കു എന്നോടു പരിഭവത്തിനു മററു വല്ല കാരണവും വേണോ? കൂടാതെ ചിലപ്പോൾ എൻെറ സരളയുടെ മനസ്സറിയാനായിട്ട്, മാലതിയെപ്പററി ഞാൻ ചില നേരംപോക്കുകൾ പറഞ്ഞിട്ടും ഉണ്ടു് അതും ഇപ്പോൾ എനിയ്ക്കെതിരായി സാക്ഷ്യം വഹിക്കുന്നു. മാലതിയെ എൻെറ ഒരു സഹോദരിയെപ്പോലെയല്ലാതെ ഞാൻ ഒരു കാലത്തും സ്നേഹിച്ചിട്ടില്ല. ആ പരമാൎത്ഥം ഞാൻ എങ്ങിനെയാണ് എൻെറ സരളയെ ധരിപ്പിക്കേണ്ടതു്. ഞാൻ അവളെ വഞ്ചിക്കുകയായിരുന്നു എന്നു അവൾ എന്നെ തെററിദ്ധരിച്ചു. ഇപ്രകാരം ചില സംശയങ്ങൾ എത്രകഴിപ്പങ്ങളോ നുവരുത്തിക്കൂട്ടുന്നതു്. എൻെറ ഹൃദയത്തിൽ, ഒരാൾക്കല്ലാതെ രണ്ടുപേൎക്കു സ്ഥാനം ഒരിയ്ക്കലും ഇല്ലെന്നുള്ള പരമാൎത്ഥം അവൾ എങ്ങിനെ അറിയും?

ദിവസങ്ങൾ പലതുകഴിഞ്ഞു മാസങ്ങളും അപ്രകാരംതന്നെ ഞങ്ങൾതമ്മിൽ സംസാരിക്കുന്ന പതിവില്ല. ഞാൻ സംശയിച്ചതുപോലെ മാലതിയെ സംബന്ധിച്ചുള്ള സംശയംകൊണ്ടുതന്നെയാ സരള ഇപ്രകാരം എന്നോടു പെരുമാറുന്നതു്. അതോ അവളേയും സംശയിക്കേണ്ടതായ കാൎയ്യംവല്ലതുംഉണ്ടോ. ഛെ, അങ്ങിനെ വരാൻ പാടില്ല. എങ്കിലും ഒന്നു പരിശോധിക്കണം എന്നെ സംശയിച്ചുകൊണ്ട് അവളേയും സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഞാൻ ഒരു എഴുത്തുഎഴുതി അവൾക്കു കൊടുത്തു. അവൾ ഒരു മറുപടിയുംതന്നു. ഹാ! അതു വായിച്ചപ്പോൾ എൻെറ സ്ഥിതി എന്തായിരുന്നു എനിയ്ക്കുണ്ടായിരുന്ന സകല ആശകളും നശിച്ചെന്നു ഞാൻ വിചാരിച്ചു അവളുടെ ഇഷ്ടം എന്തുതന്നെയായാലും അതു കുറേക്കൂടി സാവകാശമായി എന്നെ ധരിപ്പിച്ചാൽ മതിയായിരുന്നു. പക്ഷെ എന്തുചെയ്യാം. അവളുടെ ഇഷ്ടംപോലെ അവൾ എഴുതി. "ഞാൻ ഈ ലോകത്തിൽ ഒരു ഒററമനുഷ്യനെ മാത്രമെ സ്നേഹിച്ചിട്ടുള്ളു എന്നാണു എനിയ്ക്കു തോന്നുന്നതു് അച്ഛൻ നിങ്ങൾക്കു കണ്ടു പരിചയമൊ കേട്ടുപരിചയമൊ ഒന്നും ഇല്ലാത്തആളാണു. അതു് ഒരു വിദ്യാൎത്ഥിയാണു. അല്ലാതെ നിങ്ങൾ വിചാരിക്കുന്ന മറെറാരുതരത്തിലും എൻെറ മനസ്സു പോയിട്ടില്ല. എൻെറ കൃഷ്ണ സ്വാധി!

ക്കുന്നതിനു ദൈവം അനുഗ്രഹിക്കട്ടെ!" ഇതായിരുന്നു അവളുടെ മറുപടി. ഇതിൽനിന്നും ഞാൻ എന്താണു മനസ്സിലാക്കേണ്ടതു്. ഇതുവരെ എന്റെ സ്വന്തം എന്നു വിചാരിച്ചിരുന്ന അവൾ ഒരു അന്യന്റേതായോ? ചിന്തിക്കാൻകൂടി വഹിയാ. എന്നോടു രസമില്ലാതെ വന്നകാര്യ്യം ഇതുതന്നെ. പരിശുദ്ധവും പരിപാവനവുമായ ദൃഢപ്രണയത്തെപ്പററി എന്തെല്ലാം സദുപദേശങ്ങൾ ഞാൻ അവൾക്കു ചെയ്തുകൊടുത്തിട്ടുണ്ടു്. എന്നിട്ടും അവൾ ഇങ്ങനെയായോ. എന്തുചെയ്യാം സ്ത്രീകളുടെ ഹൃദയം ആരുകണ്ടു? എന്നോടു അവൾ എത്ര സൌഹാർദ്ദത്തോടുകൂടി പെരുമാറിയിട്ടുണ്ടു്. ഞങ്ങൾതമ്മിൽ എത്ര നേർസംഭാഷണങ്ങൾ ചെയ്തിട്ടുണ്ടു്. ആ സ്ഥിതിയ്ക്കു് അവൾ അവളുടെ കാമുകനോടു തെററല്ലേ പ്രവർത്തിച്ചിട്ടുള്ളതു്. അങ്ങനെ ഒരു സ്വഭാവദോഷം അവൾക്കുണ്ടാകുമൊ. സദാചാരത്തിൽനിന്നും അണുമാത്രമെങ്കിലും വ്യതിചലിക്കാതെ വളൻവന്ന അവൾ ഈവിധം ഒരു നീചമനസ്ഥിതിയ്ക്കു് അടിമപ്പെടുമോ. എങ്ങിനെയറിയാം. ഈവിധ ചിന്തകളാൽ പിന്നീടു് പല ദിനങ്ങളും ഞാൻ തള്ളിക്കഴിച്ചു. എന്നാൽ അവൾ അത്ര നികൃഷ്ടയല്ല, എന്നു എപ്പോഴും എന്റെ മനസ്സിൽ ഒരു വിചാരം അവശേഷിച്ചു. അവളുടെ എഴുത്തിനു വല്ല ആന്തരാത്ഥവും ഉണ്ടോ. അവൾ സ്നേഹിച്ചിട്ടുള്ളവനെ എനിയ്ക്കു കണ്ടുപരിചയം കേട്ടുപരിചയവും ഇല്ലെന്നല്ലെ പറഞ്ഞിരിക്കുന്നതു് അപ്പോൾ അതു തീച്ചയായും ഒരു അന്യനാണെന്നുവരുന്നു. പക്ഷെ, എന്നെ എനിയ്ക്കുതന്നെ കണ്ടുപരിചയവും കേട്ടുപരിചയവും ഇല്ലല്ലൊ. ആ സ്ഥിതിയ്ക്കു അതു് എന്നെഉദ്ദേശിച്ചായിരിക്കയില്ലെ? എന്നാൽ അയാൾ ഒരു വിദ്യാത്ഥിയാണല്ലൊ. ഞാൻ ഒരു വിദ്യാത്ഥിയാണോ. ഞാൻ സ്ക്കൂളുമായി യാത്രപറഞ്ഞിട്ടു വർഷം മൂന്നുനാലായല്ലോ. എങ്കിലും ഒരു വിദ്യാത്ഥിഎന്ന സ്ഥാനത്തിനു് ഞാൻ ഇപ്പോഴും അനർഹനല്ല. പാഠശാലാധ്യയനം ഇല്ലെങ്കിലും, ഞാൻ ഇപ്പോഴും ഓരോ പരീക്ഷകൾക്കു പ്രൈവററായി പഠിച്ചുകൊണ്ടിരിക്കയാണല്ലൊ. അങ്ങനെ ഞാനും ഒരു വിദ്യാത്ഥിതന്നെ. ആ സ്ഥിതിയ്ക്കു അവളുടെ ആഗ്രഹപുരുഷൻ ഞാൻതന്നെയായിക്കൂടയൊ. പക്ഷെ ഈവിധം ഒരത്ഥം ധ്വനിയ്ക്കത്തക്കവിധം എഴുതുന്നതിനുതക്ക സാമത്ഥ്യം അവൾക്കുണ്ടോ. ഞാൻ എന്താണു് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. ഒരുരൂപത്തിൽനോക്കിയാൽ ഞാൻ മേലാൽ അവളെ സ്മരിക്കുന്നതുകൂടി പാപം. മറെറാരുരൂപത്തിൽ നോക്കിയാൽ അവളെ തെററിധരിക്കുന്നതു അതിലുംപാപം. ഞാനെന്തുചെയ്യും. എന്റെ ഹൃദയവ്യഥ ഞാൻ എങ്ങിനെ ശമിപ്പിക്കും. ഒരു നിവൃത്തിയുമില്ലാതെ ഞാൻ വിഷമിച്ചു. ഒടുവിൽ അവളുടെ ആ വിദ്യാത്ഥി ആരാണെന്നറിയണമെന്നുംമററും കാണിച്ചു ഒരു കത്തുകൂടി കൊടുത്തു. അവൾ യാതൊരു മറുപടിയും തന്നില്ല. അവൾ ഒരന്യനെയാണു സ്നേഹിക്കുന്നതെങ്കിൽ അയാളെസംബന്ധിച്ച എന്തെങ്കിലും പരമാത്ഥം എന്നെ ധരിപ്പിച്ചു്, എന്റെ ഉപദ്രവത്തിൽനിന്നും അവൾക്കു എന്തുകൊണ്ടു് വിരമിച്ചുകൂടാ. അതിനു എന്നെ ഇങ്ങനെ വിഷമിപ്പിക്കണമെന്നുണ്ടോ. അഥവാ അവൾ എന്നെയാണു സ്നേഹിച്ചിരിക്കുന്നതെങ്കിൽ, അതു് നേരിട്ടു എന്നെ അറിയിക്കുന്നതിനു അവൾക്കു സങ്കോചവുംകാണ്ടേക്കാം. പിന്നീടും എന്റെ സംശയം വദ്ധിച്ചതേയുള്ളു. അവൾ സ്നേഹിക്കുന്നതു എന്നെയാണെന്നോ, അല്ലെന്നോ തീച്ചപ്പെടുത്താൻ എനിയ്ക്കു കഴിയാതായി. ഇങ്ങനെയുള്ള ധമ്മസങ്കടത്തിൽപ്പെട്ടുഴലുകയല്ലാതെ എനിയ്ക്കു ഗത്യന്തരമില്ലാതായി. അതിന്റെ സത്യാവസ്ഥ അറിയിക്കണമെന്നുകാണിച്ചു് പിന്നെയും രണ്ടുമൂന്നു എഴുത്തുകൾ അവൾക്കു ഞാൻ കൊടുത്തു. പക്ഷെ മറുപടി നഹി എങ്കിലും ഒരു സംശയംകൂടി എനിയ്ക്കുണ്ടായി. എന്നോടു സ്നേഹമില്ലെങ്കിൽ എന്റെ എഴുത്തുകൾ അവൾ സ്വീകരിക്കുമോ എന്നാൽ അവൾക്കു എന്തുകൊണ്ടു എന്നോടു സത്യംപറഞ്ഞുകൂടാ. ഇങ്ങനെ ഓരോവിധ ആശകൾക്കും ആശങ്കകൾക്കും അധീനനായി ഞാൻ പലനാൾ കഴിച്ചുകൂട്ടി.

സരള എന്നോടു പിണങ്ങിയിട്ടു മാസം ഏഴു തികയാറായി. അവളുടെ യാതൊരു മനസ്ഥിതിയും മനസ്സിലാക്കുന്നതിനു എനിയ്ക്കു സാധിച്ചില്ല. ഞാൻ ഓരോദിവസവും തള്ളിക്കഴിച്ചതു എങ്ങിനെയാണെന്നു് എനിക്കുമാത്രംഅറിയാം അതു അവൾ അറിയുന്നൊ. ഞങ്ങൾ തമ്മിൽ യാതൊന്നും സംസാരിക്കുന്ന പതിവില്ല. പരസ്പരം നോക്കുകപോലും ചെയ്യാറില്ല. അവളുടെ മനസ്സെന്താണെന്നു സ്ഥിരമായിഎനിക്കിനിയും അറിയാൻകഴിവില്ലയൊ? അതിനെന്താണു നിവൃത്തി. എഴുത്തുകൊടുത്താൽ ഫലമില്ല ഒരു പുതിയ വിദ്യ കണ്ടുപിടിക്കണമെന്നു നിശ്ചയിച്ചു. ആലോചനയായി. ഒടുവിൽ ഒരു വിദ്യതോന്നി ഞങ്ങളുടെ സ്നേഹത്തേയും മററു സകല സംഗതിയേയുംപററി വിവരിക്കുന്ന ഒരു ചെറുകഥയെഴുതി "ചിത്രവാരിക"യ്ക്കു അയച്ചുകൊടുക്കാൻ തീച്ചയാക്കി. ഇതു പരമാത്ഥമായ ഒരു കഥയാണെന്നു പത്രാധിപരറിയുമൊ, വായനക്കാരറിയുമൊ അബദ്ധമായാലും സുബദ്ധമായാലും ഞാനും എന്റെ സരളയുമല്ലാതെ രഹസ്യം മനസ്സിലാക്കുമൊ. പക്ഷേ എഴുതാൻ തുടങ്ങിയപ്പോഴാണു കാര്യ്യം മനസ്സിലാവുക. അതിനു കുറച്ചു പണിയാണു് എഴുതാതിരിക്കാനും നിവൃത്തിയില്ലല്ലൊ. ഏതായാലും ഒരുകൈ നോക്കുകതന്നെ. "അർദ്ധംതാൻ അർദ്ധംദൈവം" എന്നുണ്ടല്ലൊ. ഇപ്പോഴത്തെ കഥകളിൽ നായകന്മാർ മിക്കവാറും ബി. എ–ക്കാരും ബി. എൽ-ക്കാരുമായിരിക്കുന്ന സ്ഥിതിക്കു്, ഈ എട്ടുകെട്ടുകാരൻ നായകനാകുന്ന കഥയ്ക്കുണ്ടോ വല്ല രസവും ഗുണവും. ഒരു ചെറിയ നുണവേണമെങ്കിൽ തട്ടിവിടാമായിരുന്നു. പക്ഷെ എന്റെ സരളയ്ക്കു കാര്യ്യം മനസ്സിലായില്ലെങ്കിലോ? അല്ലെങ്കിലും സത്യംതന്നെ നല്ലതു്. പരിശുദ്ധപ്രണയത്തിനും അതിന്റെ രസപൌഷ്കല്യങ്ങൾക്കും ഈ എട്ടുകെട്ടുകാക്കുകൂടി അവകാശമുണ്ടെന്നു് ആ ബി. എ. ക്കാരും മനസ്സിലാക്കിയിരിക്കട്ടെ. ഏതായാലും കഥയൊന്നു തയാറാക്കി അട്ടത്ത അഞ്ചലിൽതന്നെ "ചിത്രവാരിക"യ്ക്കു അയച്ചുകൊടുത്തു.

അട്ടത്ത ലക്കം "ചിത്രവാരിക" വന്നപ്പോൾ. പരീക്ഷാഫലം അറിയാനുള്ള ഒരു വിദ്യാത്ഥിയെപ്പോലെ ഉൽക്കണ്ഠാകുലനായി 'വിറയാന്നകൈകളാൽ' അതു ഞാൻ തുറന്നുനോക്കി. യാതൊരു വത്യാസവുംകൂടാതെ എന്റെ കഥയും അതിൽ ചേത്തിരുന്നു. [ഏതു കഥയെന്നറിയാതെ ഇതിന്റെ വാസ്തവത്തെപ്പററി ചിത്രവാരികയ്ക്കു സാക്ഷ്യംവഹിക്കുവാൻ കഴിയുന്നതല്ലല്ലോ. ചി. വാ. പ.] ഞാൻആകപ്പാടെ അതൊന്നു വായിച്ചു. എങ്ങിനെയെങ്കിലും സരള അതൊന്നു കാണണമെന്നുള്ള തിടുക്കമായി. എന്റെ ഹൃദയം അതിവേഗം തുടിച്ചുതുടങ്ങി. പരമകാരുണികനായ ദൈവത്തിന്റെ കരുണപോലെ എല്ലാം നടക്കുമെന്നു വിചാരിച്ചു ഞാൻ സമാധാനപ്പെട്ടു. "ചിത്രവാരിക" പതിവായി വായിക്കാറുണ്ടായിരുന്ന എന്റെ സരള തീച്ചയായും അതു അന്നുതന്നെ വായിക്കാതിരിക്കുകയില്ല. ഏതായാലും കുറച്ചുകൂടി ക്ഷമിക്കാം. ഇനിയും അവളുടെ മനഃസ്ഥിതി എന്തായിരിക്കും.

ഞാൻ ഒരു ചാരുകസാലയിൽ കിടക്കയായിരുന്നു. പലവിധ മനോവികാരങ്ങളാൽ എനിക്കു സുബോധമില്ലായിരുന്നു എന്നുതന്നെ പറയാം. അഥവാ ഞാനൊന്നു മയങ്ങിക്കാണും. അതോ ആലോചനയിലായിരുന്നൊ എന്തൊ, അതെനിക്കിപ്പോൾ ഓമ്മയില്ല. എന്റെ നേത്രങ്ങൾക്കുചുററും കുളുമ്മയേറിയ എന്തോ വലയംചെയ്തതുപോലെ എനിക്കു തോന്നി ഞാൻ സുബോധവാനായി. പക്ഷെ എനിക്കൊന്നും കാണാൻ പാടില്ലതന്നെ. ഇതെന്താണു്? ആരോ എന്റെ കണ്ണു പൊത്തിപ്പിടിച്ചിരിക്കുന്നു. അതാരായിരിക്കാം. മൃദുലകോമളമായ രണ്ടു കൊച്ചുകൈകളാണതെന്നു് എനിക്കു മനസ്സിലായി. സരളയായിരിക്കുമൊ? അവളൊ. അവൾക്കെന്നോടു വല്ല സ്നേഹവുമുണ്ടോ. എന്നെ നേരെ നോക്കുന്നതിനുകൂടി കരുണയില്ലാത്ത സരളയൊ. പക്ഷെ അവൾക്കെന്നോടു എന്തു സ്വാതന്ത്ര്യവും കാണിക്കാമല്ലൊ. ഞാൻ അതിനെ തടഞ്ഞിട്ടില്ലല്ലൊ. സരളയല്ലായിരിക്കും. ഇങ്ങനെ പല ചിന്തകളും ഒരുനിമിഷത്തിനകം എന്റെ ഉള്ളിൽക്കൂടി ഓടിമറഞ്ഞു. "ഞാൻ കണ്ണു തുറക്കാൻ സമ്മതിക്കയില്ല" "അതാരു സരളയൊ? എന്തുകൊണ്ടു്?" "തുറന്നാൽ, അവയുടെ നിഷ്കളങ്കത മനസ്സിലാക്കാൻ പ്രാപ്തിയില്ലാതിരുന്ന നീചയായ ഇവളുടെ ദുർമുഖം അവ കാണും." "അതൊ, അത നുള്ള ഭാഗ്യം അവയ്ക്കില്ലെന്നൊ?" "അതിരിക്കട്ടെ, ഈ വിദ്യ ഇതുനാളും എവിടെ വച്ചിരുന്നു." "ഏതു വിദ്യ?" "ആലോചിച്ചുനോക്കു. ഇന്നലെ വന്ന 'ചിത്രവാരിക'യിൽ." "എന്താണു്?"

ഇതിനടയിൽ അവളുടെ കരവല്ലികൾ എന്റെ കൈകൾക്കുള്ളിലായി. കുറേനേരം രണ്ടുപേക്കും ഒന്നും മിണ്ടാൻ സാധിച്ചില്ല. എന്റെ ശരീരം വിദ്യുത്ശക്തികൊണ്ടെന്നപോലെ ഒന്നു പിടച്ചു എന്നു മാത്രം എനിക്കറിയാം. എനിക്കു ബാഹ്യലോകസ്മരണയുണ്ടായി. "സരളെ നി എന്താണു

# രൂപാ.

എ. ആർ. കൊച്ചുണ്ണികത്താ; കോട്ടയം.

ഞാൻ കൊച്ചുകുട്ടികളുടെ ശൈശവത്തിലെ കളിപ്പാട്ടമാണു്, മിഠായിയാണു്. ഞാൻ യുവാക്കന്മാരുടെ, യൌവ്വനകാലത്തെ ജീവനാണു്, വൃദ്ധന്മാരുടെ, വാൎദ്ധക്യദശയിലെ ഊന്നുവടിയാണു്, അവരുടെ ആലംബമാണു്. ഞാൻ രൂപായാണു്.

മനുഷ്യൻ എന്റെ അടിമയാണു്, എനിക്കവനെ എന്റെ താളത്തിനൊപ്പിച്ചു തുള്ളിക്കാൻ കഴിയും, ഞാൻ തുള്ളിച്ചിട്ടുണ്ടു്. ഇപ്പോഴും തുള്ളിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ലോകം എന്റെ ചവുട്ടടിയിലാണു്. എനിക്കതിനെ മാററിമറിക്കാൻകഴിയും, ഞാൻ മാററമറിച്ചിട്ടുണ്ടു്, മാററിമറിച്ചുകൊണ്ടേയിരിക്കുന്നു. പ്രകൃതി എനിക്കു അധീനയാണു്. ഞാൻ അവളെ ഉണ്ടാക്കുന്നു, നശിപ്പിക്കുന്നു, ഞാൻ രൂപായാണു്.

ഈ വിസ്തൃതമായ വിശ്വത്തിൽ ഈശ്വരനുണ്ടെങ്കിൽ അതു ഞാനാണു്, ധൎമ്മമുണ്ടോ, എങ്കിൽ അതു ഞാനാണു്, പ്രേമമുണ്ടെങ്കിൽ അതും ഞാൻ തന്നെയാണു്. ഞാൻ സത്യമാണു്, ശിവമാണു്, സുന്ദരമാണു്. ഞാൻ സത്താണു്, ചിത്താണു്, ആനന്ദമാണു്. പരലോകം ഞാനാണു്, ഇഹലോകം ഞാനാണു്, സന്തോഷം ഞാനാണു്, സന്താപവും ഞാനത്രെ. ക്ഷമയും ഞാനാണു്, മമതയും ഞാനാണു് ഞാനാണു് രൂപാ.

എന്റെ ആ മണിനാദത്തിന്റെ മധുരിമ വീണാപാണിയുടെ വീണയിലെവിടെ? ലക്ഷ്മീശന്റെ പാഞ്ചജന്യധ്വനിയിലെവിടെ? കോകിലകളകൂജിതത്തിലെവിടെ? സുന്ദരീജനത്തിന്റെ മധുരമധുരമായ ഗാനാലാപത്തിലെവിടെ? ബാലഗോപാലന്റെ മുരളീഗാനത്തിലെവിടെ? എന്റെ ആ സ്വരമാധുൎയ്യം മൃദംഗധ്വനിയിലുണ്ടോ? വീണാവാദനത്തിലുണ്ടോ? ഇഹത്തിലെവിടെ? പരത്തിലെവിടെ? ഞാൻ സപ്തസ്വരങ്ങൾക്കും ഉപരിസ്ഥനായി അഷ്ടമസ്വരമായി സ്ഥിതിചെയ്യുന്നു. ഞാൻ ആപാദചൂഡം 'മധുരമധുര'മാണു് ഞാനാണു് രൂപാ.

ഗീതാഗാനമഗ്നന്മാരെ, ഭാഗവതഭക്തന്മാരെ, രാമായണപ്രണയികളെ, മഹാഭാരതപൂജകന്മാരെ, നിങ്ങൾ എന്റെ ഗാനത്തിൽ മഗ്നരാകുവിൻ, എന്റെ ഭക്തന്മാരാകുവിൻ, എന്നെ പ്രേമിക്കുവിൻ, എന്നെ പൂജിക്കുവിൻ. ഞാനത്രെ ഭവഭയഹരണൻ; അശരണശരണനും ഞാൻതന്നെ ഞാൻ ധവളാഭിന്നനാണു്, ജനദുഃഖഹരണനുമാണു്. ഞാൻ മംഗലകരനാണു്, പുണ്യാചരണനാണു്. ഞാൻ രൂപായാണു്

എന്നിൽ അവജ്ഞയോടും, എന്നെ ദ്വേഷിച്ചും, എന്നെ തിരസ്കരിച്ചും വല്ലവൎക്കും ജീവിതം സാധ്യമാണോ? ഒരിക്കലുമല്ല.

ഞാൻ സെമിന്ദാരാണു്, രാജാവാണു്, രാജാധിരാജനാണു്, ഈശ്വരനുമാണു്. ഞാൻ രൂപായാണു്.

ലങ്ക സീതാദേവിയുടെ രോഷംകൊണ്ടോ തോഷംകൊണ്ടോ അല്ലാ ദഹിച്ചുപോയതു് — എന്റെരോഷംകൊണ്ടുംതോഷംകൊണ്ടുമാണു് ഞാൻ വിഭീഷണനിൽ സന്തുഷ്ടനായിരുന്നു. കൌരവന്മാർ ദ്രൌപദിയുടെ കോപംകൊണ്ടല്ലാ എന്റെ കോപംകൊണ്ടാണു നശിച്ചതു് — ഞാൻ പാണ്ഡവരിൽ പ്രസന്നനായിരുന്നു ജൎമ്മനി ബ്രിട്ടന്റെയോ അമേരിക്കയുടെയോ മിടുക്കുകൊണ്ടോ പരാജിതയായതു്; എന്റെ മുഷ്ക്കുകൊണ്ടാണു് — ഞാൻ ബ്രിട്ടന്റെമേൽ സന്തുഷ്ടനാണു്.

മഹാകവി ടാഗ്രർ പ്രസംഗിക്കുന്നില്ല, ഞാനാണു പ്രസംഗിക്കുന്നതു് — ഞാനദ്ദേഹത്തെക്കാൾ വലിയവനാണു്. അദ്ദേഹം സഞ്ചരിക്കുന്നില്ലാ ഞാനാണു് സഞ്ചരിക്കുന്നതു് — അദ്ദേഹത്തിന്റേതിനെക്കാൾ എത്രയോ കൂടുതൽ വിശ്വവ്യാപകമാണു് എന്റെ യശസ്സു് ദേശീയദേവന്മാരിലെങ്ങാനുമുണ്ടോ എന്നിലുള്ള ആ ആകൎഷകശക്തി! ഈശ്വരനുമില്ല എനിക്കുള്ള ആ തേജസ്സും ശക്തിയും. ഇതു് തൎക്കയുഗമാണു്, ഉദാഹരണയുഗമാണു്, പ്രത്യക്ഷവാദം ശക്തിയിലിരിക്കുന്ന യുഗമാണു്, സ്വയംപ്രഭുത്വത്തിന്റെ യുഗമാണു്. ഞാൻ പ്രത്യക്ഷമാണു്, സദ്യഃഫലദാതാവാണു്, സ്വയംപ്രഭുവാണു്, ഈശ്വരാധികനാണു്. ഞാൻ രൂപായാണു്.

എന്റെ അനുഗ്രഹവും വാങ്ങി നിങ്ങൾ പാപകൎമ്മങ്ങൾ ചെയ്യുവിൻ, നിങ്ങൾ ദേവതമാരാലും പൂജിക്കപ്പെടും. എന്റെ അനുഗ്രഹത്തോടെ കൊലപാതകംനടത്തുവിൻ, ആപത്തുകൂടാതെ രക്ഷപെടാം. എന്നോട്ടു് വരവുംവാങ്ങി രാഷ്ട്രങ്ങളെ രാഷ്ട്രങ്ങളുമായി കടിപിടികൂട്ടിക്കുവിൻ, വൃദ്ധന്മാരുടെയും, വിധവകളുടെയും ബാലന്മാരുടെയും ദീനരോദനങ്ങളാൽ ആകാശത്തെയും ഭൂമിയെയും മുഖരിതമാക്കുവിൻ, ന്യായാന്യായവിചാരംകൂടാതെ നിങ്ങൾക്കു തോന്നുന്നതു് പ്രവൎത്തിക്കുവിൻ, നിങ്ങൾക്കു ഭയപ്പെടേണ്ട കാൎയ്യമില്ല, എന്തെന്നാൽ നിങ്ങൾക്കു എന്റെ വരമുണ്ടു ഞാൻ സൎവ്വശക്തിമാനാകുന്നു. ഞാൻ രൂപായാണു്

"സൎവ്വധൎമ്മാൻ പരിത്യജ്യ
മാമേകം ശരണംവ്രജ!'
അഹംത്വാ സൎവ്വപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശുചഃ"

---

# കൌതുകരം ൯൦.

## നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

പുളിമാത്തു രാഘവൻനായർ.

### ടിപ്പുസുൽത്താന്റെ യന്ത്രപ്പുലി.

ഇന്ത്യാരാജ്യം ഈസ്റ്റിൻഡ്യാകമ്പനിക്കാർ കയ്യാണ്ടിരുന്നകാലത്തു് ഇന്നാട്ടിൽനിന്നും അനവധിവിശേഷസാധനങ്ങൾ ശേഖരിച്ചു് ഇംഗ്ലണ്ടിൽ കൊണ്ടുപോകയും അവയെല്ലാം സംഭരിച്ചു അവിടെ ഒരു പ്രദൎശനമന്ദിരം സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. ഓരോ നാടുവാഴികളും പരാജയമടയുമ്പോൾ അവരുടെ അരമനകളിൽനിന്നും സംഭരിച്ചിട്ടുള്ള സാധനങ്ങളത്രെ ഇവയിൽ പലതും. ഇക്കൂട്ടത്തിൽ ഉൾപ്പെടുന്ന ഒന്നാണു്, മൈസൂർ നാടുവാണിരുന്ന ടിപ്പുസുൽത്താനിൽനിന്നും ലഭിച്ച 'യന്ത്രപ്പുലി'. ഒരാംഗലേയഭടന്റെമേൽ കുതിച്ചുചാടിക്കടിച്ചുകീറുന്നമാതിരിയിൽ മരംകൊണ്ടു ചാതുൎയ്യമായ രീതിയിൽ കൊത്തുപണികൾചെയ്തുതീൎത്തിരുന്ന ഈ പുലിയുടെ വയററിൽഘടിപ്പിച്ചിരുന്ന ഒരു യന്ത്രത്തിനു ചാവികൊടുക്കുമ്പോൾ പുലി അമറക്കൊണ്ടു മനുഷ്യനെ കൊല്ലാനടുക്കുംപോലെയും, മനുഷ്യൻ വാവിട്ടു നിലവിളിക്കുംപോലെയും, രണ്ടുതരം സ്വരം പുറപ്പെടുന്നതാണു. ടിപ്പുസുൽത്താൻ തന്നെയും വിനോദിച്ചുവന്ന ഒരു കളിക്കോപ്പായിരുന്നുവത്രെ ഇതു്. ടിപ്പുവിനെ മൈസൂർപുലിയെന്നുവിളിപ്പാൻ ഇതും കാരണമായിരിക്കാം. ഈ പ്രശസ്തിപെററ പുലിയെ 1794-ൽ ടിപ്പു തോൽവിയടഞ്ഞസമയം ശ്രീരംഗപട്ടണം കൊട്ടാരത്തിൽനിന്നും എടുത്തു ഇംഗ്ലണ്ടിലെ കാഴ്ചബംഗ്ലാവിലയക്കയാണു് ചെയ്തതു്.

* * *

### നായ്ക്കളെ ബഹുമാനിക്കുന്ന ജാതിക്കാർ.

മുസ്ലിങ്ങളുടെ പടയോട്ടംകണ്ടു ഭയന്നു പാരസീകദേശംവിട്ടു് ബോംബെയിൽ കുടിയേറിപ്പാൎത്തവരാണു് പാഴ്സികൾ. ഇവരുടെകൂട്ടത്തിൽ ആരെങ്കിലും മരിക്കുമ്പോൾ

---

കരയുന്നതു്?" "അങ്ങു ഇത്രമാത്രം സങ്കടപ്പെട്ടുകാണും. എന്റെ നേരംപോക്കു എന്തൊക്കെയാണു വരുത്തിക്കൂട്ടിയതു്. ഞാൻ ഒരു ദുഷ്ടതന്നെ." "ഓ! സാരമില്ല. എല്ലാം ഈശ്വരമതം അദ്ദേഹത്തിന്റെ ഇഷ്ടംപോലെഎല്ലാം നടക്കും. 'ഈശ്വരൻ വായ്ക്കുമനുരാഗമതിക്കു വില്ലംകൂടാതെത്തൊഴുക്കുന്നവർ കുകയില്ല ദൈവം' എന്നു കേട്ടിട്ടില്ലേ." "എങ്കിലും ഇതൊരു വല്ലാത്ത സൂത്രംതന്നെ എന്റെ കുററംഏററു പറയണമെന്നു ഞാൻ എത്രതവണ വിചാരിച്ചു- പക്ഷെ ഒരു വഴിയുമില്ലാതെ ഞാൻ വിഷമിച്ചു" "ഞാൻ ഒരു സൂത്രവും ചെയ്തില്ല. ഇതു 'ചിത്രവാരികയുടെ ഒരു സൂത്ര'മാണു്." "ഇനി ഒരിക്കലും........" എന്നാവാം പറഞ്ഞതും, വികാരപരവശനായി ഞാൻ എന്റെ സരളയുടെ പൂംകവിളിൽ പ്രേമമുദ്ര പതിച്ചതും ഒന്നിച്ചുതന്നെ കഴിഞ്ഞു.

ഒരു നായയെ സമീപത്തിരുത്തുന്ന പതിവുണ്ട്. പ്രാണാപായസമയം പ്രാണനെ കൊണ്ടുപോകാൻവരുന്ന യമദൂതരെ ഓടിക്കാനെന്നനാട്യത്തിലാണു ഇങ്ങനെ ചെയ്തുവരുന്നതെന്നു പറയപ്പെടുന്നു പക്ഷെ അവർ നായ്ക്കളെ ബഹുമാനിപ്പാനുള്ള മുഖ്യകാരണം വേറൊന്നുകൂടിയുണ്ട് അതായതു് ഇവരുടെ പൂർവ്വീകർ ദേശംവിട്ടു കപ്പൽ കയറിവന്നപ്പോൾ ഗുജറാററിനു സമീപം വച്ചു കപ്പൽ ഒരുരാത്രി അപകടത്തിൽപെട്ടുവിവരം അതിലുണ്ടായിരുന്ന നായ്ക്കൾ മുൻകൂട്ടി അറിയിച്ചുപോൽ. ഇക്കാരണത്താൽ ഇന്നും ഈജാതിക്കാർ പാരമ്പര്യമെന്നപോലെ നായ്ക്കളെ ബഹുമാനിച്ചുവരുന്നുണ്ടു്.

* * *

പാഴ്സികളുടെ ശവസംസ്കാര സമ്പ്രദായം.

പാഴ്സികളിൽ ഒരാൾ മരിച്ചാൽ ശരീരം ശുദ്ധമായ പഴന്തുണികൊണ്ടു മൂടി ഒരിരുമ്പുതൊട്ടിയിലാക്കി സമാധികുണ്ഡത്തിലേക്കു കൊണ്ടുപോയി മൂന്നുദിവസംവരെ ആവിധംതന്നെ ഇട്ടേക്കും. ഈ മൂന്നുദിവസവും സമാധികുണ്ഡത്തിൽ ഭക്ഷ്യപദാൎത്ഥങ്ങൾ കൊണ്ടുവയ്ക്കുന്നു. ദേഹത്തിൽനിന്നു ജീവൻ വേർപെട്ടാലും മൂന്നുദിവസം അതു തിരിച്ചു ആ ദേഹം അന്വേഷിച്ചു വരുമെന്നത്രെ അവരുടെ വിശ്വാസം.

* * *

സമാധിമന്ദിരങ്ങൾ.

പാഴ്സികളുടെ ശവസംസ്കാരകുണ്ഡങ്ങൾ വിശേഷരീതിയിലുള്ളവയാണു്. അവയെ മൗനസമാധിമന്ദിരങ്ങൾ എന്നാണു പറയുക. മേൽക്കൂരയില്ലാത്ത വലിയ കുഴികൾ നിർമ്മിച്ചു വൃത്തിയായി കെട്ടി അറകളായി തിരിച്ചിട്ടുള്ള കുണ്ഡങ്ങളാണിവ. മൂന്നറകളുള്ള ഈ കുണ്ഡങ്ങൾ മേലേഅറ പുരുഷന്മാൎക്കും അടുത്തതു സ്ത്രീകൾക്കും താഴത്തേതു കുഞ്ഞുങ്ങൾക്കും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു്. കിണററിൽ തൊടികൾപോലെ ഈ കുഴിയിൽ താഴോട്ടിറങ്ങികയറാനുള്ള പടികൾ കെട്ടിയിരിക്കും. ശവം അതിൽ കൊണ്ടിട്ടാൽ ഉടൻ അവിടെ കാത്തിരിക്കുന്ന കഴുകൻപക്ഷികൾ കൊത്തിത്തുടങ്ങും. ഇങ്ങനെ കൊത്തിപ്പറിക്കുന്നതു കണ്ടാണെങ്കിൽ അവന്റെ ആത്മാവു സൽഗതിയടയുമത്രെ. പക്ഷികൾ മാംസമെല്ലാം കൊത്തിത്തിന്നുകഴിഞ്ഞാൽ ശേഷിക്കുന്ന അസ്ഥികളെ നീക്കി താഴെയുള്ള കുഴിയിൽ തള്ളും. ഓരോ അറകളും ഇരുമ്പുവലകളാലായിരിക്കും മൂടപ്പെട്ടിരിക്കുക. എല്ലുകൾ അധികമായി കുഴി നിറയുമ്പോൾ അവയെ വാരിക്കൊണ്ടുപോകത്തക്കവിധം കീഴേഅററത്തു വഴിയിട്ടിട്ടുണ്ടായിരിക്കും. പാഴ്സികൾ ആരാധനാസാധനമായി കരുതിയിട്ടുള്ള പരിശുദ്ധാഗ്നിയിൽ അശുദ്ധമായ പ്രേതം കത്തിക്കുന്നതു പാപമായി കരുതുന്നു. അതുപോലെതന്നെ നമുക്കു വേണ്ടുന്നതെല്ലാം നൾകുന്ന ഭൂമിയിൽ ശവം കുഴിച്ചിടുന്നതും നികൃഷ്ടമായി അവർ കരുതുന്നു. അതാണു അവർ ശവം ദഹിപ്പിക്കയോ, കുഴിച്ചുമൂടുകയോ ചെയ്യാത്തതു്. പാഴ്സികൾ എന്തെല്ലാം വേഷവിധാനം നടത്തിയാലും തങ്ങളുടെ ജാതിയെ തിരിച്ചറിയാനുള്ള 'ശിരസ്ത്രാണം'മാററാറില്ലെന്നതും പ്രസ്താവ്യമാണു്.

* * *

കുററംതെളിക്കുന്ന സമ്പ്രദായം.

ആസ്സാംമലവാരങ്ങളിൽ താമസിക്കുന്നവരുടെയിടയിൽ വല്ല കുററവും ചെയ്താൽ തെളിക്കുന്ന സമ്പ്രദായം രസകരമാണു്. അവിടെ ഈ ആവശ്യത്തിലേക്കു രണ്ടും മൂന്നും ഗ്രാമങ്ങൾക്കു്ചേൎന്നു് പുൽപാണി, എന്നു പറയപ്പെടുന്ന ഓരോ ജലാശയംകാണും ഒരാൾ കുററംചെയ്തതായറിഞ്ഞാൽ ഗ്രാമീണരായ പ്രധാനികൾ ഈ കുളത്തിനുചുററും 'പഞ്ചായത്തുകൂട്ടം'. അനന്തരം അപരാധിയേയും, പരാതിക്കാരനേയും വിളിച്ചു കുളത്തിലിറക്കും. ഈ കുളങ്ങൾ മാംസഭോജികളായ ദുർദ്ദേവതകളുടെ സങ്കേതമെന്നാണത്രേ ഗ്രാമീണരുടെ ധാരണ. അതുകൊണ്ടു്, വാദിപ്രതികളോടു കുളത്തിൽ മുങ്ങിക്കിടക്കാൻ പഞ്ചായത്തു കല്പിക്കും. മുങ്ങുന്നവരിൽ ആദ്യംനികരുന്നതാരോ, അയാളാണ അപരാധിയെന്നത്രേ അവരുടെ വയ്പു. സാധാരണയായി കക്ഷികൾ പിടിച്ചുതാഴ്ത്തിക്കളയുന്നെങ്കിലോ എന്ന ഭയത്താൽ, അപരാധിയായിരിക്കും ആദ്യം നികരുക.

* * *

തീയിൽവേവിക്കാതെ തിന്നുന്നവർ.

ഭക്ഷ്യപദാൎത്ഥങ്ങൾ പാകംചെയ്യാൻ തീ കിട്ടാതെ വിഷമിക്കുന്ന ചില ദേശക്കാരുണ്ടു്. ടിബററു്, ഐസ്ലണ്ടു്, ഏഷ്യ, അമേരിക്കാ ഈ ഖണ്ഡങ്ങളിലെ ഉത്തരഭാഗനിവാസികൾ എന്നിവരിൽ പലരും ഇക്കൂട്ടത്തിൽപെട്ടവരാണു്. ഇനി തീ കിട്ടിമടികാരണം, വേവിച്ചു തിന്നാതെ മാംസങ്ങൾ ചെറുപാളികളായി ചീകി വെയിലത്തുണക്കി തിന്നുന്ന ചിലരുണ്ടു്. തെക്കേ അമേരിക്കയിൽ ചേൎന്ന ലാഫിനാട്ടാദേശത്തുള്ള കുവക്കസു് എന്ന വർഗ്ഗക്കാർ ഇത്തരം തീററിക്കാരാണു്. വിറകിൽനിന്നു കിട്ടുന്ന തീയിലും, ശക്തിയേറിയതാണത്രെ കല്ലുരിക്കുനൽ.

# ഹൃദയബാഷ്പം.

(പുത്തൂർ അച്യുതമേനോൻ.)

(നതോന്നത.)

അലർശരനിരയേററുകരൾതകർന്നോരുപുമാൻ
തലേദിനം കമനിതൻ തലമുടിയിൽ
ചേലിൽമിന്നിമിന്നിമണം നാലുപാടും ചിന്നിച്ചിന്നി
കാലംകഴിച്ചോരുമുല്ലമലർമാലയെ,

കരതാരിലെടുത്തുമാറണച്ചുഗദ്ഗദാലവ-
നരച്ചു: "നീ മികച്ചോരു മഹാത്മാ! മാലേ!
വളരൊളിതിരളുന്ന തരളാക്ഷി മമപ്രിയ
പുരുമോദത്തോടെനിന്നെയെടുത്തു മന്ദം

കാറിടഞ്ഞകചത്തിൽചേൎത്താരോലിലയാടിനവും
താർനിറഞ്ഞപൂവാടിയിൽ നടക്കുന്നേരം,
പുഞ്ചിരിപൊഴിച്ചു ബാലമന്ദാനിലനേററതോഷാൽ
ചാഞ്ചാടിനീയേറെന്നേരം കഴിച്ചില്ലല്ലീ?

പട്ടുവില്ലീസാൽതീൎത്തോരുമെത്തമേൽവീണവളതി-
തുഷ്ടിയോടെയുറങ്ങുമ്പോളടുത്തുനീയും,
പുഷ്പപരിമളംവീശിയൊട്ടുനേരംകഴിച്ചീലേ
യിഷ്ടായെന്റെകഥയോൎത്താൽ കഷ്ടമേ! കഷ്ടം!

സരസിജമുഖിയെന്റെ സവിധത്തിൽവരുന്നാകിൽ
പരുഷവാക്ശരങ്ങളാൽ ജനനിയെയ്യും
കിളിമൊഴിതളിരിളംചൊടിവിടൎത്തോരുവാക്കെൻ-
ചെവിയിലോതിയാലതുപ്രഹരമായി.

കൂൎത്തുമൂൎത്തമുള്ളുകൊണ്ടു കൈമുറിഞ്ഞാൽമുറിയട്ടെ
പുത്തൻപനീർപൂലഭിക്കിലെത്രയോ ഭാഗ്യം!
അനുരാഗമധുവാർന്നഹൃദന്താരിനാലെന്നും
അവളെഞാനർച്ചിച്ചെന്റെ ജീവനൊടുക്കും.

അവളുടെയപദാനം ദിനംദിനം പാടിപ്പാടി-
യവശനായിടുമെന്റെ ജീവിതത്തോണി,
ഒരുവിധംതുഴഞ്ഞുഞാൻ മറുകരയണഞ്ഞിടും
പരമിശൻമാത്രമെനിക്കമരംവേണം"

# സാക്കറിൻ അഥവാ കൃത്രിമപ്പഞ്ചസാര.

പറവൂർ കെ. ഗോപാലപിള്ള.

ഇൻഡ്യയിൽ സാക്കറിൻെറ പ്രയോഗം ഇപ്പോൾ പ്രചുരപ്രചാരത്തിലായിട്ടുണ്ട്. അമിതമായ പഞ്ചസാരയുടെ ഉപയോഗംകൊണ്ട് സംഭവിക്കാവുന്ന രോഗങ്ങളെഭയന്നാണ ജനങ്ങൾ സാക്കറിനെ ശരണംപ്രാപിക്കുന്നത എന്നു തോന്നുന്നു. പഞ്ചസാരയുടെ മധുരം ഉണ്ടായിരിക്കയും അതിൻെറ ദോഷങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്നതുകൊണ്ട്, ചില ഡാക്ടർമാർ പഞ്ചസാരയ്ക്കുപകരം ഈ കൃത്രിമപ്പഞ്ചസാര ഉപയോഗിക്കുവാൻ ഉപദേശിക്കാറുണ്ട്. എന്നാൽ ഈ സാധനം ഇപ്പോൾ അന്യരാജ്യങ്ങളിൽനിന്നും ഇന്ത്യയിൽ ഇറക്കുമതിച്ചരക്കുകളുടെ കൂട്ടത്തിൽ കൊണ്ടുവരികയാകുന്നു ചെയ്യുന്നതു്. ഈ വ്യവസായം ഇന്ത്യയിൽ തുടങ്ങുന്നപക്ഷം അതു് ഒട്ടും അപ യത്തിൽ കലാശിക്കുകയില്ല. ഗവമ്മേണ്ടും പൊതുജനങ്ങളും ഈ വ്യവസായത്തെ പരിപുഷ്ടിപ്പെടുത്തുവാൻ മുൻപോട്ടുവരണമെന്നുമാത്രം. ഈ വ്യവസായത്തിനു ഇത്രത്തോളം പററിയ ഒരു പരിതസ്ഥിതി വേറെയെങ്ങുംതന്നെ ലഭ്യമല്ല. സാക്കറിൻ എടുക്കുന്നതു "Toluene" എന്നു വിളിക്കപ്പെടുന്ന ഒരു പദാത്ഥത്തിൽനിന്നാണു്. ഇതു് താർമഷിയിൽ ധാരാളം അടങ്ങിയിട്ടുണ്ടു്. അതുകൊണ്ടു കൽക്കരിയും താർമഷിയും ധാരാളംഉള്ള പ്രദേശങ്ങളിലാണു ഇപ്പോൾ ഈ വ്യവസായം അഭിവൃദ്ധമായിവരുന്നതു്. ഇന്ത്യയിലാകട്ടെ ഇതിലും ആദായകരമായവിധം സാക്കറിൻ എടുക്കുവാൻ പര്യാപ്തമായ അസംസ്കൃതപദാത്ഥങ്ങൾ സുലഭമായതാനും.

സാക്കറിനെക്കുറിച്ചു വളരെയൊന്നും ഇന്ത്യാക്കാരിൽ ഭൂരിപക്ഷം ഗ്രഹിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ അതു് ഒരു വിളവുസാധനമല്ല പ്രത്യുത രാസസംയോഗംകൊണ്ടു തയാർചെയ്യപ്പെടുന്ന ഒരു വസ്തുവാണതു്. ഇംഗ്ലീഷ്രസതന്ത്രപ്രകാരം ഇതു് "സൾഫോബെൻസായിക്കു ആസിഡ്" (Sulphobenzoic acid ആണെന്നുപറയാം പൂവ്വകാലങ്ങളിൽ പശുവിൻേറയും കുതിരയുടേയും മൂത്രത്തിൽ ഹൈഡ്രോക്ലോറിക്ക് ആസിഡ് Hydrochloric acid ചേത്തു് ഒരു ക്ലിപ്തപരിമാണത്തിൽ ചൂടാക്കിയാൽ ലഭിക്കുന്ന ബൻസായിക്ക് ആസിഡിൽ (Benzoic acid) നിന്നുമാണു ഇതു് സുലഭമായ ശേഖരിക്കപ്പെട്ടിരുന്നതു്: ഏതായാലും ഈ ഉല്പസ്ഥാനം വ്യവസായലോകത്തിൽ തുടന്നുകൊണ്ടുപോയില്ല. അധികംതാമസിയാതെ താർമഷിയിൽനിന്നും ബൻസായിക്ക ആസിഡ് കണ്ടുപിടിക്കുകയും കാലക്രമേണ അതിൽനിന്നും ഈ സാക്കറിൻ രാസയോഗംകൊണ്ടു നിമ്മിക്കുകയും ചെയ്തു.

കൃത്രിമപ്പഞ്ചസാരഎന്നതു് സാധാരണപഞ്ചസാരയെക്കാൾ അഞ്ഞൂറിരട്ടി മധുരം ഉള്ള ഒരു പദാത്ഥമാണു്. അതായതു് നാലൂറാത്തൽസാക്കറിൻെറ മധുരം ഉണ്ടാകാൻ ചുരുങ്ങിയതു് ഒരുടൺ പഞ്ചസാരഉപയോഗിക്കണംഎന്നു താല്പയ്യം. അമേരിക്കൻ ഐക്യനാടുകളിലാണു പഞ്ചസാരയുടെ അമിതോപയോഗം ഹേതുവായിട്ടു് ജനങ്ങൾ വിഷമിക്കുന്നതു്. ഒരുകൊല്ലത്തിൽ ഒരു മനുഷ്യൻ ശരാശരി നൂറുറാത്തൽ പഞ്ചസാരയോളം അവിടെ ഉപയോഗിച്ചുവരുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തു്— മുപ്പത്തിയഞ്ചുകോടിയിൽ അധികം ജനങ്ങൾ ഇന്ത്യയിൽ നിവസിക്കുന്നുണ്ടു് —ചുരുങ്ങിയതു് ഒരുകോടി ടൺ പഞ്ചസാര ഉപയോഗിക്കുന്നുണ്ടെന്നു വിചാരിക്കാം അതിനുപകരം സാക്കറിൻഉപയോഗിച്ചാൽ ഇരുപതിനായിരം ടൺ സാക്കറിൻ തീർച്ചയായിട്ടും മതി. എന്നുതന്നേയല്ല ഇന്ത്യയിൽ ഇറക്കുമതിചെയ്യുന്നതു് അധികവും ജാവാപ്പഞ്ചസാരയാണു്. ഒരുചാക്കു പഞ്ചസാരയുടെ വിലയിൽ ആറിരട്ടി കപ്പൽ ചാജ്ജായിട്ടും തീരുവയായിട്ടുമാണു നാം കൊടുക്കുന്നതു്. ഈവിധം നോക്കുമ്പോൾ ഇന്ത്യയിലെ പഞ്ചസാരച്ചിലവിൻെറ ഏതാണ്ടൊരു തോതു നമുക്കു് അനുമിക്കാമല്ലോ.

## സാക്കറിൻ ഒരു വ്യഞ്ജനപദാത്ഥം.

പണ്ടേയ്ക്കുപണ്ടേ സാക്കറിനു് ഏലം, കുരുമുളകു്, ഗ്രാമ്പു മുതലായവയെപ്പോലെ ഒരു സ്ഥാനം ലഭിച്ചുപോയിട്ടുണ്ടു്. എന്നാൽ പഞ്ചസാര ഒരു ഭക്ഷണപദാത്ഥമാണു്. ആഹാരപദാത്ഥത്തിനുപകരം വ്യഞ്ജനപദാത്ഥം ആരും ഭക്ഷിക്കാറില്ലല്ലോ. സാക്കറിനു ഒരു പരിതാപം വന്നതു് ഈവിധത്തിലാണു്. സാക്കറിനിൽ ദേഹപോഷകാംശം ഒട്ടുംതന്നെയില്ല പഞ്ചസാരക്കു് കാലക്രമേണ ഭക്ഷണം എന്ന നിലയിൽനിന്നും പതിതപം സംഭവിച്ചു. ഇപ്പോൾ അതു ഒരു വ്യഞ്ജനപദാത്ഥമായി മാറിയിരിക്കുന്നു. അതുകൊണ്ടാണു ആധുനികർ അധികവും പഞ്ചസാരയെ വിട്ടു് സാക്കറിനെ സ്വീകരിക്കുവാൻ തുടങ്ങിയതു്. എന്നുതന്നേയല്ല, വൈദ്യലോകം പഞ്ചസാരയെ വെറുക്കുകയും സാക്കറിനെ ആദരിക്കുകയും ചെയ്യുന്നു. പ്രമേഹം, വാതം, അഗ്നിമാന്ദ്യം, ഞരമ്പുകളുടെ ദൗർബല്യം മുതലായ രോഗമുള്ളവർ പഞ്ചസാര തൊട്ടുപോകരുതെന്നും പകരം മധുരത്തിനു സാക്കറിൻ ഉപയോഗിക്കാമെന്നും അവർ ഉപദേശിക്കുന്നു.

ഉഷ്ണകാലങ്ങളിൽ സാധാരണക്കാർ എല്ലാം നാനാതരമായ ശീതളപാനീയങ്ങളെ സ്വീകരിക്കുന്നു. എന്നാൽ ഈ പാനീയങ്ങളിൽ പഞ്ചസാരചേത്തിട്ടുള്ളതാണെങ്കിൽ തീച്ചയായിട്ടും അതിൻെറ ഉപയോഗം അഗ്നിമാന്ദ്യത്തെച്ചെയ്യുന്നതാണു്. എന്നാൽ ആസ്ഥാനത്തു സാക്കറിൻ ഉപയോഗിച്ചാൽ തകരാറു ഇല്ലതാനും. സാക്കറിൻെറ ഉപയോഗം പലരാജ്യങ്ങളിലും പലവിധത്തിലാണു്. യൂറോപ്പിൽ റൊട്ടിക്കച്ചവടക്കാർ ഇതിനെ വളരെ ആവശ്യപ്പെടുന്നു. യുണൈറഡ്സ്റ്റേററിൽ ഇതു് ചോളമാവുകളിൽചേത്തു് മധുരിപ്പിച്ചു പലതരം പലഹാരങ്ങൾ ഉണ്ടാക്കുന്നു. ഈ ചോളമാവുകളിൽ അല്പം ജലമയമുള്ളതുകൊണ്ടു അതിൽ സാക്കറിനുപകരം പഞ്ചസാരചേത്തുപോയാൽ പുളിച്ചുനരച്ചു വേഗം കേടുവരും. അതുകൊണ്ടാണു് അവർ സാക്കറിനെത്തന്നെ അവലംബിക്കുന്നതു്.

## ഒരു തെററിദ്ധാരണ.

സാക്കറിനെസംബന്ധിച്ചു വലിയ തെററിദ്ധാരണ ലോകത്തിൽ പലയിടങ്ങളിലും വ്യാപിച്ചിട്ടുണ്ടു് ഒരുവേള സാക്കറിൻെറപ്രചാരം പഞ്ചസാരവ്യവസായത്തെ സാരമായി കെടുത്തിക്കളയാൻ ഇടയുള്ളതുകൊണ്ടു്, ആവിധം ഭയപ്പെട്ടിട്ടായിരിക്കണം സാക്കറിനെ ചിലർ അപവദിച്ചതെന്നു തോന്നുന്നു. ഇടക്കാലത്തു ജമ്മനിയിൽ സാക്കറിൻ വ്യവസായത്തെത്തടയാൻ ഒരു നിയമംതന്നെ നടപ്പാക്കുകയുണ്ടായി. സാക്കറിൻെറ ഉപയോഗം ഏതെങ്കിലുംപ്രകാരത്തിൽ ആരോഗ്യത്തെ ഹനിക്കുന്നതാണോ എന്നുള്ള സംശയം ജനതാമദ്ധ്യത്തിൽ പരന്നു. ഇതിൻെറ ഫലമായി സാക്കറിനെ മെഡിക്കൽപരിശോധനചെയ്യാൻ ജർമ്മൻഗവർമ്മേണ്ടു ഒരു പയ്യന്വേഷണക്കമ്മെററിയെനിയോഗിച്ചു. അവരുടെ റിപ്പോർട്ടു് സാക്കറിൻ നിരുപദ്രവമെന്നായിരുന്നു. അതിനാൽ ജർമ്മൻഗവർമ്മേണ്ടു അചിരേണ സാക്കറിനെ തടയാനുള്ളനിയമം പിൻവലിക്കയാണുണ്ടായതു്".

"ബീററൂട്ടു്" എന്ന കന്ദത്തിൽനിന്നും പഞ്ചസാരയുണ്ടാക്കാൻ സൌകയ്യമില്ലാത്ത സ്വിററ്സർലണ്ടു്, ഇംഗ്ലണ്ടുമുതലായ രാജ്യങ്ങളിലാണു് സാക്കറിൻവ്യവസായം പ്രബലമായിവന്നതു്. ഇപ്പോൾ പഞ്ചസാര എവിടെയും സുലഭമാണു്. ഇറക്കുമതി തീരു ഉൾപ്പെടെ ഒരു ഹണ്ട്റഡ്വെയിററ് പഞ്ചസാരയ്ക്കുവരുന്ന വിലയോടു താരതമ്യപ്പെടുത്തുമ്പോൾ പഞ്ചസാരയ്ക്കുപകരം സാക്കറിൻ ഉപയോഗിച്ചാൽ അതിൻെറ മൂന്നിലൊന്നുവിലയിൽ അധികമാകയില്ല. അതുകൊണ്ടു ഇൻഡ്യയിൽ ഇപ്പോൾ പഞ്ചസാരയുടെ ഉപയോഗത്തിൽ നാലിലൊരുഭാഗത്തിനുപകരം സാക്കറിൻ ഉപയോഗിച്ചാൽതന്നെ അനവധികോടിരൂപാ ലാഭിക്കാവുന്നതാണു് അതിനാൽ ഇന്ത്യാഗവർമ്മേണ്ടും പൊതുജനപ്രമാണിക

# 'കൃതാന്ത! നിന്നെഞാൻ വിളിക്കുവോളവും.'

ബോധേശ്വരൻ.

മരണമാകുമാ മഹിതസത്യമേ,
കരുണയററനിൻകരതലത്തിനാൽ
ഇരുളിൽവന്നെൻറചെറിയവാതലി-
ലരുതു മുട്ടരുതുണരുംമുന്നിൽഞാൻ

അറിയാതാഗതനവിടുന്നെങ്കിലോ
അറിവുഴന്നുഞാനവശനാകുമേ
അതല്ലെനിക്കുനിൻ വരവുണ്ടെന്നതായ്
പതിവുവിട്ടൊരു തെളിവുണ്ടെങ്കിലോ

നിറപറയൊടും മണിവിളക്കൊടും
നറുമലരിട്ടെൻ പടിയ്ക്കലങ്ങിനെ
വണങ്ങിനിന്നുഞാനരുച്ചസ്വാഗതം
പ്രണയപൂർവ്വമായനുഗമിയ്ക്കുവെൻ.

അഴിവില്ലാതെഴും പരമതത്വമേ,
തൊഴുകയ്യോടെഞാൻ പറഞ്ഞുകൊള്ളട്ടെ
പരമനീലിമ കലർന്നവിണ്ണിലായ്
വിരിഞ്ഞുതാരങ്ങൾ നിരന്നുനിൽക്കവേ

ചെറുതുവിസ്മൃതികലർന്നുനിന്നെൻെറ
ചെറിയസന്ദേശം തിരയുംനേരത്തിൽ
പടിയിൽവന്നുനീ സുഷിരമാർഗ്ഗമായ്
കൊടിയകണ്ണുകളയയ്ക്കരുതെന്നിൽ.

ഉഷസ്സുമനിര വിരിയുംനേരത്തിൽ
തുഷാരബിന്ദുക്കൾ പൊഴിയുംനേരത്തിൽ
പറവയോരോന്നുമുണർന്നുപാടുമ്പോൾ
നറുംവെയിലൊളിയിളകിമിന്നുമ്പോൾ

ഉഷസ്സൊടൊത്തുഞാൻ നടനമാടുമ്പോൾ
നിഷാദനെപ്പോലെ പുറകിലെത്തല്ലേ.

കടുംവെയിലിലാ മരച്ചുവട്ടിലായ്
നെടുതായുള്ളൊരാ വഴിയെനോക്കിയും
കരളുരുകിയും തരളഗാനങ്ങൾ
മുരണ്ടുംഞാനതിൽ ലയിയ്ക്കുംവേളയിൽ

അരുതു, നിന്നുടെ തണുത്തകൈകളാൽ
തരളമെയ്മമ തഴുകിടൊല്ലനീ.

വിശന്നവശരാം മമശിശുക്കൾക്കാ-
യശനമന്വേഷിച്ചലയുംനേരത്തിൽ
വഴിക്കുവെച്ചെന്നെ വശംകെടുത്തല്ലേ
പഴിക്കുമെന്നെയാച്ചെറുകിടാങ്ങളോ

വിജനമാംമരുസ്ഥലത്തുനിന്നുഞാൻ
ഭുജയാലങ്ങുഹാ നിലവിളിയ്ക്കുമ്പോൾ
തവപദരവം ശ്രവിച്ചിടുന്നുഞാൻ
തവസ്മൃതിയെന്നിലണഞ്ഞിടുന്നിതേ

തനിയെനിന്നുഞാൻ വിളിച്ചുകേഴട്ടെ
മനംതകർന്നുഞാൻ പതിച്ചുകൊള്ളട്ടെ
കനിവെഴാത്തതാം കരങ്ങളാലെൻെറ
വദനമങ്ങുനീയമർത്തിമൂടൊല്ലേ.

ഭുവനജീവിതം പരമസഹ്യമാ-
യവനയാഃ ചെയ്യുഴന്നലഞ്ഞുഞാൻ
നവനവങ്ങളാം ദുരിതരാശിയി-
ലവനമില്ലാതങ്ങുഴന്നലഞ്ഞുഞാൻ

ഭുവനമെങ്ങുമേ തിരക്കിനിന്നെയും
എവിടെയാണിതന്നൊളിഞ്ഞിരുന്നതും?

കമനിയാളൊരുകപോതിതന്നുടെ
ഭ്രമണരമമാം ചിറകിൽനിന്നുഞാൻ
തമോനിഭൃതമാം നഭസ്സിൽക്രൂടവേ
പതിച്ചിടുമ്പൊഴോ വിളിച്ചുനിന്നെയും

മനംതകർന്നുഞാൻ വിളിച്ചുവെങ്കിലും
വിനയകററുവാനടുത്തതില്ലനീ.

ശിഥില ചിത്തക്കു തുണയായുള്ളോവേ,
വ്യഥകൾക്കേകമാമുപശമനമേ,
കലാകുശലനാംവ്യവസ്ഥിതാത്മാവേ,
നിതാന്തനിഷ്പക്ഷനിയമകാരിണേ

അതാന്തബന്ധുവാംകൃതാന്ത, നീയുമീ
പ്രപഞ്ചചക്രത്തെ വെടിഞ്ഞുവെങ്കിലോ
എതാണൊരാശ്രയംപതിതരായുള്ളോ-
ക്കെതാണുപോംവഴി വിപത്തിൽനിന്നഹോ

ഇതൊക്കെയാണുനിൻരഹസ്യമെങ്കിലും
പതുങ്ങിവന്നുനീ പിടിച്ചുപോകല്ലേ

എനിക്കുദാഹമുണ്ടതീവദാഹമു-
ണ്ടെതാണുപാനമെന്നറിഞ്ഞതില്ലഞാൻ
വിശന്നുപാരമിങ്ങവശനാകുന്നു
അശനമേതുഞാനശിച്ചിടേണ്ടതും

പ്രതീക്ഷയാലെൻെറമനംതളരുന്നു
നതാക്ഷിമാരെഞാൻനിനച്ചുനിൽക്കയോ?
നിശയിലീമഹാവിപിനമുള്ളിലായ്
ശശാങ്കസൂനുമാർമടുത്തടിക്കിലായ്

പ്രശാന്തമാമൊരുവിളക്കുനോക്കിയോ
വിശന്നുദാഹിച്ചുവലഞ്ഞുനിൽപ്പുഞാൻ?
നിലവിളിച്ചുഞാനരയ്ക്കുട്ടെചില-
തുലകമാകവേയുണർന്നുകേൾപ്പോളം

അതിനിടയിലെൻകതകിൽമുട്ടല്ലേ
കൃതാന്ത! നിന്നെഞാൻവിളിയ്ക്കുവോളവും.

---

ളും ഇവിടെ സാക്കറിൻവ്യവസായം നടപ്പാക്കുവാൻ അത്യുത്സാഹം ചെയ്യേണ്ടതാകുന്നു.

### ഇവിടെ എങ്ങിനെ സാക്കറിൻ ഉണ്ടാക്കാം.

സാക്കറിൻഎടുക്കുന്ന "ബെൻസായിക്ക് ആസിഡ്"(Benzoic acid) സമ്പാദിക്കുന്നതിനു അത്യന്താപേക്ഷിതമായ (Toluene) എന്ന കോൽടാറിൻെറ വകഭേദം സുലഭമായിവേണ്ടിയിരിക്കുന്നു. കൽക്കരി കുഴിച്ചെടുക്കുവാൻ സൌകൎയ്യമുള്ള പ്രദേശങ്ങളിൽനിന്നെല്ലാം ഇതു സമ്പാദിക്കാം. ഇൻഡ്യയിൽതന്നെ അനവധി വലിയ കൽക്കരിത്തുരങ്കങ്ങൾഉണ്ട്. എന്നാൽ ഇപ്പോൾ ടോലൂയിൻ നമുക്കു വിദേശങ്ങളിൽനിന്നുംവരുത്തേണ്ടതായിട്ടാണു് ഇരിക്കുന്നതു്. പിന്നെ സാക്കറിൻെറ കാൎയ്യം പറയാനുമില്ല. അതുകൊണ്ടു ആ വഴിക്കുപോകുന്നതു് ലാഭകരമല്ല. യുണിച്ചുരക്കുകൾ ഇൻഡ്യയിൽ അധികം ചിലവുവരാത്തതുകൊണ്ടു ഗ്രേററുബ്രിട്ടനുസംഭവിച്ച സാമ്പത്തികാധഃപതനം ഇപ്പോൾ ഇവിടെ ഇറക്കുമതിചെയ്യുന്ന "ടോലൂയിൻ" "Toluene" മുതലായ മററുപദാർത്ഥങ്ങളെക്കൊണ്ടു നികത്തുവാൻ അവർ അവസരം കാത്തിരിക്കയാണു്. പ്രാകൃതികവിഭവങ്ങൾ സമൃദ്ധമായുള്ള ഇൻഡ്യയിൽനിന്നും സാക്കറിൻ എടുക്കാവുന്ന ഒരു സാധനം കണ്ടുപിടിക്കാൻ ഇവിടത്തെ രസതന്ത്രവിശാരദന്മാർ ഒത്തൊരുമിച്ചു പ്രവൎത്തിച്ചാൽ അതുതന്നെയായിരിക്കും ഇൻഡ്യയുടെ മോക്ഷം.

---


## കാമകലാസഞ്ചികകൾ

—*

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുർവ്വഹഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# സങ്കല്പസന്ദേശം.

വി. വി. കെ. നമ്പ്യാർ.

കാർമേഘമാലയ്ക്കുള്ളിൽനിന്നിടയ്ക്കിടക്കെന്തോ
വാർമതിയെൻനേർക്കായിട്ടുൽക്കണ്ഠയോടുംനോക്കി.
മാമൂലാൽക്കഴങ്ങുമെന്നോമലാൾക്കെഴുംദിവ്യ-
പ്രേമസുന്ദരമുഖം കണ്ടുഞാനതിൽക്കൂടെ.
അന്തിതൻമണിത്തെന്നാലന്തികത്തണഞ്ഞെൻെറ
സന്തതാനന്ദപ്പൂൺപിൻസന്ദേശംചൊന്നേയുള്ളു:—
കണ്ണീരാൽമായാത്തതാൽപ്രേമലേഖമോവീണ്ടും
വിണ്ണിൻെറകമനീയകാഞ്ചനാക്ഷരങ്ങളിൽ?
'ഓമലേ, പേടിക്കേണ്ട നൈരാശ്യംവരിക്കേണ്ട,-
യാമനോഹരവേളയാദരാലണഞ്ഞീടും —
പൂക്കളിൽമധുപോലെ; മധുവിൽമാധുര്യംപോ-
ലുൾക്കളംതന്നിൽനിന്നെക്കാൺമഞാനനവേലം.
തേന്മാവിലാണെന്നാലുമിന്നുമൂകമാംപികം
നന്മധുമാസംവന്നാൽപ്പഞ്ചമംതാനേപാടും.
അല്ലടഞ്ഞാധിപൂണ്ടകാലത്തിൻകവിൾക്കൂമ്പിൽ
തെല്ലിടകഴിഞ്ഞാകിൽ മുകരുംദിവാകരൻ
കാവ്യസൌന്ദര്യംൻകന്നാങ്ങുംകവിതന്നെ
നവ്യഭാവനപുണന്നണത്തിപ്പാടിച്ചീടും
അവ്യക്തമേതോന്നത്യരശ്മിയാൽവിരിഞ്ഞീടും
ഭവ്യമോഹനമസ്സൽ പ്രേമകോരകംനൂനം.

---

പണ്ഡിററ് ഡി. ഗോപാലാചാർലുവിൻെറ

## ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സിരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകറേറണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വർദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുഇരുന്നതുപോലെ ന്തരുശതമാനംആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും,

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിമ്മാതാക്കൾ

ആയുർവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

ഖദറിനു പററിയതു തന്നെ.



501 സോപ്പ്




ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറു്

19 എ. വാണിയർസ്റ്റ്റീററ്;

ജി. ടി മദ്രാസ്

# വനിതാലോകം.

## വിവാഹജീവിതം വിജയപര്യവസായിയാവുന്നതു്.

ഇംഗ്ലണ്ടിലെ "ന്യൂഹെൽത്ത്സൊസൈററി"യുടെ പ്രസിഡണ്ടും, സുപ്രസിദ്ധ ഫിസിഷ്യനുമായ സർ വില്യം അർബത്ത്നോട്ട ലെയിൻ ഈയിടെ തൻെറ വൈവാഹികസുവർണ്ണജൂബിലി ആഘോഷിക്കുകയുണ്ടായി. സുദീർഘവും ആനന്ദമയവുമായ വൈവാഹികജീവിതത്തിൻെറ രഹസ്യം എന്താണെന്നു അദ്ദേഹം ആയവസരത്തിൽ പ്രസ്താവിച്ചു.

"ഞാനും എൻെറ പത്നിയും യഥാൎത്ഥ സഖാക്കളായിട്ടാണു് ഇതുവരെ പെരുമാറിയിട്ടുള്ളതു്. മൂന്നു പ്രധാനപ്പെട്ട പ്രമാണങ്ങളെ ഞങ്ങൾ ആദരിച്ചുവന്നതാണു് ഇതിനു കാരണമെന്നും ഞാൻ വിശ്വസിക്കുന്നു. പുതുതായി വിവാഹബന്ധത്തിലേപ്പെടുന്ന യുവാക്കളുടെ അറിവിനായി ഞാൻ അതിവിടെ പ്രസ്താവിക്കാം. 1. തികഞ്ഞ ആരോഗ്യത്തോടുകൂടിയിരിക്കുവാൻ ശ്രമിക്കുക. 2. പരിപൂൎണ്ണമായ ആത്മസംയമനം ശീലിക്കുക. 3. അനുസരണശീലം പ്രകടിപ്പിക്കുക.

"ആരോഗ്യമുള്ള ശരീരം എന്നുവച്ചാൽ, ആരോഗ്യമുള്ള മനസ്സ്എന്നാണൎത്ഥം. ആരോഗ്യമുള്ള മനസ്സിൻെറ പൊരുൾ, സൗഹാർദ്ദവും ഐക്യവുമെന്നാണു്. വിവാഹവേളയിലെ ശപഥങ്ങൾക്കുശേഷം, ദമ്പതിമാക്കു് പരസ്പരമുണ്ടാകുന്ന ചില്ലറ തെററിദ്ധാരണകളേയും വിമ്മിഷ്ടങ്ങളേയും ആരോഗ്യമുള്ള മനസ്സ് ആട്ടിയകററുന്നു. അരോഗദൃഢഗാത്രരായ ദമ്പതികളുടെ വിവാഹജീവിതം എപ്പോഴും വിജയപര്യവസായിയായിത്തീരുമെന്നു ഞാൻ തീൎത്തുപറയുന്നില്ലെങ്കിലും, പരാജയങ്ങളുടേയും അസുഖങ്ങളുടേയും ശക്തി അതു കുറയ്ക്കുകതന്നെ ചെയ്യും.

"കോപത്തിൻെറ ചൂടിൽകൂടി പുറപ്പെടുന്ന കഠിനവാക്കുകൾ പല കുടുംബങ്ങളുടേയും നാശത്തിനു കാരണമായിട്ടുണ്ടു്. പെട്ടെന്നു് കോപിക്കാതിരിക്കുക. എന്നാൽ കൎക്കശപദങ്ങളും സ്വയമേവ കുറഞ്ഞുകൊള്ളും."

"അനുസരിക്കാൻ ശീലിക്കുക എന്നു ഞാൻ പറഞ്ഞാൽ, അന്ധമായ അനുസരണശീലമെന്നും അടിമത്വമെന്നുമല്ലാ അതിൻെറ അൎത്ഥം. നിങ്ങൾ അനുസരിക്കാൻ ശീലിച്ചാൽ, നിങ്ങൾ ആജ്ഞാപിക്കാനും പഠിക്കും."

സർ വില്യം തൻെറ പത്നിയെ അതിരററു പ്രശംസിക്കയുണ്ടായി. "എൻെറ എല്ലാപ്രവൃത്തികളിലും അവർ എന്നെ മനഃപൂൎവ്വം സഹായിക്കുകയും, അസാധാരണമായ പ്രചോദനം എന്നിലുളവാക്കുകയും ചെയ്തുപോന്നു. ജീവിതത്തിൽ എനിയ്ക്കെന്തെങ്കിലും വിജയമുണ്ടായിട്ടുണ്ടെങ്കിൽ, അതിനു മുഖ്യമായ ഉത്തരവാദി എൻെറ ഭാൎയ്യയാണു്."

---

## സ്ത്രീകളും 'ഫാഷ'നും

പാശ്ചാത്യവനിതകൾ വേഷാഡംബരത്തിനു ചെയ്യുന്ന പാഴ്ചിലവുകൾ ഏതുവിധത്തിലുള്ളതാണെന്നു കാണിച്ചുകൊണ്ടു്, "ടൈം ആൻറു് ടൈഡ്" എന്ന പത്രഗ്രന്ഥം രസകരമായ ഒരു ലേഖനം പ്രസിദ്ധം ചെയ്തിരിക്കുന്നു. ഒരു സാധാരണക്കാരൻെറ നിത്യാവശ്യങ്ങൾക്കു വേണ്ടതിൽ എത്രയോ മടങ്ങു കൂടുതൽധനം വേഷം ചമയുന്നതിനുവേണ്ടി ഇക്കൂട്ടർ ചെലവാക്കുന്നുവെന്നാണു ഈ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. 'ക്യാപ്പിററലിസ്റ്റ്സിവിലിസേഷൻ'നിലനിൎത്തിക്കൊണ്ടുപോകുന്ന വിഷയത്തിൽ സ്ത്രീകൾ അതിപ്രധാനമായ ഒരു പങ്കിനവകാശികളാണെന്നും ഇതു തെളിയിക്കുന്നുണ്ടു്.

'ഫാഷ'നെ ആട്ടിപ്പുറത്താക്കുകയും, സൗന്ദൎയ്യവൎദ്ധനവിനെന്നുംപറഞ്ഞു സ്ത്രീകളുടെയിടയിൽ നടത്തുന്ന പ്രചരണവേല തടയുകയും ചെയ്ക. അപ്പോൾ കാണാം ലോകം കീഴ്മേൽ മറിക്കുന്ന പല മാററങ്ങളും സംഭവിക്കുന്നതു് വൻതരത്തിലുള്ള പല വ്യവസായങ്ങളും നശിക്കും; പല രാജ്യങ്ങളിലേയും സാമ്പത്തികപ്രവൎത്തനം സ്തംഭിച്ച നിലയിലാവും. ഗവണ്മെൻറുകളുടെ ബഡ്ജററു് ബാലൻസുചെയ്യാൻ സാധിക്കാതെവരുന്നതും, പരിഷ്കാരചക്രത്തിൻെറ കറക്കം നിലയ്ക്കുന്നതും നിങ്ങൾക്കപ്പോൾ കാണാൻ കഴിയും. ഫാഷൻ നിലനിൎത്തുന്നതിനാവശ്യമായ പട്ടുകളും കൃത്രിമപ്പട്ടുകളുമാണു്, മഞ്ചൂറിയയെ ജയിക്കാൻ ജപ്പാനു വേണ്ട പണ്ടുണ്ടാക്കിക്കൊടുത്തതെന്നും ഏഷ്യയുടെ ആധിപത്യം വഹിക്കുന്നതിനു അവരെ മുന്നോട്ടു തള്ളിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും അധികമാരും ഓൎമ്മിക്കുന്നില്ല. വ്യാവസായികരാജ്യങ്ങളിലെ മുഖ്യ വ്യവസായങ്ങളെല്ലാം ഇന്നു 'ഫാഷ'നുവേണ്ടി നടത്തപ്പെടുന്നവമാത്രമാണു്. ഫാഷൻ ഇല്ലാതാക്കുക; വ്യവസായവും അവിടെ അസ്തമിക്കും.

ലിപ്സ്റ്റിക്ക് (ചുണ്ടിന്മേൽ തേയ്ക്കുന്ന ചായം), സിൽക്ക്സ്റ്റോക്കിങ്ങ് എന്നിവ നിരോധിച്ച് നാസിഗവണ്മെൻറു ജർമ്മൻ വനിതകളുടെ ആകർഷകത്വം കുറച്ചതു്, ഇററലിയിലെ സർവ്വാധിപതിയായ മുസ്സോളിനിയെ വേദനപ്പെടുത്തുമെന്നു ആരെങ്കിലും വിചാരിച്ചിരുന്നതാണോ? ജർമ്മനിയിലെ ഫാഷൻസാമ്രാജ്യത്തിൽ ഇററലിയും ചില ചില്ലറക്കച്ചവടങ്ങൾ നടത്തിക്കൊണ്ടാണിരിക്കുന്നതു്. ഫാഷനെതിരായുള്ള പ്രചരണവേല ജൎമ്മനിയിൽ ഫലപ്പെട്ടാൽ, ഇററലിയുടെ കൃത്രിമപ്പട്ടുവ്യവസായവും ഉടഞ്ഞുതകൎന്നുപോവും. മുസ്സോളിനിതന്നെ, ഫാഷൻ കൂട്ടുകെട്ടിലേക്കു ഈയിടമാത്രം പരിവൎത്തനം ചെയ്യപ്പെട്ട ഒരാളാണു്. ഫ്റെഞ്ചുഫാഷൻെറ സ്വാധീനശക്തി ഇററലിയിൽ ഇല്ലാതാക്കുവാനും ഇററാലിയൻഫാഷൻ നടപ്പിൽവരുത്താനും ആദ്യകാലത്തു മുസ്സോളിനി എന്തൊക്കെ പാടുപെട്ടിട്ടുണ്ടു്! മേൽക്കുപ്പായങ്ങളുടെ രീതി ഇന്നതായിരിക്കണമെന്നുകാണിച്ച് അദ്ദേഹം അംഗീകൃതങ്ങളായ മാതൃകകൾപോലും പ്രചരിപ്പിച്ചു. ഇററലിയിലെ സൗന്ദൎയ്യധാമങ്ങൾ, ഈ ഭയങ്കരവേഷംകെട്ടാൻ നിർബന്ധിക്കുന്ന മുസ്സോളിനിയെ രാവുംപകലും ശപിച്ചുകൊണ്ടാണിരുന്നതു് ഒടുവിൽ ഫാസിസ്റ്റ്ഇററലിയിലെസ്ത്രീകൾ ഒഴുക്കൻരീതിയിലുള്ള താപസവേഷം കൈക്കൊള്ളേണ്ടതില്ലെന്നുതന്നെ മുസ്സോളിനിക്കു സമ്മതിക്കേണ്ടതായിവന്നു. ഫാഷൻെറ പരിപൂൎണ്ണമാതൃകയായ മുസ്സോളിനിയുടെ മൂത്തപുത്രി അച്ഛനെ സ്വന്തംകളരിയിൽ കുറച്ചുകാലം അഭ്യസിപ്പിച്ചതായിരിക്കണം ഈ മനംമാററത്തിൻെറ ഹേതു.

സൌന്ദൎയ്യവൎദ്ധനയ്ക്കുള്ള വിവിധങ്ങളായ 7,000-സാധനങ്ങൾ ഇന്നു മാൎക്കററിലുണ്ടെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. 50,000,000-പവൻ വിലയ്ക്കുള്ള ഇത്തരം സാമഗ്രികൾ കൊല്ലംതോറും ബ്രിട്ടൻെറമാൎക്കററുകളിൽ വിററഴിയുന്നു. ഇംഗ്ലണ്ടിൽ പതിനഞ്ചിനും അറുപതിനുംമദ്ധ്യേ പ്രായമുള്ള 13,000,000-സ്ത്രീകൾ 60,000,000 'ലിപ്സ്റ്റിക്കു'കൾ ഒരുകൊല്ലത്തിൽ ഉപയോഗിക്കുന്നു. അമേരിക്കയിലെ സ്ഥിതി ഇതിനേക്കാൾ മേലേയാണു്. മുഖം അലങ്കരിക്കുന്നതിനുള്ള സാമഗ്രികളടങ്ങിയ 100,000,000-പാക്കററുകൾ അമേരിക്കൻമാൎക്കററുകളിൽ കൊല്ലംതോറുംചെലവാവുന്നുണ്ടത്രെ. 21-വയസ്സിനുമേൽ പ്രായമുള്ള അമേരിക്കയിലെ മൂന്നുകോടിസ്ത്രീകൾ, സൗന്ദൎയ്യവൎദ്ധനയ്ക്കായുള്ള സാമഗ്രികൾക്കുമാത്രമായി ദിവസം ഒന്നിനു 50-ലക്ഷം ഡാളർ ചെലവിടുന്നു. സ്ത്രീകളുടെ തലമുടി ശരപ്പെടുത്തുന്ന ജോലിക്കു് ഒരുകൊല്ലത്തിൽ ചെലവാവുന്നതു് 90,000,000 പവനുമാണു്!

---

ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വൎണ്ണമെഡലുകൾകിട്ടിയിട്ടുള്ള
ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാൎക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേൎയ്യതുകൾ, ഉടപ്പുമുണ്ടുകൾ, പലതരം തോൎത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

# പാചകകല.

എസ്സ്. എ. പിള്ള, കടയ്ക്കൽ.

രണ്ടാംഭാഗം (തുടച്ച്.)

## സാമ്പാർ

സാമ്പാറെന്നു കേൾക്കുമ്പോൾ ഒരു വലിയ കൂട്ടാനാണെന്നു തോന്നാം. പക്ഷെ പാചകത്തിനു വളരെ ലഘുവായ ഒരു കറിയാണെന്നു എവക്കും അറിയാവുന്നതാണു്. ഇതിനു അല്പം പ്രയാസമുണ്ടെന്നു തോന്നുന്നപക്ഷം ഇതിലേക്കു തയാറാക്കുന്ന പൊടിയുടെ പാകരീതിയിലായിരിക്കണം. പൊടി പാകത്തിനു പററിയില്ലെങ്കിൽ രുചയും ശരിക്കു പററുകയില്ലതന്നെ. അതിനാൽ ഇതിലേക്കു വേണ്ട പൊടിതന്നെയാണു ആദ്യം പാകപ്പെടുത്തേണ്ടതു. മററൊന്നും സാരമില്ല വിഷമംരീൻ എന്നഭിമാനിക്കയുംചെയ്യാം. പിന്നെ സാമ്പാറിനു യോജിച്ച കഷണങ്ങൾ തിരഞ്ഞെടുക്കുന്ന കാര്യവുമുണ്ടു്. അതൊരു മഹാകാര്യമല്ല. അല്പം യുക്തിമാത്രമെ ഇതിനു വേണ്ടു

കൊത്തമല്ലിയും വററൽമുളകും വെളിച്ചെണ്ണമയം നല്ലതുപോലെ പിരട്ടി കരിഞ്ഞുപോകാതെ ചുവക്കെവറുത്തു് നേമ്മയായി കല്ലുരലിൽ തട്ടി ഇടിച്ച് സൂക്ഷിച്ചുകൊള്ളണം. ഇതാണു ഇതിനുള്ള പൊടി ഇപ്രകാരം നേരത്തെ കരുത സൂക്ഷിച്ചിരുന്നാൽ ആവശപ്പെടുമ്പോൾ സാംഭാറായി പക്ഷെ തക്കകഷണങ്ങൾ സൗകര്യത്തിനു ആവശ്യപ്പെടുമ്പോൾ കിട്ടുകയുംവേണം. മുളകും മല്ലിയും ഒന്നിച്ചിട്ടുവറുത്താൽ പാകം ശരിപ്പെട്ടുകിട്ടുകയില്ല. പ്രത്യേകം പ്രത്യേകംതന്നെ വറുക്കണം. പൊടിച്ചെടുത്താൽ മുളകുപൊടിയുടെ മുക്കാൽപങ്കിൽ കുറയാതെ മല്ലിപ്പൊടി വരത്തക്കവണ്ണം പരിമാണംകണ്ടു വറുത്തുകൊള്ളേണ്ടതും ആവശ്യമാണു്. വറുത്തുതീരുന്നതുവരേയും ഉരലിൽ തട്ടുന്നതുവരേയും തണിക്കൊണ്ടു് ശരിയായി ഇളക്കിക്കൊൾകയും വേണം. ഇതു് മഹാരാഷ്ട്രരീതിയിലുള്ള പൊടിയാകുന്നു. വേറൊരുപാകത്തിൽ അല്പം ഉലുവാകൂടി ചേത്തു വറുത്തുപൊടിച്ച് യോജിപ്പിക്കുന്നമുണ്ടു്. അതു എങ്ങനേയും ആകട്ടെ മഹാരാഷ്ട്രപാകം അനുസരിച്ചാണല്ലൊ ഈ ഭാഗം തുടങ്ങിയതു്. അതുകൊണ്ടു അതിനു വ്യത്യാസം വരുത്തുന്നതു നന്നല്ല. ഈ രീതിയിൽ പ്രധാനമായി നാലു സാമ്പാറുകളാണുള്ളതു്. അവ ഓരോന്നായി ഇവിടെ പ്രസ്താവിക്കാം.

1. ഡാളിച്സ്സാമ്പാർ—ഇതിനു തുവരപ്പരിപ്പിനുപുറമെ താഴെപറയുന്ന കഷണങ്ങളെ ഓരോ വകയായിട്ടല്ലാതെ വേറൊരുകൂട്ടത്തിൽനിന്നും കൂടി കലത്തിൽ ഉപയോഗിച്ചു കൂടാത്തതാകുന്നു. യോജിപ്പുള്ള വയെമാത്രം ഓരോ അടുക്കുകളാക്കി നമ്പരിട്ടു് ഇവിടെ ചേക്കുന്നു:—

1. മുരങ്ങയ്ക്കാ, ഉള്ളി, കത്തിരിക്കാ, ഇവ മൂന്നുംചേത്തു് (ഇതിൽ ഒന്നില്ലെങ്കിൽ മററു രണ്ടുകൂട്ടം മതി)

2. വെണ്ടയ്ക്കാമാത്രം

3. മുള്ളങ്കിക്കിഴങ്ങും ഉള്ളിയുംചേത്തു്.

4. മുരിങ്ങയ്ക്കാ, കത്തിരിയ്ക്കാ, മുള്ളങ്കിക്കിഴങ്ങ്, ഉള്ളി, ഇവ നാലും ഒന്നിച്ചുചേത്തു.

5. ചീനിഅവരയ്ക്കാമാത്രം

6. കുമ്പളങ്ങാമാത്രം

7. പിഞ്ചായുള്ള മത്തങ്ങാമാത്രം

8 വെള്ളരിക്കാമാത്രം

മേൽകാണിച്ചിരിക്കുന്ന എട്ടുപ്രകാരത്തിൽ ഓരോകൂട്ടങ്ങളെയല്ലാതെ ഒന്നിനോടു് മറെറാന്നു് യോജിപ്പിക്കരുതു്

മനോഹരമായും വൃത്തിയായും കഷണങ്ങൾ നുറുക്കിക്കൊള്ളണം. മിക്കവാറും തുല്യവലിപ്പത്തിൽ കഷണമാക്കി നുറുക്കി ശരിയായി ശുദ്ധചെയ്തുവച്ചുകൊള്ളണം. സാമ്പാറിനു് കഷണങ്ങൾ കുറഞ്ഞും പരിപ്പുകൂടിയുമിരിക്കണം എങ്കിലല്ലാതെ ശരിയായ സ്വാദുണ്ടാകയില്ല നല്ല തുവരപ്പരിപ്പ് പാററി കല്ലു കളഞ്ഞു് ശുദ്ധജലത്തിൽ വേവിക്കണം പരിപ്പു മുക്കാൽവേവാകുമ്പോൾ കഷണങ്ങൾ ഇട്ടു് ഉപ്പും പുളിയും കലക്കിച്ചേക്കണം വീണ്ടും തിളച്ചുവേകുമ്പോൾ വാങ്ങിവച്ചു് പൊടിയിട്ടു് ഇളക്കി കടുകുവറുക്കണം. കായം പൊരിച്ചു് സാംഭാറിന്റെ വെള്ളത്തിൽതന്നെ കലക്കിചേത്തുകൊള്ളണം പച്ചക്കൊത്തമല്ലിയുംചേത്തു അടച്ചുവച്ചിരുന്നാൽ നല്ല സ്വാദും സുഗന്ധവുംതികഞ്ഞ ഒരു സാംഭാറായി.

പരിപ്പ് അധികംചേക്കാത്തസാമ്പാറുകൾക്കു് ഉണക്കലരി നേമ്മയായി തിരുകി പൊടിച്ചിട്ടുള്ള മാവു് കലക്കിഒഴിച്ചു് കൊഴുപ്പിക്കുവുന്നതാണു് ഇത ശരിയായ ഒരു മാർഗ്ഗമല്ലെങ്കിലും ദ്രാവിഡപാകത്തിൽ ഈ പ്രയോഗം നടപ്പിലിരിക്കുന്നുണ്ടു്. കറിക്കു കൊഴുപ്പുണ്ടാക്കുക, ഒരു പ്രത്യേകസ്വാദുവരുത്തുക, എന്നീ രണ്ടു ഉദ്ദേശങ്ങൾക്കും ഈ വിദ്യ പററിയതുതന്നെ. അപ്രകാരം മാവു് ചേക്കമെന്നുവിചാരിക്കുന്നപക്ഷം കഷണങ്ങൾ വെന്തു കഴിഞ്ഞാൽ ഉടൻ പ്രയോഗിച്ചുകൊള്ളണം

2. മേഥ്യാസാംഭാർ ഇതിന്റെ പ്രധാനകഷണം പരിപ്പിനുപകരം ഉലുവായാണു് അതിനാൽ ഉലുവാ അധികംഇട്ടു് വററൽമുളകുംചേത്തു വെളിച്ചെണ്ണയിൽ കടുകവറുത്തു അതിൽ ഉപ്പും പുളിയും കലക്കി ഒഴിച്ചു് തിളച്ചുവെന്തതിൽപിന്നീടു് കൊഴുപ്പിനായി അല്പം മാവുംചേത്തു് ഒന്നുകൂടി തിളപ്പിച്ചുവാങ്ങി കായംപൊരിച്ചു കലക്കി പച്ചക്കൊത്തമല്ലിയും അൽപം ശക്കരയും ചേത്തുകൊള്ളണം. കടുകുവറുപ്പു് ഇതിനു പ്രാരംഭമായിനടക്കുന്നതുകൊണ്ടു ഒടുവിൽ ആ കൃത്യത്തിന്റെ ആവശ്യമില്ല ഇതിനു പൊടിചേക്കേണ്ടതായിട്ടുമില്ലെന്നറിഞ്ഞുകൊള്ളണം.

3. ഗോഡ്സാമ്പാർ—തുവരപ്പരിപ്പു ശുദ്ധജലത്തിൽ കുതിത്തു് അരിച്ചു കല്ലുപോക്കി അതും പച്ചമുളകും ജീരകവും ചേത്തു് അധികംവെള്ളം ചേക്കാതെ നേമ്മയായി അരച്ചു് പാകത്തിനു ഉപ്പുംപുളിയും കലക്കിയവെള്ളത്തിൽ ശരിയായി യോജിപ്പിക്കണം പിന്നീടു് അതു അടുപ്പിൽവച്ചു നല്ലതുപോലെ തിളച്ചു വെന്തുകഴിഞ്ഞാൽ കടുകുവറുത്തു കായംപൊരിച്ചു് ചേത്തു പച്ചക്കൊത്തമല്ലിയും ഇട്ടുകൊള്ളണം. ഇതിനും പൊടിചേക്കരുതു്. അരച്ചുകലക്കി പാകപ്പെടുത്തുന്നതുകൊണ്ടു കൊഴുപ്പും രുചിയും കൂടുതൽ ഉണ്ടായിരിക്കുന്നതാണു്.

(4) ചിസുപ്പുക്കടിസാമ്പാർ—തുവരപ്പരിപ്പു കുതിത്തരച്ചു ശുദ്ധജലത്തിൽ ഉപ്പും പുളിയും കലക്കി തിളയ്ക്കുമ്പോൾ അരച്ചു പാകമാക്കി വച്ചിരിക്കുന്ന പരിപ്പു പുന്നയ്ക്കയോളം വലുപ്പത്തിൽ ഉരുട്ട ഇട്ടു നല്ലതുപോലെ തിളപ്പിക്കണം. വെള്ളം അപ്പോൾ ഏകദേശം കുഴമ്പുപ്രായത്തിലാകും. പിന്നീടു കടുകുവറുത്തു കായവും (പൊരിച്ചു) പച്ചക്കൊത്തമല്ലിയും ചേത്തുകൊള്ളണം. ഇതു അധികം രുചിപ്രദമായിരിക്കും. ഇതിനു പൊടി വർജ്ജ്യമാകുന്നു.

## പിടേള്.

ഇതും മഹാരാഷ്ട്രപാകപ്രകാരമുള്ള പാചകംതന്നെ. ഇതിനു താഴെപ്പറയുന്ന സസ്യങ്ങൾ മാത്രമേ കഷണമാക്കാവൂ. കൂടാതെ ഓരോന്നും തനിച്ചല്ലാതെ ഒന്നിനോടു മറെറാന്നു കൂട്ടിച്ചേക്കുവാനും പാടില്ല

ഇതിലേക്കുള്ള പ്രധാന സാധനങ്ങൾ.

( ) പാവയ്ക്കാ (') ചേന (3) കീരത്തണ്ടു് (4) അവരയ്ക്കാ (5) ചിനഅവരയ്ക്കാ (6) പാവലങ്ങാ (7) മുരിങ്ങയ്ക്കാ (8) കത്തിരിക്കാ ഇവയാകുന്നു ഇതിൽ ഇഷ്ടാനുസരണം, ആവശ്യമനുസരിച്ചു ഏതെങ്കിലും ഒന്നു ഉപയോഗിച്ചുകൊള്ളണം.

പിടേള് നമ്പർ 1. തുവരപ്പരിപ്പു ശുദ്ധിചെയ്തു പാകത്തിനു വെള്ളം ഒഴിച്ചു മുക്കാൽ വേവാക്കണം പിന്നീടു അതിൽ കഷണം ശരിയായി കഴുകി ചേക്കണം. പിന്നീടു ഉപ്പും പുളിയും കലക്കിചേക്കുന്നതിനോടുകൂടിത്തന്നെ നമുളക്, വററൽമുളക്, ഉഴന്നുപരിപ്പ്, കൊത്തമല്ലി ഇവ എണ്ണപിരട്ടിയും അല്പം തേങ്ങാ തിരുകി ആയതു എണ്ണപിരട്ടാതെയും പ്രത്യേകം പ്രത്യേകം വറുത്തു അരച്ചു കലക്കിഒഴിച്ചു കഷണം ശരിയായി വെന്തതിൽപിന്നീടു സാംഭാറിനെന്നപോലെ കടുകുവറുത്തുകൊള്ളണം.

പിടേള് നമ്പർ 2. പരിപ്പു ശുദ്ധജലത്തിൽ വേവിച്ചു കഷണം ഇടുന്നതിനോടു കൂടി അല്പം മഞ്ഞൾ പൊടിച്ചോ അരച്ചോ കലക്കി ഉപ്പുംചേത്തു രസത്തിനുള്ള പൊടിയും (രസത്തിന്റെ പാചകരീതിയിൽ ഈ പൊടിയുടെ യോഗം ശരിയായി വിവരിച്ചിട്ടുണ്ടു്.) ഇട്ടുകൊള്ളണം. പുളി

ചേക്കരുതു്. തിളച്ചു കഷണം വെന്തുകഴിഞ്ഞാൽ ഉഴുന്നുപരിപ്പും അല്പം തിരുകിയ തേങ്ങായും കടുകും കറിവേപ്പിലയും ചേൎത്തു വെളിച്ചെണ്ണയിൽ കടുകുവറുത്തു പച്ചക്കായം അരച്ചുചേൎത്തുകൊള്ളണം. ഇതിൽ പൊടിയിടുമ്പോഴും അല്പം തേങ്ങാ വറുത്തു ജീരകംകൂടിചേൎത്തു അരച്ചുകലക്കി ഒഴിച്ചും വേവിക്കാം ഇപ്രകാരം ചെയ്യുന്നപക്ഷം കടുകുവറുപ്പിൽ തേങ്ങാ ചേൎത്തുകൂടാത്തതാകുന്നു.

പിട്'ള്' നമ്പർ 3. ഇതിൽ തുവരപ്പരിപ്പിനു പകരം ചെറുപരിപ്പു ചേൎത്താണു പാകംചെയ്യേണ്ടതു്. ചെറുപരിപ്പും ഇഷ്ടാനുസരണമുള്ള ഏതെങ്കിലും ഒരു കഷണവും രസത്തിനുള്ള പൊടിയും ഒന്നിച്ചു ശുദ്ധജലത്തിൽ ഇട്ടു തിളപ്പിച്ചു ശരിയായി യോജിപ്പിച്ചു വെന്തതിൽപിന്നീടു ഉപ്പു ചേക്കണം കൊഴുപ്പിനുവേണ്ടിമാത്രം അല്പം മാവുകലക്കിഒഴിച്ചു തിളപ്പിച്ചുകൊള്ളണം. പിന്നീടു സാംഭാറിനെന്നപോലെ കടുകുവറുത്തു പച്ചക്കായവും ചേക്കണം.

പിട്'ള്' നമ്പർ 4. നല്ലമുളകും, വററൽമുളകും, ഉഴുന്നുപരിപ്പും, കൊത്തമല്ലിയും എണ്ണപിരട്ടിയും അല്പം തേങ്ങാ ചുരണ്ടി എണ്ണപിരട്ടാതെയും പ്രത്യേകം പ്രത്യേകം വറുത്തു ഒന്നിച്ചുചേൎത്തരച്ചു ശുദ്ധജലത്തിൽകലക്കി ഉപ്പും പുളിയും ചേൎത്തു മുൻപ്രസ്താവിച്ചതിൽ ഏതെങ്കിലും ഒരു കഷണവും ഇട്ടു തിളച്ചു കൊഴുക്കുമ്പോൾ സാംഭാറിനെന്നപോലെ കടുകുവറുത്തുകൊള്ളണം.

---

1. അംബട്ട്'ഭാജി — ഇതിനു തുവരൻപരിപ്പു ശുദ്ധജലത്തിൽ വേവിക്കണം. അതിൽ അറക്കീരയോ, തണ്ടൻകീരയുടെ ഇലയൊ, ചെറുതായി അരിഞ്ഞിട്ടു പാകത്തിനു ഉപ്പും പുളിയും ചേൎത്തുകൊള്ളണം. പച്ചമുളകു രണ്ടായി മുറിച്ചിട്ടുകൊള്ളാവുന്നതുമാണു്. തിളച്ചു കീര വെന്തുകഴിഞ്ഞാൽ കൊഴുപ്പിനു അല്പം മാവുകലക്കിഒഴിച്ചു വീണ്ടും തിളപ്പിച്ചു സാംഭാറിനെന്നവണ്ണം കടുകുവറുത്തു പൊരിച്ച കായവും പച്ചക്കൊത്തമല്ലിയും ചേക്കണം.

2 സപ്പക്ക് ഭാജി - ചെറുപരിപ്പും അരിഞ്ഞ കീരഇലയുംകൂടി രസപ്പൊടിയും ചേൎത്തു ശുദ്ധജലത്തിൽ വേവിക്കണം. പിന്നീടു ഉഴുന്നുപരിപ്പും അല്പം ചുരണ്ടിയ തേങ്ങായും കടുകും കറിവേപ്പിലയും ചേൎത്തു വെളിച്ചെണ്ണയിൽ കടുകവറുത്തു കായവും പച്ചക്കറിവേപ്പിലയുംകൂടി ഇട്ടുകൊണ്ടാൽമതി.

### റേസ്സ

ഇതിനു വെണ്ടയ്ക്കാ, മുരിങ്ങയ്ക്കാ, കത്തിരിക്കാ എന്നിവയിൽ ഏതെങ്കിലും ഓരോന്നു മാത്രമേ കഷണമാക്കാൻ പാടുള്ളു. ഇവയിൽ ഓരോന്നിനോടും പച്ചമുളകുകൂടിചേൎത്തുകൊള്ളേണ്ടതു നിർബന്ധമായ സംഗതിയാകുന്നു. വട്ടകപ്പുളിനാരങ്ങാ, മാങ്ങാ, നെല്ലിക്കാ, ഇവകൊണ്ടും റേസ്സ് ചെയ്യുന്ന പതിവുണ്ടു്. ഏതു കഷണങ്ങളെക്കൊണ്ടായാലും പാകരീതിയിൽ വ്യത്യാസമൊന്നുമില്ല. മാങ്ങയും, മുരിങ്ങക്കായും ഒഴികെ ബാക്കിയുള്ള കഷണങ്ങൾ പാകംചെയ്യുന്നതിനു മുമ്പു എണ്ണയിൽ അല്പം വാട്ടുക്കൊള്ളണം നാരങ്ങാ, മാങ്ങാ, നെല്ലിക്കാ ഇവ മൂന്നും ഒന്നിച്ചുചേൎത്തും, നെല്ലിക്കായും വെണ്ടക്കായുംചേൎത്തും കഷണമാക്കാവുന്നതാണു്. എങ്കിലും ഒററഒററ കഷണങ്ങൾ ചേൎത്തു പാകംചെയ്യുന്ന റേസ്സിനോളം കൂട്ടു റേസ്സിനു സ്വാദുണ്ടായിരിക്കയില്ലതന്നെ

റേസ്സിനുള്ള കഷണം എണ്ണയിൽ വാട്ടണം പിന്നീടു അതിൽ ഉപ്പും പുളിയും കലക്കിചേൎത്തു അല്പം ശക്കരയും ഇട്ടുകൊള്ളണം. നല്ലതുപോലെ തിളച്ചതിൽപിന്നീടു മാവുകലക്കിഒഴിച്ചു ശരിയായി കൊഴുക്കണം അതിൽപിന്നീടു ഉഴുന്നുപരിപ്പും, കൊത്തമല്ലിയും വററൽമുളകും എണ്ണപിരട്ടി പ്രത്യേകംപ്രത്യേകം വറുത്തു അരച്ചോ പൊടിച്ചോ ചേൎത്തു സാമ്പാറിനെന്നപോലെ കടുകുവറുത്തുകൊണ്ടാൽമതി

(തുടരും)

---


## ഭ്രാന്തി പോയ വഴിയേ!

സംഭ്രമജനകമായ
ഒരു ഡിററക്ടീവുനോവൽ.

വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.

വില ണ 8

"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം.



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 - 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.

SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിന്നു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരൽലിണി മുഴകാലിക്കോബയന്റു് | 1 | 0 | 0 |
| സാധാരണബയന്റു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കററുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---


ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

**ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ**

ഹാഫ്ടോൺബ്ലാക്കുകൾ, ലൈൻബ്ലാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ലാക്കുകൾ മുതലായവ പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേററിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ലാക്കുനിർമ്മാണശാല ഇതുമാത്രം.**

അപേക്ഷിക്കേണ്ടും മേൽവിലാസം;— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ്. സ്റ്റുഡിയോ—കൊല്ലം.

# THE MALAYALA RAJYAM

24th DEC. 1934. **CHITRAVARIKA.** Vol. VII No 16



## ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കററുകൾ ലഭിച്ച
ആരോഗ്യസുധ എന്ന

## കാമണാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറെറല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിനു് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്കു് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ദുരഭ്യാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിയുരുക്കം, മേഹപ്പോക്കു്, പഴുപ്പുപോക്കു്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിനു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിനു് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിനു് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞു്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോടു് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മംകൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

## പിത്തകുലാന്തകൻ.

പിത്തരോഗികൾക്കു് ഒരു വലിയ
അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പു്, ദേഹം എല്ലായ്പ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണു്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളർച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പു്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണു്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാളീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ടു്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.


Printed and Published by K. Raghavan Pillai at the Sri Rama Vilas Press. Quilon. Editor K. G. Sanker.